# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 5
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ആഗസ്റ്റ് 2012



## വ്രതവും കടന്ന് പെരുന്നാൾ മധുരം...

## ഓണം ഓർമ്മപ്പെടുത്തുന്നത്

സമൃദ്ധിയും സമത്വവും സന്തുഷ്ടിയും ഇണങ്ങിച്ചേരുന്ന ഒരു സാമൂഹികാവസ്ഥയെക്കുറിച്ചുള്ള സങ്കല്പനങ്ങളാണ് ഓണത്തെ ഹൃദയഹാരിയാക്കുന്നത്. ചരിത്രവും ഐതിഹ്യവും പുരാണവും എല്ലാം അതിന്റെ പിന്നിൽ ഇഴപാകിയിട്ടുണ്ട്. ഭൂതകാലസ്മരണകളുടെ ഭാവമൂർച്ചകൾ മാത്രമല്ല, ഓണത്തെ ചേതോഹരമാക്കുന്നത്, വർത്തമാനവും ഭാവിയും ഓർമ്മപ്പെടുത്തുന്നു ഓണാഘോഷത്തിന്റെ ഓരോ അംശവും.



## കരിക്കിനേകാം വരവേൽപ്പ്






# ഉള്ളടക്കം



5 എഡിറ്ററുടെ പേജ്



6 ഓണം ഇനിയും വരും
ഡോ. എം കെ മുനീർ

8 ഓണം ഓർമ്മപ്പെടുത്തുന്നത്
ഡോ. ജോസ് പാറക്കടവിൽ



10 കരിക്കിനേകാം വരവേൽപ്പ്
വി.എസ്. ലാലി

12 ഓണം ഉണ്ണുമ്പോൾ ഇതുകൂടി ഓർക്കണം
ആർ. ഹേലി



14 ശുചിത്വം: ഒരു താനാളൂർ മാതൃക
യു.കെ. പീതാംബരൻ

16 ശ്രീശക്തി വെബ്പോർട്ടൽ: സ്ത്രീപദവി പഠനത്തിന് കുടുംബശ്രീയുടെ പുതിയ വേദി
അജിത് വെണ്ണിയൂർ

18 കാസർഗോഡിന് ബഹുമതി
ഡോ. എം. ഷംസുദ്ദീൻ

20 തുമ്പമൺ: ഇവിടെ സേവനങ്ങൾ ഇ-ഗവേണൻസിലൂടെ
എം. സെയ്ദ്



22 ഇ-ഗവേണൻസ് ന്യൂസ്

24 പഞ്ചായത്തുതല വിവര ശേഖരത്തിന്റെ പ്രസക്തി
ഡോ. സി. പ്രദീപ്



28 45-ാമത് അന്താരാഷ്ട്ര കൊക്കോ ടെക്ക് സമ്മേളനം: ഒരവലോകനം
മിനി മാത്യു

32 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്



33 കാതുകൾക്ക് കൗതുകമായി മീന




34 വ്രതവും കടന്ന് പെരുന്നാൾ മധുരം...
നജീബ് കാന്തപുരം



36 ഓണം ചലച്ചിത്ര ഗാനങ്ങളിൽ
കെ.എൽ. ശ്രീകൃഷ്ണദാസ്

38 മാവേലി..... അപ്പോൾ ശുഭയാത്ര
രാജു മാത്യൂ



40 തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ




## സ്വാശ്രയ പഞ്ചായത്ത്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച ജൂലൈ ലക്കം പഞ്ചായത്ത് രാജ് മാസിക ശ്രദ്ധേയമായി. ഒമ്പതാം പദ്ധതി മുതൽ സംസ്ഥാന പദ്ധതി വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുവെങ്കിലും അവ വിനിയോഗിച്ചുള്ള പദ്ധതി രൂപീകരണത്തിന് നിരവധി തടസ്സങ്ങളുണ്ടായിരുന്നു. അതു പരിഹരിക്കുന്നതിനും പഞ്ചായത്തുകൾക്ക് പദ്ധതിരൂപീകരണത്തിൽ കൂടുതൽ സ്വാതന്ത്ര്യമനുവദിക്കുന്നതിനും പുതിയ മാർഗ്ഗരേഖയിൽ ധാരാളം വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾതന്നെ അവയുടെ ഉത്തരവാദിത്വങ്ങളും വർദ്ധിച്ചിരിക്കുകയാണെന്ന വസ്തുത വിസ്മരിക്കരുത്. തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ ഒരു യൂണിറ്റായിക്കണ്ട് എല്ലാ മേഖലകളുടെയും സർവ്വജനങ്ങളുടെയും ആവശ്യങ്ങൾ കണക്കിലെടുത്ത് അവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികളാണ് പഞ്ചവത്സര പദ്ധതിയിൽ തയ്യാറാക്കേണ്ടത്. അതുകൊണ്ടുതന്നെ പദ്ധതി ആസൂത്രണത്തിൽ പഞ്ചായത്തുകൾ ഒരു പ്രൊഫഷണൽ സമീപനം കൈക്കൊള്ളേണ്ടതുണ്ട്. ആ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ സമഗ്രവികസനം സാധ്യമാകൂ. സ്വാശ്രയപഞ്ചായത്തുകൾ എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് മുന്നേറാൻ കഴിയൂ.

***കെ. മത്തായി***, കൂവപ്പടി, പെരുമ്പാവൂർ

# കുടുംബശ്രീ സംഘകൃഷി ലാൻഡ് ബാങ്ക് രൂപീകരിക്കും: മുഖ്യമന്ത്രി

സംസ്ഥാനത്ത് ലഭ്യമായ തരിശുഭൂമി കണ്ടെത്തി കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നതിന് ലാൻഡ് ബാങ്ക് സംവിധാനം ഏർപ്പെടുത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുമെന്നും അദ്ദേഹം അറിയിച്ചു. സംഘകൃഷി സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി കുടുംബശ്രീ നിയോഗിച്ച ഉപസമിതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ ബാങ്കുകൾ വഴി കുറഞ്ഞ പലിശ നിരക്കിൽ സംഘകൃഷി സംരംഭകർക്ക് അനായാസം വായ്പകൾ ലഭ്യമാകുന്നതിന് സത്വര നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ മൂന്നു ശതമാനവും സംസ്ഥാന സർക്കാരിന്റെ അഞ്ച് ശതമാനവും ഉൾപ്പെടെ എട്ട് ശതമാനം സബ്സിഡിയോടെയാണ് വായ്പ ലഭ്യമാക്കുക. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മുഴുവൻ പലിശയും ഒഴിവാക്കും. താലൂക്ക് അടിസ്ഥാനത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ മുൻകൈയെടുക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കുടുംബശ്രീ പ്രവർത്തനങ്ങളിൽ മുന്തിയ പരിഗണന നൽകുമെന്ന് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. കേരളത്തിൽ ഇപ്പോൾ 47665 സംഘകൃഷി ഗ്രൂപ്പുകളിലൂടെ രണ്ടരലക്ഷം വനിതാ കർഷകർ 47278 ഹെക്ടർ ഭൂമിയിൽ ഭക്ഷ്യോത്പാദനം നടത്തിവരുന്നതായും അദ്ദേഹം അറിയിച്ചു. കുടുംബശ്രീയുടെ മികച്ച സംഘകൃഷി സംരംഭകർക്ക് സംസ്ഥാന ജില്ലാതല പുരസ്കാരങ്ങൾ നൽകുമെന്ന് കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനൻ അറിയിച്ചു. യോഗത്തിൽ നഗരകാര്യവകുപ്പു മന്ത്രി മഞ്ഞളാംകുഴി അലി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അരുണ സുന്ദരരാജൻ. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ. മനോജ്കുമാർ, കൃഷി വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, സഹകരണ വകുപ്പ് സെക്രട്ടറി വി.എം. ഗോപാലമേനോൻ, കുടുംബശ്രീ ഡയറക്ടർ പി.കെ. തോമസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സുരേശൻ, ഉപസമിതി അംഗങ്ങളായ അഡ്വ. ബിന്ദു കൃഷ്ണ, എസ്.പി. കുഞ്ഞഹമ്മദ്, എം. അബ്ദുള്ളക്കുട്ടി എന്നിവർ പങ്കെടുത്തു.



*കുടുംബശ്രീ ഗവേണിങ് ബോഡി യോഗം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്നപ്പോൾ. മന്ത്രിമാരായ ഡോ. എം.കെ. മുനീർ, മഞ്ഞളാംകുഴി അലി, കെ.പി. മോഹനൻ തുടങ്ങിയവർ സമീപം.*

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2012
പുസ്തകം 52
ലക്കം 5
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**റ്റി.കെ. മനോജ്കുമാർ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ജെ. സദാനന്ദൻ**
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)

എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
**ജെ. സദാനന്ദൻ**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേന

# പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

അധികാരവികേന്ദ്രീകരണത്തെ തുടർന്ന് ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലം മുതലാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ വലിയൊരളവു തുക വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി നൽകി തുടങ്ങിയത്. അതോടുകൂടി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവന്നിരുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നിർവഹണം നടത്തേണ്ട ഭാരിച്ച ചുമതലയും ഉത്തരവാദിത്വവും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വന്നുചേർന്നു. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ഒരു പുതിയ ആഡിറ്റ് സംവിധാനത്തിന് 1997ലെ പഞ്ചായത്ത്‌രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ മുഖേന രൂപം നൽകുകയുണ്ടായി. പ്രസ്തുത ചട്ടങ്ങൾ പ്രകാരം 2001 ജനുവരി 1ന് നിലവിൽ വന്നതാണ് പെർഫോമൻസ് ആഡിറ്റ് സംവിധാനം. കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ പെർഫോമൻസ് ആഡിറ്റ് നിലവിൽ വന്ന് ഒരു വ്യാഴവട്ടം കഴിഞ്ഞിരിക്കുന്നു. എന്നാൽ ചട്ടത്തിൽ വിവക്ഷിക്കുന്ന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റും മൊത്തത്തിലുള്ള പ്രവർത്തനവും ഗുണപരമായി ഉയർത്തുന്നതിന് പെർഫോമൻസ് ആഡിറ്റ് സംവിധാനത്തിന് എത്രമാത്രം കഴിഞ്ഞുവെന്നതിനെക്കുറിച്ച് ഒരു ആത്മപരിശോധന നടത്തുന്നത് ഉചിതമായിരിക്കും.

പെർഫോമൻസ് ആഡിറ്റ് ഒരു സ്റ്റാറ്റ്യൂട്ടറി ആഡിറ്റല്ല. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ പഞ്ചായത്തുകളുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിന്റെ വിലയിരുത്തലാണത്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പഞ്ചായത്തുകൾക്ക് സംഭവിക്കുന്ന തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാനും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയത്ത് അപാകതകൾ ഉണ്ടാകാതിരിക്കാനും ഉതകുന്നവിധമാണ് ആഡിറ്റ് നടത്തേണ്ടത്. അതിനുതകുന്ന സമീപനമാണ് പെർഫോമൻസ് ആഡിറ്റിൽ സ്വീകരിക്കേണ്ടത്. പക്ഷെ ദൗർഭാഗ്യകരമെന്ന് പറയട്ടെ പലയിടത്തും ഇതല്ല സംഭവിച്ചുകൊണ്ടിരിക്കുന്നത്. പലയിടങ്ങളിലും ഒരു ചടങ്ങായി മാത്രം ഇത് അരങ്ങേറുന്നു. മറ്റു ചിലയിടങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റുപോലെ റിപ്പോർട്ടുകൾ തയ്യാറാക്കി കെട്ടിവയ്ക്കുന്നു. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നടന്ന ഒറ്റപ്പെട്ട പരിശ്രമങ്ങൾ ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ഭൂരിഭാഗം സ്ഥലങ്ങളിലും നാം ഉദ്ദേശിച്ച ഫലം പെർഫോമൻസ് ആഡിറ്റ് മുഖേന സിദ്ധിച്ചിട്ടില്ല എന്നതാണ് വാസ്തവം.

കുറ്റം കണ്ടുപിടിക്കലല്ല പെർഫോമൻസ് ആഡിറ്റിന്റെ ലക്ഷ്യം. എന്നാൽ കുറ്റം കണ്ടുപിടിക്കരുതെന്നല്ല ഇതിന്റെ വിവക്ഷ. ധനാപഹരണം, പണത്തിന്റെ തിരിമറി തുടങ്ങിയ കാര്യങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെതന്നെ കാണണം. വർദ്ധിച്ച ജോലിഭാരം കാരണം പലപ്പോഴും രേഖകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിനും ഫ്രണ്ട് ആഫീസ് ഉൾപ്പെടെയുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും സേവനം സമയബന്ധിതമായി നൽകുന്നതിനുമൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തുകളുടെ കണക്കുകൾ, പണമിടപാടുകൾ, ഓഫീസ് പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് തെറ്റുകൾ ചൂണ്ടികാണിക്കുന്നതോടൊപ്പം അപാകതകൾ പരിഹരിക്കുകയും തെറ്റുകൾ ആവർത്തിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനുമുള്ള ബാദ്ധ്യതയും പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകൾക്കുണ്ട്.

മുൻപ് ബ്ലോക്കാഫീസിലുണ്ടായിരുന്ന പഞ്ചായത്ത് ഇൻസ്പെക്ടറും പിന്നീട് താലൂക്ക് പഞ്ചായത്ത് ആഫീസറും പഞ്ചായത്തുകളിൽ നടത്തിയിരുന്ന പ്രതിമാസ പരിശോധന അവയുടെ പ്രവർത്തനം പതിന്മടങ്ങ് മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിരുന്നു. പന്ത്രണ്ടാം പദ്ധതിയിൽ പഞ്ചായത്തുകൾക്ക് ലഭിച്ച സ്വാതന്ത്ര്യം അവയ്ക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ സർക്കാരിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമിടയിലെ കണ്ണിയായി പ്രവർത്തിക്കുന്ന പെർഫോമൻസ് ആഡിറ്റ് സംവിധാനത്തിന്റെ പ്രസക്തി മുമ്പെന്നത്തെക്കാളും വർദ്ധിച്ചിരിക്കുകയാണ്. അതുൾക്കൊണ്ടുകൊണ്ട് പഞ്ചായത്തുകൾക്ക് സഹായകമാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു.



# ഓണം ഇനിയും വരും



**ഡോ. എം കെ മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

ഓണം ഇനിയും വരും. വിഷു വരും. സംക്രാന്തി വരും. ഋതുക്കൾ മാറി മാറി വരും. ആഘോഷങ്ങളുടെ ചാക്രികത തുടരും. ഈദും ക്രിസ്മസും ഒക്കെ ഈ ചാക്രികതയിൽ വന്നുപോകും. മനുഷ്യരാശിയെ സന്തോഷഭരിതമാക്കുന്ന ആഘോഷ വേളകൾ. ഉത്സവ വേളകൾ എല്ലാവർക്കും ഒരുപോലെ. ഒരു മൊട്ട് വിടരുമ്പോൾ ഒരു വസന്തം വിടരുന്ന മാസ്മരികാഹ്ളാദം ഇവ നമുക്ക് സമ്മാനിക്കുന്നു.

ഈ മുഹൂർത്തങ്ങൾ ഓർമ്മകളെ പലപ്പോഴും പൊയ്പോയ കാലത്ത് കൊണ്ടെത്തിക്കും. കടന്നു പോയ കാലം ഏറെ നന്മ നിറഞ്ഞതായിരുന്നു. ജനങ്ങൾ പരസ്പരം സ്നേഹിച്ചിരുന്നു. സഹകരണം പുലർത്തിയിരുന്നു. ഉള്ളവർ ഇല്ലാത്തവരോട് അലിവ് കാട്ടിയിരുന്നു. കള്ള അളവുകൾ ഇല്ലായിരുന്നു. പൊളിവചനം എള്ളോളം ഇല്ലായിരുന്നു. മോഹന സുന്ദരമായ കാലമായിരുന്നു. തീർച്ചയായും ഇങ്ങനെ സമ്മോഹനമായ ഒരു കാലം നാമെല്ലാം കാംക്ഷിക്കുന്നു. സ്നേഹവും സമത്വവും കാരുണ്യവും കളിയാടുന്ന ലോകത്ത് പിന്നെ അശാന്തിക്കും ദാരിദ്ര്യത്തിനും ക്രൂരതയ്ക്കും എവിടെ സ്ഥാനം?

പക്ഷേ നിരവധി സമകാലിക യാഥാർത്ഥ്യങ്ങൾ നമുക്ക് മുന്നിലുണ്ട്. സമ്പൽ സമൃദ്ധിയുടെ ഓർമ്മ പുതുക്കലാണ് ഇന്ന് ഓണം. സദ്ഭരണത്തിന്റെ അനിവാര്യതയുടെ ഓർമ്മപ്പെടുത്തലാണത്. സാമൂഹ്യ നീതിയുടെ നിത്യഭാസുരമായ സ്മരണകൾ ഉണർത്തുന്നതാണ് അത്. ഉച്ചനീചത്വങ്ങളെ തുടച്ചുമാറ്റിയ ചരിത്രമാണ് അതിനുള്ളത്. ഉത്തമ സമൂഹസൃഷ്ടിക്കുള്ള കാഹളമാണ് അതിന്റേത്. പക്ഷേ ഇതിന് പിന്നിൽ അധ്വാനം – മനുഷ്യാധ്വാനം എന്ന മഹാപ്രതിഭാസം അതിശക്തമായി നിലകൊള്ളുന്നു. അധ്വാനത്തിനു പകരം വയ്ക്കാൻ മറ്റൊന്നില്ല. സ്വാശ്രയത്വവും സ്വാവലംബവും സ്ഥിരോത്സാഹത്തിലൂടെയും നിരന്തര അധ്വാനത്തിലൂടെയും മാത്രം കൈവരിക്കാൻ കഴിയുന്നതാണ്.

നല്ല ആ നാളുകളിലേക്ക് തിരിച്ചു പോകുന്ന പ്രക്രിയയിൽ ഇന്ന് അധ്വാനത്തിന്റെ മഹത്വവുമായി കേരളീയ സ്ത്രീകൾ മുൻ നിരയിൽ ഉണ്ട് എന്നത് അഭിമാനകരമാണ്. നമുക്ക് ഭക്ഷ്യസുരക്ഷ കൈവരിക്കാൻ ഒരു ലക്ഷത്തിലധികം വനിതാ കർഷകർ തരിശു നിലങ്ങളിൽ കൃഷി ചെയ്തു പൊന്ന് വിളയിക്കാൻ രംഗത്തുണ്ട്. അവർ തൊഴിൽകൂട്ടങ്ങളായി അണിനിരന്നിരിക്കുന്നു. അവർ ധവളവിപ്ലവം വീണ്ടും കൊണ്ടുവരാൻ സജ്ജരായിരിക്കുന്നു. അവർ ഹോം ഷോപ്പുകൾ ഒരുക്കുന്നു. സ്വാദിന്റെ പുതിയ കഫേകൾ അവർ പ്രവർത്തിപ്പിക്കുന്നു. 38 ലക്ഷം വരുന്ന ഈ സ്ത്രീകളുടെ ശക്തി നാം തിരിച്ചറിയുന്നു; സ്ത്രീശാക്തീകരണത്തിലൂടെ – കുടുംബശ്രീയിലൂടെ – നാളത്തെ കേരളം, മഹാബലിയുടെ കേരളത്തിലേക്കുള്ള പ്രയാണം തുടരുകയാണ്.

ഓണത്തിന് മുന്നോടിയായി ഇപ്രാവശ്യം റംസാൻ പെരുന്നാൾ എത്തി. ദേഹേച്ഛകളെല്ലാം വെടിഞ്ഞ് ശാരീരികവും മാനസികവുമായ പാവനത്വം കൈവരിച്ച ശേഷമാണ് റംസാനെ വരവേൽക്കുക. ത്യാഗത്തിന്റെ മഹത്വത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈദ് പെരുന്നാൾ. മാസങ്ങൾ കഴിയുമ്പോൾ ക്രിസ്മസ് എത്തുകയായി. മഹത്തായ ഒരു ത്യാഗവും സഹനവും ക്രിസ്മസിന് പശ്ചാത്തലമൊരുക്കുന്നു. ഏതൊരു ആഘോഷത്തിനു പിന്നിലും ത്യാഗസ്മരണകൾ ഉണ്ട്. മഹാബലിയുടെ സർവ്വത്യാഗവും പാതാളം പൂകലും സൽപുത്രന്റെ പുൽക്കൂട്ടിലെ പിറവിയും നബി തിരുമേനിക്ക് മേൽ പതിച്ച കടുത്ത പരീക്ഷണങ്ങളും എല്ലാം മഹത്തായ ത്യാഗത്തിന്റെ കഥകളാണ്. ഈ ത്യാഗങ്ങൾ മനുഷ്യരാശി പരസ്പരം സ്നേഹിക്കുന്നതിനും സഹോദരങ്ങളായി ജീവിക്കുന്നതിനും സമ്പത്ത് തുല്യമായി പങ്കിട്ട് ജീവിക്കുന്നതിനും ആഹ്ലാദഭരിതമായ ജീവിതം ഒരുമിച്ച് ആസ്വദിക്കുന്നതിനും പരസ്പര വിശ്വാസവും സ്നേഹവുംപുലർത്തുന്നതിനും വേണ്ടിയാണ്. അവ നാം ഉൾക്കൊള്ളണം.

സദ്ഭരണവും സാമൂഹ്യനീതിയും നമ്മുടെ ലക്ഷ്യമാണ്. ഓണക്കാലം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുകൾക്ക് അതിനുള്ള പ്രചോദനമാകട്ടെ.

ഹൃദ്യമായ ഈദ് ഓണം ആശംസകൾ! ■





പഞ്ചായത്ത് രാജ്

പഞ്ചായത്ത് രാജ്

# ഓണം ഓർമ്മപ്പെടുത്തുന്നത്

ഡോ. ജോസ് പാറക്കടവിൽ

സമൃദ്ധിയും സമത്വവും സന്തുഷ്ടിയും ഇണങ്ങിച്ചേരുന്ന ഒരു സാമൂഹികാവസ്ഥയെക്കുറിച്ചുള്ള സങ്കല്പനങ്ങളാണ് ഓണത്തെ ഹൃദയഹാരിയാക്കുന്നത്. ചരിത്രവും ഐതിഹ്യവും പുരാണവും എല്ലാം അതിന്റെ പിന്നിൽ ഇഴപാകിയിട്ടുണ്ട്. ഭൂതകാലസ്മരണകളുടെ ഭാവമൂർച്ഛകൾ മാത്രമല്ല, ഓണത്തെ ചേതോഹരമാക്കുന്നത്, വർത്തമാനവും ഭാവിയും ഓർമ്മപ്പെടുത്തുന്നു ഓണാഘോഷത്തിന്റെ ഓരോ അംശവും.

മഹാബലിയുടെ ഭരണത്തിൽ അസൂയ പൂണ്ട ദേവന്മാർ അഭ്യർത്ഥിച്ചതനുസരിച്ച് മഹാവിഷ്ണു വാമനനായി അവതരിച്ച് മഹാബലിയെ പാതാളത്തിലേക്കു ചവിട്ടി താഴ്ത്തി എന്നും വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ സന്ദർശിക്കുവാൻ മഹാബലി അനുവാദം ചോദിച്ചതനുസരിച്ച് ചിങ്ങമാസത്തിലെ തിരുവോണനാളിൽ വന്നു കണ്ടുകൊള്ളുവാൻ വാമനൻ അനുവദിച്ചു എന്നുമാണല്ലോ ഐതിഹ്യം. ഇതല്ലാതെ മറ്റു പല കഥകളെയും ചരിത്രസംഭവങ്ങളെയും ഓണവുമായി ബന്ധപ്പെടുത്താറുണ്ടെങ്കിലും മലയാളിയുടെ മനസിൽ പതിഞ്ഞുപോയ ഓണക്കഥ ഇതുതന്നെയാണ്. മഹാവിഷ്ണുവിന്റെ അവതാര രൂപമായ വാമനൻ മഹാബലി എന്ന രാജാവിനെ അധികാരഭ്രഷ്ടനാക്കിയ സംഭവത്തെ മലയാളികൾ പേർത്തും പേർത്തും അനുസ്മരിക്കുമ്പോൾ അതിൽ അന്തർഭവിച്ചിരിക്കുന്ന അസ്വാഭാവികതയാണ് ഏറെ ശ്രദ്ധേയമാകുന്നത്. മഹാവിഷ്ണുവിന്റെ എല്ലാ അവതാരങ്ങളെയും ഭാരതീയർ വിവിധതരത്തിൽ സ്മരിക്കുകയും ആ സ്മരണയെ ഉത്സവമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ നാം ഓണം ആഘോഷിക്കുമ്പോൾ ഈശ്വരാവതാരമായ വാമനനെയല്ല അദ്ദേഹത്താൽ നിഷ്കാസിതനാകപ്പെട്ട മഹാബലിയെയാണ് ആരാധിക്കുന്നത്. അതാണ് ഓണത്തെ കൂടുതൽ ശ്രദ്ധേയമാക്കുന്നത്.

ഭാരതീയരുടെ സഹജമായ സ്വഭാവത്തിനു വിരുദ്ധമല്ലേ ഇതെന്നുതോന്നാം. എന്നാൽ,

*'വല്ലായ്മ ദേവകൾ പെടുത്തുവതും ക്ഷമിപ്പൊ-*
*ന്നല്ലായിരുന്നു, ഹ! ഹ! ഭാരതപൂർവ രക്തം!'*

എന്നു മഹാകവി വള്ളത്തോൾ അനുസ്മരിക്കുന്നതാണു യഥാർത്ഥ ഭാരതീയ മനസ്സ്.

ഓണത്തെ സ്മരിച്ചുകൊണ്ടുണ്ടായ നിരവധി നാടൻപാട്ടുകളും കവിതകളും ഈ മഹോത്സവത്തിന്റെ പിന്നിലെ ആദർശാഭിലാഷങ്ങളിലേക്കു മാത്രമല്ല, നഷ്ടബോധത്തിലേക്കും വിരൽ ചൂണ്ടുന്നുണ്ട്. ഒമ്പതാം നൂറ്റാണ്ടിലും 10- ാം നൂറ്റാണ്ടിലും വിരചിതമെന്നു മഹാകവി ഉള്ളൂർ അനുമാനിക്കുന്ന മഹാബലി ചരിതം എന്ന ഓണപ്പാട്ടായിരിക്കും ഓണക്കവിതകളുടെ ആദ്യരൂപമായി മലയാളത്തിലുണ്ടായ കൃതി.

*'മാവേലി നാടുവാണീടും കാലം*
*മാനുഷരെല്ലാരും ഒന്നുപോലെ*
*ആമോദത്തോടെ വസിക്കും കാലം*
*ആപത്തങ്ങാർക്കുമൊട്ടില്ല താനും'*

എന്നിങ്ങനെ മലയാളികൾക്കു സുപരിചിതമായ വരികളുൾക്കൊള്ളുന്ന മഹാബലി ചരിതത്തിന്റെ രചയിതാവ് ആരെന്നറിയില്ലെങ്കിലും ആ കൃതിയിലൂടെ ഓണവുമായി ബന്ധപ്പെട്ട നമ്മുടെ സ്മരണകളെല്ലാം ഉന്മിഷിതമാകുന്നുണ്ട്.


എഴുത്തച്ഛന്റെ കിളിപ്പാട്ടുപോലെ ശ്രീമഹാബലി ചരിതവും കിളിയാണ് പാടുന്നത്. തൃക്കാക്കര എന്ത് വാർത്തയുണ്ട്? എന്ന കവിയുടെ ചോദ്യത്തിനുത്തരമായി തൃക്കാക്കരയിൽ നിന്നു വന്ന കിളി മഹാബലിയുടെ കഥ പാടി കേൾപ്പിക്കുന്നു. ഈ കൃതിയിലെ മഹാബലികഥയിൽ നേരിയ വ്യത്യാസമുള്ളത് മലയാളികൾ അറിഞ്ഞില്ല എന്നു തോന്നുന്നു. പുരാണപ്രസിദ്ധനായ മഹാബലി നാടു വാണിരുന്ന കാലത്തുതന്നെ ചിങ്ങമാസത്തിൽ തിരുവോണം പ്രൗഢിയോടെ ആഘോഷിച്ചിരുന്നുവെന്നും മഹാബലിയെ പാതാളത്തിലാഴ്ത്തിയശേഷം ഈ ആഘോഷം നിലച്ചുപോയി എന്നുമാണ് പരാമർശം. ദുഃഖിതനായ മഹാബലി, ശ്രീകൃഷ്ണൻ ഭൂമിയിൽ വാഴുന്ന കാലത്ത് ഇക്കാര്യം പരാതി പറഞ്ഞുവെന്നും ഭഗവാൻ ഓണം പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ ധർമ്മപുത്രരെ ചുമതലപ്പെടുത്തിയെന്നും ആഘോഷം കാണുവാൻ മഹാബലിയെ അനുവദിച്ചു എന്നുമാണ് ഈ കൃതിയിലെ വർണ്ണന. ധർമ്മപുത്രർ പ്രജകൾക്കു നല്കുന്ന നിർദ്ദേശം:

*'ചിങ്ങമാസത്തിലെ ഓണത്തുനാൾ*
*മാവേലി താനും വരുമിവിടെ*
*പണ്ടേതിനെക്കാൾ വിചിത്രമായി*
*വേണ്ടുന്നതെല്ലാമൊരുക്കീടേണം.'*

ഓണാഘോഷത്തിന്റെ വിപുലമായ ചടങ്ങുകൾ ഓരോന്നും പ്രതിപാദിക്കുന്ന കവി മാവേലി നാടുവാണിരുന്ന കാലത്തെക്കുറിച്ചെഴുതിയ വരികളാണ് മലയാളികൾ ഹൃദ്യസ്ഥമാക്കിയതും ഇപ്പോഴും പാടിപ്പോരുന്നതും. *'മാനുഷരെല്ലാരും ഒന്നുപോലെ ആമോദത്തോടെ കഴിയുന്ന'* ആ കാലഘട്ടത്തിന്റെ പുനരാഗമനത്തിനായി കാത്തിരിക്കുന്നവരാണല്ലോ മലയാളികൾ!







*വൈലോപ്പിള്ളി ശ്രീധരമേനോൻ*

പിൽക്കാലത്ത് മലയാളത്തിൽ എത്രയോ കവികൾ ഓണത്തിന്റെ പശ്ചാത്തലത്തിൽ കവിതകളെഴുതി! എന്നാൽ ഓണത്തെ ആഘോഷങ്ങൾക്കപ്പുറമുള്ള ഗഹനതത്വങ്ങളിൽ കണ്ടെത്തുവാൻ വൈലോപ്പിള്ളിയെ പോലെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. ഓണത്തെ വൈലോപ്പിള്ളി മനസ്സിൽ വച്ച് ആരാധിക്കുന്നതുപോലെ മറ്റൊരു കവിയും ചെയ്തിട്ടുണ്ടാവില്ല. നമുക്കേറ്റവുമധികം മികച്ച ഓണക്കവിതകൾ ലഭിച്ചതു വൈലോപ്പിള്ളിയിൽ നിന്നായതും അതുകൊണ്ടാണ്. 'ഓണപ്പാട്ടുകാർ' എന്ന കവിതകളുൾപ്പെടുന്ന സമാഹാരത്തിന് ആ കവിതയുടെ പേര് ശീർഷകമായി കവി തെരഞ്ഞെടുത്തതും ശ്രദ്ധേയമാണ്.

മനുഷ്യന്റെ ഉള്ളിലെ വാമനത്വം മാനവത്വത്തെ ചവിട്ടിത്താഴ്ത്തുന്ന ദുരവസ്ഥ എത്ര ശക്തമായി ഓണപ്പാട്ടുകാർ എന്ന കവിതയിൽ വൈലോപ്പിള്ളി വരച്ചു കാട്ടി.

*'പൃത്ഥിയിലന്നു മനുഷ്യർ നടന്ന പ-*
*ദങ്ങളിലിപ്പൊഴധോമുഖ വാമനർ,*
*ഇത്തിരിവട്ടം മാത്രം കാണ്മവർ,*
*ഇത്തിരിവട്ടം ചിന്തിക്കുന്നവർ*
*മൂവടി മണ്ണിനിരന്നു കവർന്നു, വ-*
*ധിച്ചു, നശിപ്പോ, രൽപസുഖത്തിൻ*
*പാവകളി, ച്ചതു തല്ലിയുടച്ചു,*
*കരഞ്ഞു മയങ്ങിയുറങ്ങീടുന്നോർ.*
*സൽഗുണ മഹിമ ചവിട്ടിയമർത്തി*
*വസുന്ധരയൊക്കെയസുന്ദരമാക്കി*
*സ്വർഗപഥത്തിൽ നയിപ്പാനന്ധ-*
*വിരക്തിയെ നിന്നു വിളിച്ചീടുന്നോർ'*

എങ്കിലും വർത്തമാന ദുരവസ്ഥകളിൽ നിന്നുള്ള മോചനത്തിനു പ്രേരകമാണ് ഓണസ്മരണകൾ എന്നാണ് കവിയുടെ പക്ഷം.

*'പെരുകിടുമിരുളിലുമെന്നാൽ ഞങ്ങടെ*
*തലകളിൽ മങ്ങി മിനുങ്ങിയിരിപ്പൂ*
*നിരവധി പുരുഷായുസ്സിനപ്പുറ*
*മാണിയൊരോണപ്പൊൻ കിരണങ്ങൾ,*
*അവകൾ കിനാവുകളെന്നാം ശാസ്ത്രം*
*കളവുകളെന്നാം ലോകചരിത്രം*
*ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ*
*ഹൃദയനിമന്ത്രിത സുന്ദരതത്വം'*

എന്നിങ്ങനെയാണ് ഓണസ്മരണകൾക്കുള്ള വർത്തമാന പ്രസക്തി വൈലോപ്പിള്ളി തിരിച്ചറിയുന്നത്.

ഗ്രാമീണരുടെ നന്മകൾ നഷ്ടപ്പെട്ട ഓണത്തിൽ കലരുന്ന കൃത്രിമത്വങ്ങളും ഔദ്യോഗിക പരിവേഷത്തിന്റെ യാന്ത്രികതകളും നന്നായി പരിഹസിക്കപ്പെടുന്ന കവിതയാണ് 'മഹാബലിയോട്'

*'വഴിപോലങ്ങുപൂജിച്ചാഘോഷം വളർക്കാതെ*
*വഴിപാടല്ലോ ചെയ്വൂ വലിയോർ, ചെറിയോരും'*

എന്ന കുറ്റസമ്മതം നമ്മെ ചിന്താധീനരാക്കുവാൻ പര്യാപ്തമാണ്.

തീവ്രമായ ആക്ഷേപഹാസ്യത്തിന്റെയും നിശിത പരിഹാസത്തിന്റെയും ഭാവങ്ങൾ വൈലോപ്പിള്ളി കവിതയിൽ പൊട്ടിപ്പുറപ്പെടുന്നത് ഓണക്കവിതകൾ എഴുതുമ്പോഴാണ്, കൂടുതലും.

*'തല്ലുന്നു സാധുക്ക, ളെല്ലാതലത്തിലും*
*വെല്ലുന്നു, നേടുന്നു, നേതാക്കൾ*
*പത്രങ്ങൾ തോറും വിടർത്തുന്നു വിഖ്യാതി*
*ചിത്രങ്ങൾ ചേർക്കുന്നു, ജേതാക്കൾ*
*ഉറ്റ കോരന്മാർക്കു കഞ്ഞിവിളമ്പുന്നു*
*മറ്റുള്ള കോരന്മാർ മാറട്ടെ*
*ഒരുപോലെയോണത്തല്ലെങ്ങുമിരമ്പുന്നു*
*തിരുവോണമെത്തുന്നില്ലെന്നാലും'*

എന്നിങ്ങനെയാണ് 'ഓണത്തല്ല്' കവിതയിലെ പരിഹാസം.

പല ദുഃഖസത്യങ്ങളെയും ഉണർത്തുമ്പോഴും ഓണം മധുരതരമായ ഒരു വികാരം തന്നെയാണ് മലയാളിക്ക്. കവികൾക്കും അങ്ങനെതന്നെയെന്നു വൈലോപ്പിള്ളിയും പറയുന്നു, 'ഓണപ്പാട്ട്' എന്ന കവിതയിൽ.

*'എത്ര ശീലുകൾ പാടി നമ്മ, ളെന്നാലോണത്തെ-*
*പറ്റി മൂളിയ പാട്ടിൻ മാധുരി വേറൊന്നല്ലോ'*

എന്നാണ് കവിപക്ഷം.

അന്ധകാരം നമ്മെ ആവരണം ചെയ്യുമ്പോഴും വെളിച്ചത്തിനായി കാത്തിരിക്കുവാൻ പ്രേരിപ്പിക്കുന്നവയാണ് ഓണപ്പാട്ടുകൾ.

*'പാട്ടുകാരെല്ലാമന്ധകാരത്തിലാശാനാളം*
*നീട്ടിയാലപിക്കുന്നതൊരു പല്ലവിയല്ലോ.*
*ഭിന്നമാം യുഗങ്ങളിൽ, ഭാഷയിൽ,*
*മനുഷ്യന്റെയുന്നത സങ്കല്പമേതൊന്നിനെയെതിരേല്പ്പൂ,*
*ക്രൂരമാം ദുഃഖത്തിന്റെ പാതാളപ്പരപ്പിലു-*
*മാരുടെ ദൂരസ്മിതമാരചിക്കുന്നു സ്പർശം,*
*അത്തിരുവോണത്തിന്റെ പൂംപദം പതിയുന്നു*
*പത്തുനാളീമുറ്റത്തും, നമ്മളാഹ്ലാദിക്കാവൂ!'* ■



# കരിക്കിനേകാം വരവേൽപ്പ്

**സംസ്ഥാന സർക്കാർ കരിക്കിൻ വെള്ളത്തെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചതിലൂടെ നാളികേര കർഷകർക്ക് ഒരു പുതുവഴികൂടി തുറന്നിരിക്കുകയാണ്.**

**വി.എസ്. ലാലി**

സംസ്ഥാന സർക്കാർ കരിക്കിൻ വെള്ളത്തെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഒപ്പം നാളികേര വികസന ബോർഡ് 2012 കരിക്ക് വർഷമായി ആഘോഷിക്കുന്നു. എല്ലാ നാളികേര കർഷകർക്കും സന്തോഷം നൽകുന്ന വാർത്തയാണിത്. ഇപ്പോൾ കേരളത്തിൽ ഏകദേശം 7.7 ലക്ഷം ഹെക്ടറിൽ തെങ്ങുകൃഷിയുണ്ട്.

കേരളത്തിന്റെ നാളികേരോല്പാദന ക്ഷമത ഇന്ത്യയുടേതുമായി താരതമ്യം ചെയ്താൽ വളരെ കുറവാണെന്നു കാണാം. ഇതിനുള്ള പ്രധാന കാരണങ്ങൾ കീടരോഗബാധയും തെങ്ങുകളുടെ പ്രായാധിക്യം മൂലമുള്ള ഉത്പാദനകുറവുമാണ്. എന്നാൽ സർക്കാർ പദ്ധതികളിലൂടെ രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റാനും മറ്റു തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണത്തിനും സംവിധാനം ഉണ്ട്. എന്നാൽ വളരെ നല്ല പരിചരണം നൽകി ഉത്പാദനം വർദ്ധിപ്പിച്ചാലും നളികേരകൃഷിയിൽനിന്നും നമുക്കു കാര്യമായ ലാഭം വിലസ്ഥിരതയില്ലാത്തതിനാൽ ലഭിക്കുന്നില്ല. നാളികേരമായി തന്നെ വില്ക്കുന്നതിനേക്കാൾ ലാഭകരമാണ് അവയെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വില്ക്കുന്നത്. ഇതിന് സാങ്കേതിക വിദ്യയും സാമ്പത്തികവും ആവശ്യമാണ്. എന്നാൽ ഇവയേക്കാൾ വളരെ എളുപ്പം ആദായം വർദ്ധിപ്പിക്കാൻ മറ്റൊരുവഴിയുണ്ട്. കരിക്കായി വില്ക്കുക. അതായത് ഇടവിട്ടുള്ള കുലകളിലെ ആറുമാസം പ്രായമായ കായ്കൾ കരിക്കിനായി വിളവെടുക്കുക. ഇത്തരത്തിൽ ആറാം മാസത്തിൽ വിളവെടുക്കുന്ന കരിക്കുകൾക്ക് വിളഞ്ഞ നാളികേരത്തെക്കാൾ വില ലഭിക്കും. ഏകദേശം 10 രൂപ മുതൽ 20 രൂപ വരെ ലഭിക്കുന്നതാണ്. കരിക്ക് വിളവെടുക്കുന്നതിന് കൂടുതൽ ശ്രദ്ധവേണം. കരിക്കിനായി നാളികേരവികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ പരിശീലനം ലഭിച്ചവരെ ലഭിക്കുന്നതാണ്. അവർ തെങ്ങുകയറ്റ യന്ത്രത്തിന്റെ സഹായത്തോടെ തെങ്ങിൽ കയറി വിളവെടുക്കുന്നു. ഇവരുടെ പേരുവിവരവും ഫോൺ നമ്പരും നാളികേരവികസന ബോർഡിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കരിക്ക് ആവശ്യത്തിനായി ഒന്നിടവിട്ട കുലകൾ വെട്ടുകയും ബാക്കിയുള്ളവ വിളഞ്ഞശേഷം നാളികേരാവശ്യത്തിനായി വിളവെടുക്കാവുന്നതുമാണ്. കരിക്കിനെടുത്തശേഷം അവശേഷിക്കുന്ന കുലകൾ നല്ല കരുത്തോടെ വളരുകയും നല്ല ഉൾക്കാമ്പുള്ള നാളികേരം ലഭിക്കുകയും ചെയ്യുന്നതിലൂടെ നാളികേരത്തിനും ആദായവില ലഭിക്കും.

കരിക്കായി വില്പന നടത്തുന്നതു കൂടാതെ കരിക്കിൻ വെള്ളം സംസ്ക്കരിച്ച് കുപ്പികളിലും ടെട്രാപായ്ക്കുകളിലും നിറച്ച് വില്പന നടത്താവുന്നതാണ്. കരിക്കിൻ വെള്ളം സംസ്ക്കരിച്ച് വില്പന നടത്തുന്ന സ്ഥാപനങ്ങൾ കേരളത്തിന്റെ പല ജില്ലകളിലുമുണ്ട്. ഇതിലേക്കാവശ്യമായ സാങ്കേതിക വിദ്യയും ആവശ്യമായ യന്ത്രോപകരണങ്ങളെപ്പറ്റിയുള്ള വിവരങ്ങളും കൊച്ചിയിലെ നാളികേരവികസനബോർഡ്, മൈസൂറിലെ C.F.T.R.I, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. കൂടാതെ 7 മാസം പ്രായമായ കരിക്കിൽ നിന്നും കോക്കനട്ട് ചിപ്സ് ഉല്പാദിപ്പിക്കാൻ കഴിയും. നമ്മുടെ നാട്ടിൽ ഇവയ്ക്ക് പ്രിയം കുറവാണെങ്കിലും ഡൽഹിയിലും മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വൻ ഡിമാന്റാണ്. കോക്കനട്ട് ചിപ്സിന്റെ ആകെ ആവശ്യകതയുടെ 30% പോലും ലഭ്യമല്ല എന്നതാണ് സത്യാവസ്ഥ. ഈ മാർക്കറ്റ് ഡിമാന്റ് മുതലാക്കാൻ നാം ശ്രമിക്കണം.

കരിക്കിൻവെള്ളം അതേപടി പായ്ക്കുചെയ്ത് വിപണിയിലെത്തിക്കുന്നതു പോലെ തന്നെ ചെറുതായി കാർബണേറ്റു ചെയ്തു"കരിക്കിൻ സോഡാ" ആയും വിപണി കണ്ടെത്താം. കരിക്കിൻ സോഡയ്ക്ക് ആവശ്യക്കാർ ഏറെയാണ്. ഇവയൊക്കെ യാതൊരു പ്രിസർവേറ്റീവും ചേർക്കാതെ ശീതീകരിച്ച അവസ്ഥയിൽ 2 ആഴ്ചവരെ സൂക്ഷിക്കാവുന്നതുമാണ്. കരിക്കിൻ വെള്ളത്തിനും കരിക്കിൻ സോഡയ്ക്കും റെയിൽവേ സ്റ്റേഷൻ, ബസ്റ്റാന്റ്, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിലൂടെയും സൂപ്പർമാർക്കറ്റുകളിലൂടെയും നല്ല വിപണി കണ്ടെത്താം. ജനങ്ങളിൽ ഇവയെപ്പറ്റി അവബോധം സൃഷ്ടിക്കാൻ വേണ്ടുന്ന ബോധവൽക്കരണ പരിപാടികളും പരസ്യവും ആദ്യകാലങ്ങളിൽ ആവശ്യമായ് വരും.

കരിക്കിൻവെള്ളം ദാഹശമനി മാത്രമല്ല, ഒരു ഉത്തമ ആരോഗ്യ പാനീയം കൂടിയാണ്. കരിക്കിൻവെള്ളത്തിൽ ഗ്ലൂക്കോസ്, പൊട്ടാസ്യം, മഗ്നീഷ്യം, കാൽസിയം, ഇരുമ്പ്, ചെമ്പ്, ഭാവഹം, ഗന്ധകം എന്നിവ കൂടാതെ ജീവകം ബി, സി എന്നിവയും അടങ്ങിയിട്ടുണ്ട്. 100 ഗ്രാം കരിക്കിൻ വെള്ളത്തിൽ നിന്നും 17.4 കലോറി ഊർജ്ജം ലഭിക്കും. ഇത്രയും പോഷക സമ്പുഷ്ടമായ മറ്റൊരു പ്രകൃതിദത്ത പാനീയം ഇല്ലതന്നെ. രോഗാവസ്ഥയിലും ക്ഷീണം കൂടുതലാകുമ്പോഴും കരിക്ക് കുടിക്കുന്നത് പ്രയോജനകരമാണ്. കരിക്കിൻ വെള്ളത്തിൽ 0.1% മാംസ്യം, 0.1% കൊഴുപ്പ്, 0.5% ലവണങ്ങൾ, 0.2% പഞ്ചസാര (ഗ്ലൂക്കോസ്, ഫ്രക്ടോസ് രൂപത്തിൽ) എന്നിവയടങ്ങിയിട്ടുണ്ട്. കരിക്കിൻ വെള്ളത്തിലടങ്ങിയ പഞ്ചസാര പ്രധാനമായും എളുപ്പം ദഹിക്കുന്ന ഗ്ലൂക്കോസും ഫ്രക്ടോസും ആയതിനാൽ കഴിച്ചാലുടൻ തന്നെ ശരീരക്ഷീണം കുറയുന്നു. സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം തുടങ്ങിയവ അടങ്ങിയിട്ടുള്ളതിനാൽ കോളറ രോഗികൾക്കും ശരീരത്തിൽ നിർജ്ജലീകരണം സംഭവിച്ചവർക്കും ഉത്തമ പ്രകൃതിദത്ത ഔഷധപാനീയം കൂടിയാണ്. ശരീരത്തിലെ ചൂടുകുരുക്കൾ, വെയിലേറ്റ് ചുവന്നു തടിക്കുന്ന തൊലിപ്പുറം എന്നിവിടങ്ങളിൽ കരിക്കിൻ വെള്ളം കൊണ്ടു കഴുകുന്നത് ആശ്വാസമേകും.



കരിക്ക് വളരെ കുറഞ്ഞ ചെലവിൽ സംസ്ക്കരിക്കാനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. തൊണ്ട് ചെത്തി വൃത്തിയാക്കിയ കരിക്ക് 0.5% സിട്രിക് ആസിഡും 5% പൊട്ടാസ്യംമെറ്റാബൈസൾഫേറ്റും അടങ്ങിയ ലായനിയിൽ 3 നിമിഷം മുക്കിവച്ചശേഷം 5–7 സെന്റിഗ്രേഡ് തണുപ്പുള്ള അവസ്ഥയിൽ 24 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാം. ഇതിലേക്കായി ഇൻസുലേറ്റഡ് ചിൽ ബോക്സുകൾ ഉപയോഗിക്കാം.

നാളികേര കൃഷിയിലെ ഏറ്റവും ആദായകരമായ മേഖലയാണ് കരിക്കിന്റെ വിപണി. വിളഞ്ഞ നാളികേരത്തിനു 10 രൂപയ്ക്കു താഴെ ലഭിക്കുമ്പോൾ 6 മാസം മാത്രം പ്രായമായ കരിക്കിന് 10 രൂപ മുതൽ 20 രൂപ വരെ ലഭിക്കുന്നത് ആദായകരമല്ലേ? കുപ്പിയിലടച്ച നിറമുള്ള സോഫ്റ്റ്ട്രിങ്ക്സിനു പുറകെ പാഞ്ഞിരുന്ന മലയാളി ഇതാ കരിക്കിന് പിന്നാലെ പോകുന്ന കാഴ്ചയാണ് ഇപ്പോൾ. ഇതിനുകാരണം മറ്റൊന്നുമല്ല, നല്ല വൃത്തിയുള്ള സുരക്ഷിതമായ ആരോഗ്യദായകമായ ദാഹശമനി ഒപ്പം ഇളം കരിക്കിൻ കാമ്പുകൂടി കഴിച്ചാൽ വിശപ്പിനെ വിളിപ്പുറത്തേക്ക് അകറ്റുകയും ചെയ്യാം.

സംസ്ഥാന സർക്കാർ കരിക്കിൻ വെള്ളത്തെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചതിലൂടെ നാളികേര കർഷകർക്ക് ഒരു പുതുവഴികൂടി തുറന്നിരിക്കുകയാണ്. കരിക്കിൻ വെള്ളം സംസ്ക്കരിച്ചും അല്ലാതെയും വില്പന നടത്താമെന്നതും കരിക്കിടുന്നതിലൂടെ തെങ്ങിൽ അവശേഷിക്കുന്ന കൂമ്പുകൾ നല്ല വിളവ് നൽകുന്നു എന്നതും കർഷകർക്ക് ആശയ്ക്കു വകനൽകുന്നു. കരിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കാനും നാളികേരകൃഷിയെ സംരക്ഷിക്കാനും 2012 വർഷം കരിക്ക് വർഷമായി ആചരിക്കുകകൂടി ചെയ്യുമ്പോൾ നാളികേരത്തിന്റെ നന്മകൾ തിരിച്ചറിയാനും നാളികേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനും കേരളീയരായ നാമെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കണം. കരിക്കിന്റെ ഉപയോഗം വർദ്ധിപ്പിച്ച് നാളികേരകൃഷി ആദായകരമാക്കാൻ നമുക്കും പങ്കാളിയാകാം.

**കരിക്കിനേകാം വരവേൽപ്പ്** ■

*ലേഖിക തിരുവനന്തപുരം കൃഷി ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടറാണ്*







ആർ. ഹേലി

# ഓണം ഉണ്ണുമ്പോൾ ഇതുകൂടി ഓർക്കണം

കൃഷിക്കും കൃഷിക്കാരനും സർവ്വത്ര പിന്തുണയും നൽകാൻ 'വിശപ്പ്' എന്ന വികാരമുള്ള സർവ്വരും കടപ്പെട്ടിരിക്കുന്നു! "ഓണം ഉണ്ണുമ്പോൾ ഇതുകൂടി ഓർക്കണം"! അതു നാട്ടിനും കൃഷിക്കും നന്മ കൈവരുത്തും.

ധാന്യവില കൂടുന്നത് വിളവെടുപ്പ് ശുഷ്ക്കിക്കുമ്പോഴാണ്. ഇതിനുകാരണം കൃഷിക്കാരല്ല എന്ന സത്യം നാം പലപ്പോഴും അറിയാറില്ല. കാലാവസ്ഥാവ്യതിയാനങ്ങളും ആഗോള വിപണിയെ നിയന്ത്രിക്കുന്ന സാമ്പത്തിക നയങ്ങളുമാണ് ഇതിന് പ്രധാനപ്പെട്ട കാരണങ്ങൾ! പക്ഷെ ബഹുജനങ്ങൾ-അവർ സമ്പന്നരാജ്യങ്ങളിലുള്ളവരും വികസ്വര രാഷ്ട്രങ്ങളിലുള്ളവരും - ഒരുപോലെ ഇക്കാര്യത്തിൽ ആകാംക്ഷാഭരിതരാണ്. ലോകം 2012-13 കാലഘട്ടത്തിൽ വമ്പിച്ച ഭക്ഷ്യവസ്തു വിലക്കയറ്റം അനുഭവിക്കും എന്ന കാര്യത്തിൽ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ സർവ്വരും ഏകാഭിപ്രായക്കാരാണ് - ഇപ്പോൾ! ഭാരതം 2011-12 ൽ 257 ദശലക്ഷം ടൺ ധാന്യം ഉൽപ്പാദിപ്പിച്ചു സർവ്വകാല റിക്കാർഡ് സൃഷ്ടിച്ചെന്ന് മാത്രമല്ല ധാന്യം സൂക്ഷിക്കാൻ ഇടമില്ലാതെ വിഷമിക്കുകയും ക്രമേണ കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സന്തോഷം ആഘോഷിക്കുന്നതിന് മുൻപുതന്നെ ഈ വർഷത്തെ കാലവർഷം 60% മുതൽ 20% വരെ ദേശവ്യാപകമായി കുറഞ്ഞുവെന്ന വാർത്ത രാജ്യത്തെ ആകെ പിടിച്ചുകുലുക്കിയിരിക്കുന്നു. മഴ മാത്രമല്ല ധാന്യരംഗത്തെ അസ്ഥിരമാക്കുന്നത്. ഉല്പാദന ഉപാധികളായ രാസവളത്തിന്റെ വില മിന്നൽ വേഗത്തിൽ ഉയരുകയാണ്. വിദേശത്തുനിന്ന് രാസവളങ്ങൾ ഇറക്കുമതി ചെയ്യാനും കിട്ടാത്ത സ്ഥിതി. ഇതോടൊപ്പം യൂറോപ്പിലെയും അമേരിക്കയിലെയും സാമ്പത്തിക മാന്ദ്യം ലോകത്താകെയും ഇന്ത്യയെയും കടന്നുപിടിച്ചിരിക്കുന്നു. എണ്ണവില കൂടുന്നതിനാൽ ഊർജ്ജവിളകളുടെ കൃഷി ലോകമാകെ വിപുലമാകുകയാണ്. തൽഫലമായിട്ടുമാത്രം ഗോതമ്പിന്റെയും ചോളത്തിന്റെയും വില 40% കൂടിയതായി അമേരിക്കൻ കൃഷിവകുപ്പിനെ ഉദ്ധരിച്ചു സാമ്പത്തിക പ്രസിദ്ധീകരണങ്ങൾ പരിഭ്രാന്തി പരത്തുന്ന റിപ്പോർട്ടുകൾ നൽകുന്നു.

ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ നമുക്ക് വളരെ വ്യക്തമാകുന്ന സത്യം കൃഷിയുടെയും കൃഷിഭൂമിയുടെയും കൃഷിക്കാരന്റെയും മേലുള്ള സമ്മർദ്ദം ദിനംപ്രതി വർദ്ധിക്കുന്നുയെന്നതാണ്. ഇന്ത്യയിലെ 120 കോടിയോളം വരുന്ന മനുഷ്യർക്കും 100 കോടിയിൽപ്പരം വരുന്ന കാലികൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും കയറ്റുമതിക്കുമുള്ള വിഭവങ്ങൾക്ക് പുറമെയാണ് ജൈവ ഇന്ധനമായ 'എത്തനോൾ' ഉൽപ്പാദിപ്പിക്കാൻ കാർഷികരംഗത്തേക്ക് നാം തിരിയുന്നത്. ഇതിനുള്ള നടപടികൾ വൈകുന്തോറും എണ്ണ ഇറക്കുമതിയുടെ ബിൽ അടയ്ക്കാൻ വേണ്ടുന്ന തുക താങ്ങാനാകാത്ത വിധം ഉയരും!. ഇത്തരത്തിൽ കൃഷിക്കുള്ള നല്ല ഭൂമി മറ്റാവശ്യങ്ങൾക്കായി രാജ്യമൊട്ടാകെ മാറ്റപ്പെടുന്നു. വ്യാവസായിക വളർച്ചയ്ക്കും അടിസ്ഥാനസൗകര്യ വികസനത്തിനും കൃഷി ഭൂമി മാറ്റപ്പെടുന്നതിനോടൊപ്പം ടൂറിസം തുടങ്ങിയ വ്യവസായങ്ങൾക്കും പാതനിർമ്മാണത്തിനും ഭൂമി മാത്രമല്ല ജലം, വൈദ്യുതി തുടങ്ങിയവ വളരെ ഉയർന്ന തോതിൽ ആവശ്യമാകുന്നു. ഇതിനുംപുറമേയാണ് കൃഷിത്തൊഴിൽ വിട്ട് കർഷകതൊഴിലാളികളും ചെറുകിട കർഷകരും യുവാക്കളും മറ്റു കൂടുതൽ മാന്യതയും സാമ്പത്തിക ലാഭവും തരുന്ന മേഖലകളിലേക്ക് വേഗം മാറിപോകുന്നത്!

കേരളത്തിന്റെ പ്രകൃതിയേയും മറ്റു അനുഗ്രഹീത ജീവിത സൗകര്യങ്ങളെയും കുറിച്ച് എന്തെല്ലാം മഹത്വങ്ങൾ നാം പറഞ്ഞാലും ശുദ്ധജലവും ശുദ്ധവായുവും ഒപ്പംതന്നെ വൈവിധ്യമാർന്ന കാർഷിക വിളകളും തന്നെയാണ് കേരളത്തിന്റെ എറ്റവും വലിയ സമ്പത്ത്. ഇതു നിലനിറുത്താനുള്ള പ്രഥമവും പ്രധാനവുമായ കർമ്മമേഖലയാണ് കൃഷിഭൂമി സംരക്ഷണവും കൃഷിക്കാരുടെ നന്മയും കാർഷികോൽപ്പാദനവും!

കേരളത്തിലെ ഏറ്റവും വലിയ പ്രശ്നമായി ഇന്ന് പറയപ്പെടുന്നത് ഖരമാലിന്യമാണെങ്കിൽ നാളെയത് ശുദ്ധജല ദൗർലഭ്യമായി മാറുകയില്ലെന്ന് ആരു പറഞ്ഞു.? ഒരു ചെറിയ ഉദാഹരണംമാത്രം. കേരളത്തിൽ 1970 ൽ ഒമ്പത് ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. അന്നു നാം ആവശ്യത്തിന്റെ 50% നെല്ലരി മാത്രമാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. തന്മൂലം ഒട്ടനവധി പ്രയാസങ്ങൾ ഭക്ഷ്യവിതരണരംഗത്ത് ഉണ്ടായിരുന്നു. പക്ഷേ അന്ന് കേരളത്തിൽ വിശ്വാസമായി വെള്ളം കുടിക്കാൻ 15 രൂപകൊടുത്ത് അരിഷ്ടിച്ച് ഒരു ലിറ്റർ വെള്ളം ആരും വാങ്ങിയിരുന്നില്ല. ഇന്നോ കേരളത്തിൽ പാലിനെക്കാൾ വില ഒരു കുപ്പി വെള്ളത്തിന് കൊടുക്കുന്ന നില വന്നു. അല്ലാത്ത വെള്ളം കുടിച്ചാൽ അസുഖം തീർച്ച.

ഇതിനുള്ള കാരണം പഠിക്കാൻ ആഗോള ജലശാസ്ത്ര ഗവേഷണ സമിതിയുടെ പഠനം ആവശ്യമില്ല. കാരണം കേരളത്തിൽ നെൽപാട വിസ്തൃതി മൂന്ന് ലക്ഷത്തിനും രണ്ട് ലക്ഷത്തിനും താഴെ ഹെക്ടർ ആയതു മാത്രമാണ്! വർഷത്തിൽ ഏതാണ്ട് പത്തുമാസക്കാലം മഴ പെയ്യുന്ന വെള്ളം കെട്ടിനിറുത്തി ഭൂമിയിലേക്ക് കടത്തിവിടുന്ന ലക്ഷക്കണക്കിന് ഹെക്ടർ പാടശേഖരങ്ങളും ആയിരക്കണക്കിന് കുളങ്ങളും ഒക്കെ വറ്റിച്ച് ഇട്ടപ്പോൾ വറ്റിയത് നമ്മുടെ കിണറുകളിലെ മാത്രമല്ല ചെറിയ നദികളിലെയും വലിയ നദികളിലെയും വെള്ളമത്രെ!!. തന്മൂലം കടലിലെയും കായലിലെയും ഉപ്പുവെള്ളം എത്രയോ കിലോമീറ്റർ ഉള്ളിലോട്ട് കയറി ഉൾനാടുകളിലെ വരെ കിണറുകളിലെ വെള്ളം കുടിക്കാൻ കൊള്ളാത്തതാക്കി! ശുദ്ധജലം വിലകൊടുത്തു വാങ്ങുന്ന കേരളം ആരും അറിയാതെ സൃഷ്ടിക്കപ്പെട്ടു!!

അപ്പോൾ, നെൽപാടം നികത്തിയാൽ അരി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരാം. പക്ഷേ കുടിവെള്ളമോ? ഇങ്ങനെ ഓരോ രംഗത്തും നാശം വരുത്തുകയാണ്. റബ്ബറും വാഴയും ഒഴിച്ച് മറ്റൊരു വിളയും കൃഷിചെയ്താൽ ലാഭമില്ലാത്ത ഒരു തൊഴിലായി കൃഷിമാറുന്നുവെന്നു സൂചിപ്പിക്കുന്ന എത്ര എത്ര റിപ്പോർട്ടുകൾ നമുക്ക് സുലഭം.

പക്ഷേ ആഗോള ഭക്ഷ്യ ദൗർലഭ്യത്തിന്റെ ചൂടുകാറ്റ് പല രീതിയിൽ ഏഷ്യയെയും ഇന്ത്യയെയും ബാധിക്കുകയില്ല എന്നു വിശ്വസിക്കുന്നത് ശരിയായ സമീപനമല്ല. നമ്മുടെ ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിന് എതിരെയുള്ള തയ്യാറെടുപ്പ് കഴിയുന്നത്ര ഭക്ഷ്യവിഭവങ്ങൾ സംസ്ഥാനത്തിൽ തന്നെ ഉൽപ്പാദിപ്പിച്ചുകൊണ്ടാകണം. ഉത്തര ഇന്ത്യൻ സംസ്ഥാനങ്ങളാണ് നമുക്ക് ഇപ്പോൾ അരിയും ഗോതമ്പും ഒക്കെ മുടങ്ങാതെ നൽകുന്നത്. ഇപ്പോഴത്തെ കാലവർഷ പിഴവ് ഉത്തരേന്ത്യയിലെ ധാന്യമേഖലയിലെ 'ഖാരിഫ്' വിളവിനെ 60% വരെ താഴ്ത്തുമെന്ന ആശങ്ക ഉണ്ട്. 'റാബി' വിള മെച്ചമാകാൻ പ്രാർത്ഥിക്കുകയാണ്!

ഈ വസ്തുത പല കാര്യങ്ങളിലേക്കും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. നെല്ല് തുടങ്ങി പച്ചക്കറിവരെയുള്ള എല്ലാ വിളവിന്റെയും കാര്യത്തിൽ കേരളം ശക്തമായ ഒരു വികസന സമീപനം കൈക്കൊള്ളണം. അല്ലെങ്കിൽ നാം ഉണ്ടാക്കുന്ന റബ്ബറും കുരുമുളകും തേങ്ങയും തേയിലയും കാപ്പിയും ഏലവുമൊക്കെ വിറ്റുകിട്ടുന്ന പണം മുഴുവനും ഒരു പക്ഷേ അരിയും പയറും ഗോതമ്പും സസ്യഎണ്ണയും മുട്ടയും മാംസവും പച്ചക്കറിയും വാങ്ങാൻ പോരാതെ വരും! ഗൾഫിൽ നിന്നു കിട്ടുന്ന പണവും കൂടി അതിനുവേണ്ടിവരും! സ്വർണ്ണക്കടകൾ മാത്രമല്ല ഇപ്പോൾ ജനബാഹുല്യം ഒരിക്കലും നിലയ്ക്കാത്ത മറ്റു പല വ്യാപാരശാലകളെയും ഇതു ബാധിക്കാം.!!

ഇന്ന് കേരളത്തിൽ ഗ്രാമതല കൃഷി ഉൽപ്പാദന പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പിന്റെ യഥാർത്ഥ ചാലകശക്തിയും പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുന്നു. പക്ഷേ സംസ്ഥാനതലത്തിലുള്ള ഉൽപ്പാദന ഉയർച്ചയെ സംബന്ധിക്കുന്ന പൊതു കണക്കുകൾ സൂചിപ്പിക്കുന്നത് നെല്ല്, മരിച്ചീനി, പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവയുടെ മേഖലയിൽ പ്രതീക്ഷിക്കുന്ന ഉയർച്ച കാണാൻ കഴിയുന്നില്ലെന്നാണ്. അതുപോലെ റബ്ബറിന്റെ രംഗത്തുള്ളതുപോലുള്ള ഉയർച്ച നെല്ല് മുതൽ പാൽ വരെയുള്ള ഒരു ഉൽപ്പന്നത്തിന്റെയും രംഗത്തു കാണുന്നില്ല. വേഗത്തിലുള്ള സുസ്ഥിരമായ ഉയർച്ച പണം ചെലവാ

നെല്ല് തുടങ്ങി പച്ചക്കറിവരെയുള്ള എല്ലാ വിളവിന്റെയും കാര്യത്തിൽ കേരളം ശക്തമായ ഒരു വികസന സമീപനം കൈക്കൊള്ളണം. അല്ലെങ്കിൽ നാം ഉണ്ടാക്കുന്ന റബ്ബറും കുരുമുളകും തേങ്ങയും തേയിലയും കാപ്പിയും ഏലവുമൊക്കെ വിറ്റുകിട്ടുന്ന പണം മുഴുവനും ഒരു പക്ഷേ അരിയും പയറും ഗോതമ്പും സസ്യഎണ്ണയും മുട്ടയും മാംസവും പച്ചക്കറിയും വാങ്ങാൻ പോരാതെ വരും! ഗൾഫിൽ നിന്നു കിട്ടുന്ന പണവും കൂടി അതിനുവേണ്ടിവരും!



ക്കുന്ന രംഗത്ത് ഉണ്ടാകുന്നുണ്ടെങ്കിലും അതിനനുസരിച്ച് വിഭവങ്ങളുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് കാണുന്നില്ല. ശാസ്ത്രസാങ്കേതിക വൈദഗ്ധ്യങ്ങൾ കൂടുകയും കൃഷിക്ക് ധനസഹായവും വായ്പയും വർദ്ധിപ്പിക്കുകയും ഗ്രാമതലത്തിലേക്ക് അധികാരം കൈമാറുകയും ചെയ്തിട്ടും ഉൽപ്പാദനം ഉയരാത്തത് ആശങ്ക സൃഷ്ടിക്കുന്നു. ആശ്വാസം നൽകുന്ന വിഭവ ഉൽപ്പാദന കുതിപ്പ് കാണുന്നില്ല!!

പുതിയ ആസൂത്രണ നയത്തിന്റെ ഫലമായിട്ട് കൃഷിക്കും അനുബന്ധകാര്യങ്ങൾക്കും മുൻപ് മാറ്റിവയ്ക്കപ്പെട്ടിരുന്ന 40% തുക എന്ന നിബന്ധന ഇപ്പോൾ മാറ്റിയിരിക്കുന്നു.

കൃഷിക്കും അനുബന്ധ കാര്യങ്ങൾക്കും വേണമെങ്കിൽ പഴയ 40% നിയന്ത്രണത്തിന് പകരം 60% വും 100% വരെ ചെലവാക്കാനുള്ള സ്വാതന്ത്ര്യം ഇതുവഴി ലഭ്യമായിരിക്കുകയാണ്, എങ്കിൽ അത് ഉപയോഗിക്കാൻ പഞ്ചായത്തുകൾ അഹമഹമികയാ മുന്നോട്ടുവരണം! കൃഷിരംഗം അവരെ ഇതിനായി കാത്തിരിക്കുന്നു!!

മാത്രവുമല്ല വികസനത്തിനുള്ള ചെലവിന്റെ 80% കൃഷിക്ക് ചെലവാക്കുകയും അതിന് അനുസരിച്ച് വിഭവ ഉല്പാദനം പെരുകുകയും ചെയ്യുന്ന പഞ്ചായത്തുകൾക്ക് കൃഷിവകുപ്പും മൃഗസംരക്ഷണവകുപ്പും ഡയറി വകുപ്പും പ്രത്യേകം സാമ്പത്തിക പാക്കേജുകൾ നൽകുകയും ചെയ്യുന്ന ഒരു വ്യവസ്ഥ ഉണ്ടാക്കിയാൽ കാര്യം ഉഷാറാകും. ഉല്പാദന ഉയർച്ചയിൽ മത്സരം കടന്നുവരില്ല!

കാരണം ഇന്ത്യയിൽ ഒരു ഭക്ഷ്യക്ഷാമത്തിന്റെ നിഴൽ വന്നാൽ പോലും അത് വലിയ തോതിൽ അനുഭവിക്കേണ്ട ഒരു സംസ്ഥാനവും ജനതയുമാണ് നാം. അതിനാൽ കൃഷിയുടെ രംഗത്ത് ഉൽപ്പാദനം പരമാവധി ഉയർത്താനും അതു സ്വയം ഉപയോഗിച്ചും അധികമുള്ളത് വിപണിയിലേക്ക് നൽകുന്നതുമായ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയങ്ങളായ ത്യാഗമായി സ്വയം കരുതണം.

കൃഷിവകുപ്പും സിവിൽ സപ്ലൈസും മാത്രമാണ്. നമ്മുടെ ഭക്ഷ്യകാര്യങ്ങൾ നോക്കേണ്ടത് എന്ന സമീപനമെടുത്താൽ "കുടിവെള്ള കുപ്പികൾ" നൽകുന്ന ഭീതിപ്പെടുത്തുന്ന സന്ദേശം നാം ഉൾക്കൊള്ളുന്നില്ല എന്നർത്ഥം!

കൃഷിക്കും കൃഷിക്കാരനും സർവ്വത്ര പിന്തുണയും നൽകാൻ 'വിശപ്പ്' എന്ന വികാരമുള്ള സർവ്വരും കടപ്പെട്ടിരിക്കുന്നു! ഓണം ഉണ്ണുമ്പോൾ ഇതുകൂടി ഓർക്കണം! അതു നാട്ടിനും കൃഷിക്കും നന്മ കൈവരുത്തും. ■

*ലേഖകൻ കൃഷിവകുപ്പ്*
*മുൻ ഡയറക്ടറും കൃഷി ശാസ്ത്രജ്ഞനുമാണ്*






യു.കെ. പീതാംബരൻ

# ശുചിത്വം

## ഒരു താനാളൂർ മാതൃക



**മഴക്കാല രോഗ പ്രതിരോധ- മാലിന്യ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രദേശത്ത് ജൂലൈ 17ന് 2 മണിക്കൂർ ശുചിത്വ ഹർത്താൽ ആചരിച്ചുകൊണ്ടാണ് പഞ്ചായത്ത് ശുചിത്വ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയത്.**

മലപ്പുറം ജില്ലയിലെ തീരദേശ പട്ടണമായ തിരൂരിനോട് ചേർന്നു കിടക്കുന്ന ഒരു പ്രശാന്ത സുന്ദരമായ പ്രദേശമാണ് താനാളൂർ ഗ്രാമപഞ്ചായത്ത്. 23 വാർഡുകൾ ഉള്ള ജനസാന്ദ്രതയേറിയ കാർഷികപ്രാധാന്യമുള്ള പ്രദേശമാണിത്.

പല മേഖലകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച പഞ്ചായത്താണ് താനാളൂർ. കേരളത്തിൽ തന്നെ ചുരുക്കം ചില പഞ്ചായത്തുകൾക്ക് മാത്രം അവകാശപ്പെടാവുന്ന സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത പഞ്ചായത്ത് എന്ന ഖ്യാതി വർഷങ്ങൾക്കു മുമ്പെ കരസ്ഥമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ മേഖലകൾ സംബന്ധിച്ച് സമ്പൂർണ്ണ വിവരാടിത്തറയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് അവരുടെ വിവിധ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയുടെ സ്ഥിതി മനസ്സിലാക്കാൻ സഹായിക്കുന്ന ടച്ച് സ്ക്രീൻ സംവിധാനവും നിലവിലുണ്ട്.

ഇത്തവണ തികച്ചും വ്യത്യസ്തമായ ഒരു മേഖലയിലാണ് താനാളൂർ ചരിത്രം സൃഷ്ടിച്ചിരിക്കുന്നത്. മഴക്കാല രോഗ പ്രതിരോധ- മാലിന്യ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രദേശത്ത് ജൂലൈ 17 ന് 2 മണിക്കൂർ ശുചിത്വ ഹർത്താൽ ആചരിച്ചുകൊണ്ടാണ് പഞ്ചായത്ത് ശുചിത്വ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയത്.

ശുചിത്വ ഹർത്താലിന് മുന്നോടിയായി പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ, വ്യാപാരികൾ, ക്ലബ്ബ്/യുവജന സംഘടനകൾ എന്നിവരുടെ പ്രതിനിധികൾ കുടുംബശ്രീ, ആരോഗ്യ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, ആശാ വർക്കർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം പ്രതിനിധികളുടെയും പഞ്ചായത്ത് മെമ്പർമാരുടെയും വിപുലമായ ഒരു യോഗം പഞ്ചായത്ത് വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സംഘാടക സമിതി രൂപീകരിക്കുകയും പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ശുചിത്വ ഹർത്താലിന്റെ പ്രചരണാർത്ഥം നോട്ടീസ് അച്ചടിച്ച് ആശ, കുടുംബശ്രീ പ്രവർത്തകർ മുഖേന എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിച്ചു. പദ്ധതിയുടെ പ്രാധാന്യം ചൂണ്ടികാണിച്ചു കൊണ്ടുള്ള വിശദമായ കത്ത് പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും നൽകി. രണ്ട് പ്രചരണവാഹനങ്ങൾ; ഒന്ന് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലും മറ്റൊന്ന് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലും മൈക്ക് പ്രചരണം നടത്തി.

ശുചിത്വ ഹർത്താലിന്റെ തലേദിവസം ജാഥയും പൊതുസമ്മേളനവും സംഘടിപ്പിച്ചിരുന്നു. പടിഞ്ഞാറൻ മേഖലയായ വട്ടത്താണി ഭാഗത്തു നിന്നും പഞ്ചായത്ത് അംഗം പി. സതീശൻ മാസ്റ്ററുടെ നേതൃത്വത്തിലും കിഴക്കൻ മേഖലയായ അയ്യായ്യ റോഡ് ഭാഗത്തു നിന്നും പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഒ.പി. ഇബ്രാഹിംക്കുട്ടിയുടെ നേതൃത്വത്തിലും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ശുചിത്വ സന്ദേശ ജാഥ ചെണ്ടമേളത്തിന്റെ അകമ്പടിയോടെ സമ്മേളനസ്ഥലത്തെത്തി. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വി.പി. സുലൈഖ അദ്ധ്യക്ഷത വഹിച്ചു. താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തൊട്ടിയിൽ ശരീഫ യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ശുചിത്വ മിഷൻ പ്രതിനിധി ഉൾപ്പെടെയുള്ളവർ സംസാരിച്ചു. ശുചിത്വ ഹർത്താലിന്റെ പ്രചാരണാർത്ഥം നടത്തിയ ശുചിത്വ സന്ദേശജാഥകളിലും തുടർന്ന് നടന്ന പൊതുയോഗത്തിലും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നും നല്ല പങ്കാളിത്തം ഉണ്ടായി.

ജൂലൈ 17ന് രാവിലെ 9.30 മണി മുതൽ 11.30 മണി വരെയാണ് പഞ്ചായത്തിൽ ശുചിത്വ ഹർത്താൽ ആചരിച്ചത്. എല്ലാ വീടുകളും സ്ഥാപനങ്ങളും അവയുടെ പരിസരവും അവരവർ തന്നെ ശുചീകരിക്കുക എന്നതാണ് ശുചീകരണ ഹർത്താലിലൂടെ നടപ്പാക്കിയത്. പഞ്ചായത്ത് മെമ്പർമാർ അവരവരുടെ പ്രദേശത്തെ അങ്ങാടികളിലും മറ്റും ശുചീകരണത്തിന് നേതൃത്വം നൽകി. പഞ്ചായത്ത് ഓഫീസിലും പഞ്ചായത്തിലെ മറ്റു സ്ഥാപനങ്ങളിലും ജീവനക്കാർ രാവിലെ 9 മണിക്ക് തന്നെ ഹാജരായി ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പഞ്ചായത്ത് ഓഫീസിൽ രാവിലെ 10 മണിയോടെ തന്നെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെട്ട സംഘം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. സന്ദർശന വേളയിൽ കണ്ട കാഴ്ച വളരെ ആവേശകരമായിരുന്നു. ജനങ്ങൾ സ്വമേധയാ രംഗത്തിറങ്ങി അവരവരുടെ പ്രദേശം ശുചീകരിക്കുകയും മാലിന്യങ്ങൾ കുഴി എടുത്ത് മൂടിയും കത്തിച്ചും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നുണ്ടായിരുന്നു. വ്യാപാരികളുടെ ഭാഗത്ത് നിന്നും നല്ല പ്രതികരണമാണ് ഉണ്ടായത്. അവർ പൂർണ്ണമായും പഞ്ചായത്തുമായി സഹകരിച്ചു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശുചിത്വ ഹർത്താലിലൂടെ പഞ്ചായത്ത് പ്രദേശം മുഴുവനും ശുചീകരിക്കുന്നതിനും കെട്ടിക്കിടന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും സാധിച്ചു.



ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പി. സുലൈഖ, വൈസ് പ്രസിഡന്റ് ഒ. പി. ഇബ്രാഹിംകുട്ടി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുജാത മാളിയേക്കൽ, പഞ്ചായത്ത് സെക്രട്ടറി യു.കെ. പീതാംബരൻ, ഹെൽത്ത് ഇൻസ്പെക്ടർ ശശികുമാർ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ■

*ലേഖകൻ താനാളൂർ*
*ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്*



ആഗസ്റ്റ് 2012



പഞ്ചായത്ത് രാജ്

അജിത് വെണ്ണിയൂർ

# ശ്രീശക്തി വെബ്പോർട്ടൽ




## സ്ത്രീപദവി പഠനത്തിന് കുടുംബശ്രീയുടെ പുതിയ വേദി

www.sreesakthi.org

സ്ത്രീശാക്തീകരണത്തിൽ അനന്യമായ മാതൃകകൾ സൃഷ്ടിച്ച കുടുംബശ്രീയുടെ നൂതന സംരംഭങ്ങളിലൊന്നാണ് സ്ത്രീപദവി സ്വയംപഠന പ്രക്രിയ. സാമ്പത്തികശാക്തീകരണത്തിനൊപ്പം അവകാശബോധവും സ്വത്വബോധവുമുള്ള സ്ത്രീസമൂഹസൃഷ്ടിയിലൂടെ മാത്രമേ സാമൂഹിക ശാക്തീകരണവും ദാരിദ്ര്യലഘൂകരണവും പൂർണമാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ രൂപംനൽകിയ ആ പഠന പ്രക്രിയയുടെ പ്രധാന ആശയവിനിമയ വേദികളിലൊന്നാണ് ശ്രീശക്തി വെബ്പോർട്ടൽ.

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി 1998ൽ സംസ്ഥാന സർക്കാർ തദ്ദേശ ഭരണ വകുപ്പിന്റെ കീഴിൽ രൂപം നല്കിയ കുടുംബശ്രീ പതിനാല് വർഷം പിന്നിടുമ്പോൾ 38 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായുള്ള 2,02,000 അയൽക്കൂട്ടങ്ങളും 17,546 എ.ഡി.എസുകളും (ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി) 1072 സി.ഡി.എസുകളും (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) ഉൾപ്പെടുന്ന രാജ്യത്തെ ഏററവും വലിയ സ്ത്രീ സാമൂഹിക സംഘടനാസംവിധാനമായി വളർന്നു കഴിഞ്ഞു. ശക്തമായ ഈ സംഘടനാ സംവിധാനത്തെ സ്ത്രീശാക്തീകരണപ്രക്രിയയിൽ ചാലകശക്തിയാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗം കൂടിയാണ് സ്ത്രീപദവി സ്വയം പഠനവും ശ്രീശക്തിപോർട്ടലും.

### സ്ത്രീപദവി സ്വയംപഠന പ്രക്രിയ

തങ്ങളുടെ ജീവിതാനുഭവങ്ങൾ പരിശോധിക്കുന്നതിനും തിരിച്ചറിയുന്നതിനും മനസിലാക്കുന്നതിനും ചൂഷണത്തിന്റെ വഴികൾ ഏതൊക്കെയാണെന്ന് വിശകലനം ചെയ്ത് അറിയാനും സ്ത്രീപദവി സ്വയംപഠന പ്രക്രിയ സ്ത്രീകളെ സജ്ജമാക്കുന്നു. ഇത്തരത്തിലുള്ള സാമൂഹിക പഠനം സ്ത്രീകളെ അവർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച നടത്താനും അതിലൂടെ പരിഹാര മാർഗം കണ്ടെത്താനും സഹായിക്കുന്നു. ഈ പഠന പദ്ധതിയിലെ മോഡ്യൂൾ വികസന പ്രക്രിയ പൂർണ്ണമായും വെബ് അധിഷ്ഠിതമാണ്.

### ശ്രീശക്തി വെബ്പോർട്ടൽ

വിവിധ സംഘടനാതലങ്ങളിൽ നടത്തിയ ചർച്ചകളെ ഓൺലൈൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പരിപോഷിപ്പിക്കാനും അതിലൂടെ പോരായ്മകൾ നികത്താനും ശ്രീശക്തി വെബ്പോർട്ടൽ വഴിയൊരുക്കുന്നു. അങ്ങനെ കൂടുതൽ വ്യത്യസ്തമായ ആശയങ്ങളും ചിന്തകളും പ്രവർത്തന രീതികളും മനസിലാക്കുന്നതിനും അതിനെ ഒരു പൊതുധാരയിൽ കൊണ്ടുവരുന്നതിനും ഇത് സ്ത്രീകളെ പ്രാപ്തരാക്കുന്നു. ഈ രീതിയിൽ നെറ്റ്‌വർക്കിനുള്ളിൽ തന്നെ ഒരു സാങ്കേതിക വിവരശേഖരണം രൂപീകരിക്കപ്പെടുന്നതിലൂടെ ഏറ്റവും താഴെ തട്ടിലുള്ള ആളുകൾക്കു പോലും അതിലെ വിവരങ്ങൾ ഉപയോഗിക്കാൻ കഴിയും.

### മലയാളത്തിലും ഇംഗ്ലീഷിലും

ഉള്ളടക്കം മലയാളത്തിലും ഇംഗ്ലീഷിലും വായിച്ചു മനസ്സിലാക്കാൻ സഹായകമായ ഒരു ദ്വിഭാഷാ പോർട്ടലാണ് ശ്രീശക്തി. പ്രശ്നങ്ങൾ, ആശയങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാനും മോഡ്യൂളുകൾ രൂപീകരിക്കാനും എല്ലായിടത്തു നിന്നും വിവരങ്ങൾ ശേഖരിക്കാനും സംശയ നിവാരണത്തിനും അതിലൊക്കെ ഉപരിയായി സ്ത്രീകൾക്ക് കമ്പ്യൂട്ടർ സാങ്കേതികപരിജ്ഞാനം നേടിക്കൊടുക്കാനും ഈ പോർട്ടൽ സഹായിക്കുന്നു.

ഹോം, ഇമേജ് ഗ്യാലറി, റിഫ്ളെക്ഷൻ, ഡിസ്കഷൻ ഫോറം, പബ്ലിക്കേഷൻസ്, കലണ്ടർ, എബൗട്ട് അസ് എന്നിവയാണ് പോർട്ടലിന്റെ പ്രധാന ടാബുകൾ.

*ഇമേജ് ഗ്യാലറി:* ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളാണ് ഇമേജ് ഗ്യാലറിയിൽ കാണാൻ കഴിയുക. സ്ത്രീപദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ നടത്തിയിട്ടുള്ള പുതുമയുള്ള പ്രവർത്തനങ്ങളുടെ ആകർഷകമായ ദൃശ്യങ്ങളാവും ഇത്.

*റിഫ്ളക്ഷൻ:* അസമത്വവും അനീതിയും നിലനിൽക്കുന്ന സാമൂഹിക സാംസ്കാരിക വ്യവസ്ഥിതിക്ക് മാറ്റം വരുത്താൻ ഒറ്റയ്ക്കും കൂട്ടായും ശ്രമിക്കുന്ന സ്ത്രീകൾക്ക് കുടുംബശ്രീ എല്ലാ കാലത്തും പ്രചോദനം നൽകുന്നു. പോരാട്ടത്തിന്റെ ആ കഥകൾ എല്ലാം തന്നെ സ്വയം തിരിച്ചറിഞ്ഞ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ കരുത്തുറ്റ സ്ത്രീകളുടേതാണ്. ഇവിടെ സംശയങ്ങൾ ചോദിക്കാനുള്ള സൗകര്യവുമുണ്ട്.

*ഡിസ്കഷൻ ഫോറം:* ആശയങ്ങളും അഭിപ്രായങ്ങളും ചിന്തകളും പുറത്തു കൊണ്ടുവരുന്നതിനായി രൂപീകരിച്ചിട്ടുള്ള വേദിയാണ് ഡിസ്കഷൻ ഫോറം. ഇത് സ്വയംപഠന പ്രക്രിയയ്ക്ക് ആവശ്യമായ മോഡ്യൂളുകളും മറ്റും തയാറാക്കുന്നതിന് സഹായകമാകും. ചർച്ചകളിൽ നിന്നും ഉയർന്നു വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അതതു രംഗത്തെ വിദഗ്ധർ വിലയിരുത്തിയതിനു ശേഷമാണ് പ്രസിദ്ധീകരിക്കുക. പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കു മാത്രമേ ഡിസ്കഷൻ ഫോറത്തിൽ പങ്കെടുക്കാൻ കഴിയൂ. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് ഹോംപേജിൽ ലഭ്യമാണ്.

വെബ് പോർട്ടലിൽ പ്രധാനമായും സഞ്ചാരസ്വാതന്ത്ര്യം, സ്ത്രീയും ആരോഗ്യവും, നിർഭയ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാണുള്ളത്.

*പബ്ലിക്കേഷൻസ്:* അതത് പ്രദേശങ്ങളിൽ നിന്നുള്ള ഡിജിറ്റൈസ്ഡ് ഫോർമാറ്റിലുള്ള ന്യൂസ് ലെറ്ററുകൾ, മാഗസിൻ എന്നിവ ഇവിടെ പോസ്റ്റ് ചെയ്തിരിക്കുന്നു. സമൂഹത്തിലെ എല്ലാ തലങ്ങളിലുമുള്ള സ്ത്രീകളുടെ ക്രിയാത്മക രചനകളാണ് ഇവ. അവകാശങ്ങൾ, ആക്ടുകൾ, സ്വയംപഠന പദ്ധതിയുടെ മുൻ മോഡ്യൂളുകൾ എന്നിങ്ങനെ കൂടുതൽ വായനയ്ക്ക് ആവശ്യമായ കാര്യങ്ങൾ ഇതിൽ ലഭ്യമാണ്. കുടുംബശ്രീയിൽ നിന്നുള്ള അറിയിപ്പുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*കലണ്ടർ:* കുടുംബശ്രീ പ്രവർത്തനങ്ങളെകുറിച്ചുള്ള പ്രോഗ്രാം കലണ്ടർ ആണ് ഈ വിഭാഗത്തിൽ.

*എബൗട്ട് അസ് (ഞങ്ങളെ കുറിച്ച്):* സംസ്ഥാനത്ത് 14 ജില്ലകളിലേയും ടീമുകളെ ബന്ധപ്പെടാനുള്ള മേൽവിലാസം ഈ വിഭാഗത്തിലുണ്ട്. പോർട്ടലിന്റെ വിലാസം: *www.sreesakthi.org* ■

*ലേഖകൻ കുടുംബശ്രീയിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്.*

**വിവിധ സംഘടനാതലങ്ങളിൽ നടത്തിയ ചർച്ചകളെ ഓൺലൈൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പരിപോഷിപ്പിക്കാനും അതിലൂടെ പോരായ്മകൾ നികത്താനും ശ്രീശക്തി വെബ്പോർട്ടൽ വഴിയൊരുക്കുന്നു. അങ്ങനെ കൂടുതൽ വ്യത്യസ്തമായ ആശയങ്ങളും ചിന്തകളും പ്രവർത്തന രീതികളും മനസിലാക്കുന്നതിനും അതിനെ ഒരു പൊതുധാരയിൽ കൊണ്ടു വരുന്നതിനും ഇത് സ്ത്രീകളെ പ്രാപ്തരാക്കുന്നു. ഈ രീതിയിൽ നെറ്റ്‌വർക്കിനുള്ളിൽ തന്നെ ഒരു സാങ്കേതിക വിവരശേഖരണം രൂപീകരിക്കപ്പെടുന്നതിലൂടെ ഏറ്റവും താഴെ തട്ടിലുള്ള ആളുകൾക്കു പോലും അതിലെ വിവരങ്ങൾ ഉപയോഗിക്കാൻ കഴിയും.**



ഡോ. എം. ഷംസുദ്ദീൻ



# കാസർഗോഡിന് ബഹുമതി

## സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കൃത അക്കൗണ്ടിംഗ് നടപ്പാക്കിയ ഭാരതത്തിലെ പ്രഥമ ജില്ല

### കൂട്ടായ്മയുടെ ഉത്തമ മാതൃക

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കൃത അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് നടപ്പാക്കിയ ഭാരതത്തിലെ പ്രഥമ ജില്ല എന്ന ബഹുമതി കാസർഗോഡിന്. ഇതു സംബന്ധിച്ച പ്രഖ്യാപനം 2012 ജൂലൈ 21ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തി.

കുമ്പള ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ലാപ്ടോപ്പ് സ്വിച്ച് അമർത്തി finance. lsgkerala.gov.in. വെബ്സൈറ്റിലൂടെ കാസർഗോഡ് ജില്ലയുടെ അക്കൗണ്ടിംഗ് വിവരങ്ങൾ പ്രകാശിപ്പിച്ചായിരുന്നു മുഖ്യമന്ത്രി ചടങ്ങിന്റെ ഉൽഘാടനം നിർവഹിച്ചത്. അതോടൊപ്പം tax.lsgkerala.gov.in വെബ്സൈറ്റിൽ നിന്നെടുത്ത ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കുമ്പള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എച്ച്. റംലയ്ക്ക് നൽകിക്കൊണ്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈനായി നൽകുന്നതിന്റെ ഉൽഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻപിള്ള, ഇൻഫർമേഷൻ കേരള മിഷൻ ചെയർമാൻ ഡോ. എം. ഷംസുദ്ദീൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

**കാസർഗോഡ് ജില്ല അനുകരണീയ മാതൃക**

ഒരു ജില്ലയിലെ തദ്ദേശഭരണസ്ഥാപങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയ്ക്ക് ഭരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പിന്തുണയുണ്ടെങ്കിൽ കൈവരിക്കാവുന്ന നേട്ടങ്ങൾക്ക് ഉത്തമ മാതൃകയാണ് കാസറഗോഡ് ജില്ല.

ജില്ലാ കളക്ടർ വി.എൻ. ജിതേന്ദ്രന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2011 ആഗസ്റ്റ് മാസം നടന്ന യോഗത്തോടെ ഈ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

തുടർന്ന് 2011 മുതൽ സാംഖ്യ സമ്പൂർണ്ണമായി വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഐ.കെ.എം. ജില്ലാ കോ-ഓർഡിനേറ്ററും ജില്ലാ ടെക്നിക്കൽ ഓഫീസറും ഊർജ്ജിതപ്പെടുത്തി. പ്രധാനമായും ജീവനക്കാരെയും ജനപ്രതിനിധികളെയും ഈ പ്രവർത്തനത്തിന് സജ്ജമാക്കുകയെന്ന പ്രവർത്തനമാണ് ആദ്യം നടത്തിയത്. തുടർന്ന് ഡി.ഡി.പി.

**ഇ-ഗവേണൻസ് രംഗത്തെ നേട്ടം വഴി രാജ്യത്തെ മറ്റൊരു പ്രഥമ സ്ഥാനം കൂടി കേരളം കൈവരിക്കുന്ന അസുലഭ മുഹൂർത്തത്തിന് ഇനി ഏറെ താമസമുണ്ടാവുകയില്ലെന്ന് നമുക്ക് പ്രത്യാശിക്കാം.**

മീറ്റിംഗുകളിൽ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച തുടർച്ചയായ വിലയിരുത്തൽ നടത്തി യഥാസമയം പരിഹാരം കണ്ടെത്തി. സാംഖ്യ ഇംപ്ലിമെന്റേഷന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷനിലെ സാങ്കേതിക വിദഗ്ധർ തദ്ദേശസ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്തി. സാംഖ്യ പ്രവർത്തിക്കാൻ ആവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം, പ്രിന്ററുകളുടെ കേടുപാടുകൾ, നെറ്റ്വർക്കിംഗ്/ഇലക്ട്രിഫിക്കേഷൻ തകരാറുകൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ കണ്ടെത്തുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകളെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തി സാംഖ്യ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, സെക്രട്ടറിമാർ, പെർഫോമൻസ് ആഡിറ്റ് സൂപ്രണ്ടുമാർ തുടങ്ങിയവരുടെ യോഗം വിളിച്ചു ചേർക്കുകയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിന്റെ തീരുമാനപ്രകാരം ഐ.കെ.എം.ന്റെ നേതൃത്വത്തിൽ ജില്ലയിൽ ഹാർഡ്വെയർ ക്ലിനിക്കുകൾ സംഘടിപ്പിച്ച് ആവശ്യമായ ഭൗതിക സൗകര്യം ഒരുക്കുകയും ചെയ്തു. ഇതോടെ എല്ലാ പഞ്ചായത്തുകളിലെയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനസജ്ജമായി. ഈ സമയത്തുതന്നെ കിലയിൽ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സാംഖ്യ സോഫ്റ്റ്വെയറിൽ പരിശീലനം നൽകുകയും പ്രസിഡന്റ്/വൈസ്പ്രസിഡന്റ്








*വെബ്സൈറ്റിൽ നിന്നെടുത്ത ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കുമ്പള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എച്ച്. റംലയ്ക്ക് നൽകിക്കൊണ്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈനായി നൽകുന്നതിന്റെ ഉൽഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നു. പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം കെ മുനീർ, പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ തുടങ്ങിയവർ സമീപം.*

എന്നിവർക്കും സാംഖ്യ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തുന്ന സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ സാംഖ്യ പ്രധാന അജണ്ടയായിത്തീർന്നു.

മൂന്നു ഘട്ടങ്ങളിലായാണ് കാസർഗോഡ് ജില്ലയിൽ സാംഖ്യ വിന്യസിച്ചത്. ആദ്യഘട്ടത്തിൽ 5 പഞ്ചായത്തുകളും രണ്ടാം ഘട്ടത്തിൽ 15 പഞ്ചായത്തുകളും മൂന്നാംഘട്ടത്തിൽ മുഴുവൻ പഞ്ചായത്തുകളും ഓൺലൈനാക്കുവാൻ സാധിച്ചു. സെക്രട്ടറിമാരും അക്കൗണ്ടന്റുമാരുമുൾപ്പെടെയുള്ള ജീവനക്കാർ അവരുടെ സ്വന്തം പരിപാടിയായി ഈ പ്രവർത്തനത്തെ കണ്ടതിനാൽ വളരെ പെട്ടെന്ന് മുഴുവൻ പഞ്ചായത്തിലും സാംഖ്യ നടപ്പാക്കാൻ കഴിഞ്ഞു. 2011 ഒക്ടോബറിൽ തുടങ്ങിയ പ്രവർത്തനം 2012 മാർച്ച് മാസത്തോടുകൂടി പൂർത്തിയായി. തെറ്റു തിരുത്തലുകളും വിട്ടുപോയവ കൂട്ടിച്ചേർക്കുന്നതുൾപ്പെടെയുള്ള അഡ്ജസ്റ്റുമെന്റുകളും മാത്രമാണ് ബാക്കി വന്നത്.

**പിയർ റിവ്യൂ**

കാസർഗോഡ് ജില്ലയിലെ അക്കൗണ്ടിംഗ് പുരോഗതി സംബന്ധിച്ച പിയർ റിവ്യൂ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ളയുടെയും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ഡോ. എം. ഷംസുദ്ദീന്റെയും നേതൃത്വത്തിൽ കളക്ടറേറ്റ് ഹാളിൽ നടന്നു. ശില്പശാലയിൽ ഡി.ഡി.പി.,

**ഒരു ജില്ലയിലെ തദ്ദേശഭരണ സ്ഥാപങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയ്ക്ക് ഭരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പിന്തുണയുണ്ടെങ്കിൽ കൈവരിക്കാവുന്ന നേട്ടങ്ങൾക്ക് ഉത്തമ മാതൃകയാണ് കാസറഗോഡ് ജില്ല.**

എ.ഡി.പി., എ.ഡി.സി., പഞ്ചായത്ത് സെക്രട്ടറിമാർ, അക്കൗണ്ടന്റുമാർ, ഐ.കെ.എം. പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. വിവിധ പഞ്ചായത്തുകളിലെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ ശില്പശാലയിൽ വച്ച് നൽകിയതിന്റെ ഫലമായി സാംഖ്യപ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും സുഗമമായി പുരോഗമിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി.

2012 ഏപ്രിൽ 1 മുതൽ പുതിയ വർഷത്തെ പ്രവർത്തനം ആരംഭിച്ചു വരുന്നു. പഞ്ചായത്തുകളിലെ പ്രാഗത്ഭ്യം നേടിയ അക്കൗണ്ടന്റുമാർ മറ്റു പഞ്ചായത്തുകളിലെ സംശയങ്ങൾ ദുരീകരിക്കാൻ സഹായിച്ചതും സഹായകമായി.

ബ്ലോക്ക്/ഗ്രാമപഞ്ചയാത്ത് തലത്തിൽ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ട്സുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും സാങ്കേതിക സഹായത്തിനുമായി (ഡൊമൈൻ/ടെക്നിക്കൽ സപ്പോർട്ട്) ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ടിന്റെ ഭാഗമായി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു അക്കൗണ്ടന്റ് കം ഐറ്റി എക്സ്പെർട്ട് എന്ന ക്രമത്തിൽ 152 പേർക്ക് പരിശീലനം നൽകി നിയോഗിച്ചിട്ടുണ്ട്.

സുലേഖ (പ്ലാൻ മോണിറ്ററിംഗ്) സേവന (സിവിൽ രജിസ്ട്രേഷൻ), സേവന (സാമൂഹ്യ സുരക്ഷാ പെൻഷൻ), സഞ്ചയ (റവന്യൂ), സൂചിക (ഫയൽ ട്രാക്കിംഗ്), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ്), സുഗമ (വർക്ക് എസ്റ്റിമേഷൻ), സങ്കേതം (ബിൽഡിംഗ് പെർമിറ്റ്), സകർമ്മ (മിനിട്ട്സ്), സചിത്ര (അസറ്റ് രജിസ്റ്റർ) തുടങ്ങിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുമായി ഉദ്ഗ്രഥിച്ചു പ്രവർത്തിക്കത്തക്ക രീതിയിലാണ് സാംഖ്യ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇവയിൽ മിക്കവയുമായുള്ള ഉദ്ഗ്രഥനം നടപ്പായിട്ടുണ്ട്. ഇതോടെ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനും ഇ- ഗവേണൻസ് നടപ്പാക്കുന്നതിനുമുള്ള കളമൊരുങ്ങിക്കഴിഞ്ഞു. ഇ-ഗവേണൻസ് രംഗത്തെ നേട്ടം വഴി രാജ്യത്തെ മറ്റൊരു പ്രഥമ സ്ഥാനം കൂടി കേരളം കൈവരിക്കുന്ന അസുലഭ മുഹൂർത്തത്തിന് ഇനി ഏറെ താമസമുണ്ടാവുകയില്ലെന്ന് നമുക്ക് പ്രത്യാശിക്കാം. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ എക്സിക്യൂട്ടീവ് ചെയർമാനും ഡയറക്ടറുമാണ്*

# തുമ്പമൺ

## ഇവിടെ സേവനങ്ങൾ ഇ-ഗവേണൻസിലൂടെ

**പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സംസ്ഥാനത്തെ ആദ്യ ഗ്രാമപഞ്ചായത്ത്**

സമ്പൂർണ്ണ ഇ-ഗവേണൻസിലൂടെ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്ന സംസ്ഥാനത്തെ പ്രഥമ പഞ്ചായത്തെന്ന ബഹുമതി തുമ്പമണിന്. തുമ്പമൺ ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ ഇ-ഗവേണൻസ് സേവനങ്ങളുടെ ഉദ്ഘാടനം ജൂൺ 26ന് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബുജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ പി. വേണുഗോപാൽ ഐ.എ.എസ്, തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ഗോപാലൻ, വൈസ് പ്രസിഡന്റ് സഖറിയ വർഗ്ഗീസ്, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എ. സെയ്ദ്, സെക്രട്ടറി ബി. ജയലക്ഷ്മി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സമ്പൂർണ്ണ ഇ-ഗവേണൻസ് സേവനങ്ങൾ ലഭ്യമാവുന്ന സംസ്ഥാനത്തെ ആദ്യ ഗ്രാമപഞ്ചായത്താണ് പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്ത്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ എല്ലാ സോഫ്റ്റ് വെയറുകളും പൂർണ്ണമായി ഉപയോഗിക്കുന്ന ഏകപഞ്ചായത്താണ് തുമ്പമൺ. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയെന്ന നിലയിൽ ഈ ഗ്രാമപഞ്ചായത്തിലെ ഇ-ഗവേണൻസ് സേവനങ്ങൾ ജനോപകാരപ്രദമായി വികസിപ്പിച്ചതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങളുടെയും സെക്രട്ടറിയുടെയും ജീവനക്കാരുടെയും ഐ.കെ.എം. ന്റെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനമുണ്ട്. നല്ല ഒരു ടീം വർക്കിലൂടെയാണ് ഇത്തരത്തിലുള്ള നേട്ടം കൈവരിക്കാൻ തുമ്പമണിന് കഴിഞ്ഞത്.

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയെയും പഞ്ചായത്ത് ജീവനക്കാരെയും I.K.M. പ്രവർത്തകരെയും ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രി അഭിനന്ദിച്ചു.




*തുമ്പമൺ ഗ്രാമപഞ്ചായത്ത്: സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രഖ്യാപനം പഞ്ചായത്ത് സമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം കെ മുനീർ നടത്തുന്നു.*

പഞ്ചായത്തിന്റെ താഴെപറയുന്ന അഞ്ചിനം സേവനങ്ങൾ വെബ് അധിഷ്ഠിതമാണ്.

1) **www.cr.lsgkerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും 1971 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡു ചെയ്യാവുന്നതാണ്. ഈ സർട്ടിഫിക്കറ്റ് നിയമപരമായ രേഖയായി അംഗീകരിച്ചിട്ടുണ്ട്.

2) **www.cr.lsgkerala.gov.in** എന്ന വെബ്സൈറ്റിലൂടെ പൊതു വിവാഹ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് ലഭ്യമാണ്.

3) **www.tax lsgkerala gov.in** എന്ന വെബ്സൈറ്റിലൂടെ ഗ്രാമപഞ്ചായത്തിലേക്ക് അടയ്ക്കേണ്ട വസ്തുനികുതി (കെട്ടിട നികുതി) ലോകത്തിന്റെ ഏതു കോണിൽ നിന്നും അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ലഭ്യമാണ്. നികുതിദായകർക്ക് നികുതി വിവരങ്ങളും ഈ സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

4) 10,11 പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രോജക്ടുകളുടെ വകയിരുത്തൽ, ചെലവു വിവരങ്ങൾ എന്നിവ www.sulekhaweblsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

5) 5 വിവിധ സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ വിവരസഞ്ചയം www.welfarepension.kerala.-gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുജനങ്ങൾ പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളുടെ സ്ഥിതി, പെൻഷൻ സംബന്ധമായ വിവരങ്ങൾ, കെട്ടിടനികുതി എന്നിവ ഉദ്യോഗസ്ഥരുടെ സഹായമില്ലാതെതന്നെ മനസ്സിലാക്കുവാൻ പഞ്ചായത്തിൽ ടച്ച് സ്ക്രീൻ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർവൽകൃത അക്രൂവൻ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനവും തുമ്പമൺ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നു. ■

*തയ്യാറാക്കിയത് - **എം. സെയ്ദ്***
*പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ*
*പത്തനംതിട്ട ജില്ല*







## വെല്ലുവിളികളെ അതിജീവിച്ച് തുമ്പമൺ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലൂടെ നൽകപ്പെടുന്ന സേവനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഐ.കെ.എം.ന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്ത് സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണകമ്പ്യൂട്ടർവൽകൃത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിച്ചിരിക്കുകയാണ്. ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നടത്തുകയുണ്ടായി. ഇൻഫർമേഷൻ കേരള മിഷൻ ഗ്രാമപഞ്ചായത്തുകൾക്കായി വികസിപ്പിച്ചെടുത്ത പൂർണ്ണമായ എല്ലാ സോഫ്റ്റ്വെയറുകളും ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. ജനന മരണ രജിസ്ട്രഷൻ 2006 മുതൽ ഓൺലൈനായി നടന്നു വരുന്നു. കൂടാതെ ഇപ്പോൾ 1970 മുതലുള്ള പഴയ രേഖകളും ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. ഇതിനായി സേവന-സിവിൽ രജിസ്ട്രേഷൻ ഉപയോഗിച്ചുവരുന്നു. കൂടാതെ സേവന പെൻഷൻ, സാംഖ്യ (അക്കൗണ്ടിംഗ്), സഞ്ചയ (വസ്തുനികുതി), സചിത്ര (ആസ്തി), സൂചിക (ഫ്രണ്ട് ആഫീസ്),സുലേഖ (പ്ലാൻ), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ്) തുടങ്ങിയ സോഫ്റ്റ്വെയറുകളും ജനസേവനം സുഗമമാക്കാൻ ഗ്രാമപഞ്ചായത്തിനെ സഹായിക്കുന്നു.

തനതുഫണ്ടും വികസനഫണ്ടും കുറവായ ഗ്രാമപഞ്ചായത്തിനെ കമ്പ്യൂട്ടർവൽകൃതമാക്കുന്നതിലെ യഥാർത്ഥ വെല്ലുവിളി ഫണ്ട് കണ്ടെത്തുക എന്നതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തംഗങ്ങളുടെയും ജീവനക്കാരുടെയും സഹകരണത്തോടെ 6 ലക്ഷം രൂപ വിനിയോഗിച്ച് 2011ൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരുന്നു. അതുവഴി മുഴുവൻ ജീവനക്കാർക്കും കമ്പ്യൂട്ടറുകളും ആവശ്യമായ അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് സാധിച്ചു. തുടർന്നുള്ള മാസങ്ങളിൽ ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിൽ വച്ച് തന്നെ ഐ.കെ.എം. പരിശീലനം നൽകുകയും എല്ലാ സോഫ്റ്റവെയറുകളും പ്രവർത്തിപ്പിച്ചു തുടങ്ങുകയും ചെയ്തു. ഫയൽ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിലേക്ക് ഒരു ടച്ച്സ്ക്രീൻ കിയോസ്ക് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. വസ്തുനികുതി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പടുത്തിയത് കൂടാതെ വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം ഇ-ഫയൽ ചെയ്യാനുള്ള സംവിധാനവും നിലവിൽ വന്നു കഴിഞ്ഞു.

കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിന്നും ഐ.കെ.എം.ൽ നിന്നും നിർലോഭമായ സഹകരണമാണ് ലഭിച്ചത്. വിശിഷ്യാ പഞ്ചാത്ത് ഡെപ്യൂട്ടി ഡയറക്ടർ സെയ്ദ് ഈ നേട്ടത്തിന് ഗ്രാമപഞ്ചായത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഭരണ സമിതിയംഗങ്ങളുടെ പരിപൂർണ്ണപിന്തുണയോടെ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഈ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചു. സെക്രട്ടറി ജയലക്ഷ്മിയും ജീവനക്കാരും ഈ നേട്ടം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ ആത്മാർത്ഥമായി സഹായിച്ചു. ■

**ഓമന ഗോപാലൻ**, പ്രസിഡന്റ്, തുമ്പമൺ ഗ്രാമപഞ്ചായത്ത്



# ഇ-ഗവേണൻസ് ന്യൂസ്
# E-GOVERNANCE NEWS

## ഇടമലക്കുടി ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിന് തുടക്കമായി

### സേവന സിവിൽ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനം നിലവിൽവന്നു

ദേവികുളത്തുള്ള ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ഓഫീസിൽ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സുലേഖ, സേവന പെൻഷൻ, സചിത്ര(ആസ്തി) തുടങ്ങിയ ആപ്ലിക്കേഷനുകൾ ഇവിടെ വിന്യസിച്ചിട്ടുണ്ട്. കേരളത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ ഇലക്ട്രോണിക്കായി നിർവഹിക്കുന്നത് സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. എന്നാൽ ഇടമലക്കുടി, അഞ്ചുതെങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാത്രം ഭൗതിക സാഹചര്യങ്ങളുടെ അഭാവം നിമിത്തം ഇത് ഏർപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ വൈദ്യുതി, കണക്ടിവിറ്റി, ഗതാഗത സൗകര്യം എന്നിവ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ താൽക്കാലിക ഓഫീസ് ദേവികുളത്താണ് സ്ഥിതി ചെയ്യുന്നത്.

വനാന്തര പ്രദേശമായതിനാലും ഭൂരിഭാഗം പ്രസവങ്ങളും കുടികളിൽ തന്നെ നടക്കുന്നതിനാലും രജിസ്ട്രേഷൻ യൂണിറ്റുകളിൽ എത്തിപ്പെടാൻ കഴിയാത്തതിനാലും രജിസ്ട്രേഷൻ സംബന്ധമായ അറിവില്ലായ്മയും കാരണം ഇടമലക്കുടിയിൽ നടന്നിട്ടുള്ള പല ജനനങ്ങളും നിശ്ചിത സമയത്ത് രജിസ്റ്റർ ചെയ്തിരുന്നില്ല. അത്തരം ജനനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി മാതൃകാപരമായ പ്രവർത്തനം ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ 2012 ജൂലൈ 24ന് നടന്നു. പെട്ടിമുടിയിൽ വെച്ച് നടന്ന അദാലത്തിൽ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, ആർ.ഡി.ഒ ഓഫീസ്, മൂന്നാർ ഗ്രാമപഞ്ചായത്ത്, പബ്ലിക് നോട്ടറി, വെണ്ടർ, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, ഇൻഫർമേഷൻ കേരളാ മിഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ അപേക്ഷകൾ സ്വീകരിച്ച് കാലതാമസം വന്നിട്ടുള്ള രജിസ്ട്രേഷനുകൾക്ക് അംഗീകാരം നൽകി കമ്പ്യൂട്ടർ രജിസ്ട്രേഷൻ നടത്തി ജനന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 100 അപേക്ഷകൾ ലഭിച്ചതിൽ 36 എണ്ണം അനുവദിക്കുകയും 20 എണ്ണം രജിസ്ട്രേഷൻ പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. LGWAN കണക്ടിവിറ്റി ലഭിച്ചിട്ടുള്ളതിനാൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് രജിസ്ട്രേഷൻ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും സർട്ടിഫിക്കറ്റുകൾ വെബ് സൈറ്റിൽ (www. cr.lsgkerala.gov.in) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.



*ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നടന്ന ജനന സർട്ടിഫിക്കറ്റ് വിതരണ അദാലത്ത്*

## സുലേഖ സോഫ്റ്റ്വെയർ ആധുനീകരിച്ചു

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 168/12/തസ്വഭവ, തീയതി 15/06/2012) അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണ നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സുലേഖ സോഫ്റ്റ്വെയർ ആധുനീകരിച്ചു. സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് സൂക്ഷ്മമായി പരിശോധിക്കുന്നതിനും പദ്ധതി രൂപീകരണ നടപടികൾ ഉറപ്പു വരുത്തുന്നതിനുമുള്ള നിദാനമായ സംവിധാനം (Intelligent Software) ഏർപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രോജക്ട് ഫോറങ്ങളുടെ അടിസ്ഥാനത്തിൽവെബ്അധിഷ്ഠിതമായി പ്രവർത്തിക്കുന്ന തരത്തിലാണ് സോഫ്റ്റ്വെയർ പുതുക്കിയിരിക്കുന്നത്. ഇതിലൂടെ പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സാധിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്ന സമയത്ത് തന്നെ അവ ഡാറ്റാ സെന്ററിലെ സെർവറിൽ സേവ് ചെയ്യുന്നതിലൂടെ പദ്ധതി സംബന്ധിച്ച വിവിധതരം റിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപനതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് പദ്ധതികളുടെ ചെലവുകൾ അപ്പപ്പോൾ തന്നെ റെക്കോഡ് ചെയ്ത് വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നതിനും സാധിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തന കമ്മിറ്റികൾ മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ മറ്റു വിവിധ സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതാണ്.



പഞ്ചായത്ത് രാജ്

## ജനന രജിസ്ട്രേഷൻ ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ- എസ്.എം.എസ് അലർട്ടിലൂടെ



നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ് സംബന്ധമായ വിവരങ്ങൾ എസ്.എം.എസ് സന്ദേശങ്ങളായി അയയ്ക്കുന്നതിനുള്ള സംവിധാനം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചു. നാഷണൽ റൂറൽ ഹെൽത്ത് മിഷനുമായി സഹകരിച്ച് ഇത് നടപ്പാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കി. ആശുപത്രികളിൽ നിന്നോ, നേരിട്ടോ റിപ്പോർട്ട് ചെയ്യുന്ന ജനനങ്ങളുടെ അപേക്ഷയോടൊപ്പം ബന്ധപ്പെട്ടവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി ഉൾപ്പെടുത്തിയാണ് സംവിധാനം പ്രവർത്തിപ്പിക്കുക.

## ഡബിൾ എൻട്രി: 516 തദ്ദേശഭരണസ്ഥാപനങ്ങളിൽ പൂർത്തിയായി


13 ജില്ലാ പഞ്ചായത്തുകൾ, 14 ബ്ലോക്ക് പഞ്ചായത്തുകൾ, 424 ഗ്രാമപഞ്ചായത്തുകൾ, 5 കോർപ്പറേഷനുകൾ, 60 മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലായി ആകെ 516 തദ്ദേശഭരണസ്ഥാപനങ്ങളിൽ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി സംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

## ബ്ലോക്ക് പഞ്ചായത്തുകളിൽ അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട്


ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ അക്രൂവൽ അടിസ്ഥാനമാക്കിയിട്ടുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും സാങ്കേതിക സഹായത്തിനുമായി (ഡൊമൈൻ/ടെക്നിക്കൽ സപ്പോർട്ട്) സർക്കാർ നിർദ്ദേശപ്രകാരം ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ടിന്റെ ഭാഗമായി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട് എന്ന ക്രമത്തിൽ 152 പേർക്ക് പരിശീലനം നൽകി നിയോഗിച്ചു.

## ആഗസ്റ്റ് 20നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കണക്റ്റിവിറ്റി

തദ്ദേശ ഭരണസ്ഥാപനങ്ങളെ സ്റ്റേറ്റ് ഡേറ്റാ സെന്ററുമായി LGWAN/KSWAN വഴി കണക്ടിവിറ്റി സ്ഥാപിക്കുക എന്നതാണ് വെബ് അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സുപ്രധാന ഘടകം. ഡേറ്റയുടെ ബാക്ക്അപ് കേന്ദ്രീകൃതമായി സംരക്ഷിക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 57 മുനിസിപ്പാലിറ്റികളിലും, 142 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ലാ പഞ്ചായത്തുകളിലും, 966 ഗ്രാമപഞ്ചായത്തുകളിലും ഉൾപ്പെടെ 1184 തദ്ദേശഭരണ സ്ഥാപനങ്ങളിൽ കണക്റ്റിവിറ്റി സംവിധാനം നടപ്പിലാക്കിയതോടെ പൊതു ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങളിലൂടെ ലഭ്യമാക്കുക എന്ന ഉദ്യമം ഒരു പരിധി വരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐ.കെ.എം പ്രതിനിധികളും ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, 100% കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിനായി ആഗസ്റ്റ് 20 നു മുമ്പ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളിൽ കണക്ടിവിറ്റി നൽകുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.




**1184 തദ്ദേശഭരണസ്ഥാപനങ്ങളിൽ കണക്റ്റിവിറ്റി**



## ഇ-പെയ്മെന്റ്

ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചിട്ടുള്ള വെബ് അധിഷ്ഠിത സഞ്ചയ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിലൂടെ (www.tax.lsgkerala.gov.in), കോഴിക്കോട്, കൊല്ലം, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളിലും, കാസർകോഡ്, കാഞ്ഞങ്ങാട്, ഒറ്റപ്പാലം, മട്ടന്നൂർ എന്നീ മുനിസിപ്പാലിറ്റികളിലും, മഞ്ചേശ്വരം, തുമ്പമൺ, കുമ്പള എന്നീ ഗ്രാമ പഞ്ചായത്തുകളിലും കെട്ടിട നികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാണ്. മുൻകാല വിവരങ്ങളുടെ ഡേറ്റാബേസ് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു തദ്ദേശ ഭരണസ്ഥാപനങ്ങളിലും ഈ സൗകര്യം വ്യാപിപ്പിക്കുന്നതാണ്.

## ഇ-ഗവേണൻസ് സംബന്ധമായി ജൂൺ-ജൂലൈ മാസങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന ഉത്തരവുകൾ

■ സ.ഉ. (കൈ) നം.167/2012/തസ്വഭവ 15/06/2012. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച വെബ് അധിഷ്ഠിത സഞ്ചയ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ (www.tax.lsgkerala.gov.in) നിന്നും ഡൗൺലോഡ് ചെയ്യുന്ന കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾക്ക് (Ownership Certificates), ആധികാരികതയും നിയമസാധുതയും ഉറപ്പു നൽകിയിട്ടുണ്ട്.

■ സ.ഉ.(കൈ)നം.202/2012/തസ്വഭവ, 25/07/2012ലെ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റിൽ (www.cr.lsgkerala.gov.in) നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയായി അംഗീകരിച്ചിട്ടുണ്ട്.

■ സ.ഉ.(ആർ.ടി)നം.1838/2012/തസ്വഭവ, 03/07/2012ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട്, പഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

■ സ.ഉ.(സാധാ)നം.1869/2012/തസ്വഭവ. തീയതി 05/07/2012 ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.■

*Source:* **Information Kerala Mission**

പഞ്ചായത്ത് രാജ്

# പഞ്ചായത്തുതല വിവരശേഖരത്തിന്റെ പ്രസക്തി

ഡോ. സി. പ്രദീപ്

പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനും വികേന്ദ്രീകൃതാസൂത്രണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പഞ്ചായത്തുതല സ്ഥിതി വിവരകണക്കുകൾ അത്യന്താപേക്ഷിതമാണ്. പഞ്ചായത്തുതല വിവരശേഖരണത്തിനാവശ്യമായ ഒരു പൊതു മാനദണ്ഡം ഉണ്ടാക്കുന്നതിനോ, കാലോചിതമായ പുതുക്കിയതും വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനോ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

വളരെ പുരാതനകാലം മുതൽ ഭാരതത്തിൽ നിലനിന്നുപോരുന്ന പഞ്ചായത്തുകൾക്ക് 73-ാം ഭരണഘടനാ ഭേദഗതിയും സംസ്ഥാനപഞ്ചായത്തീരാജ് നിയമങ്ങളും ഭരണഘടനാ പദവിയും നിരവധി ഉത്തരവാദിത്വങ്ങളും ചുമതലകളും നല്കി. പഞ്ചായത്തീരാജ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണം അല്ലെങ്കിൽ സൂക്ഷ്മതല ആസൂത്രണം നടപ്പിലാക്കുന്നതിലും മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളം കാഴ്ചവയ്ക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലമായ വ്യവസ്ഥാപിതമാക്കുകയെന്ന ദൗത്യത്തിലേക്കായി ലോകബാങ്ക് ധനസഹായത്തോടെ കേരളസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സേവനപ്രദാനം വർദ്ധിപ്പിക്കുന്നതിനായി ധനസഹായം നൽകുക, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക, ഇൻഫർമേഷൻ ടെക്നോളജിയിലൂടെ സേവന പ്രദാനം കാര്യക്ഷമമാക്കുക, തദ്ദേശതല വിവരശേഖരണവും പഠന വിശകലനങ്ങളും നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. തദ്ദേശതല വിവരശേഖരണം, സേവന പ്രദാന സർവ്വേ, പ്രോജക്ട് വിലയിരുത്തൽ എന്നിവയ്ക്കായി ഡീസെൻട്രലൈസേഷൻ അനാലിസ് സെൽ (ഡാക്ക്) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷനിൽ പ്രവർത്തിച്ചു വരുന്നു. ഇന്ന് ലഭ്യമായ വിവരങ്ങളും പുതിയതായി ശേഖരിക്കുന്ന വിവരങ്ങളും വെബ്സൈറ്റ് വഴി ലഭ്യമാക്കുവാൻ ശ്രമിക്കുകയാണ് ഡാക്ക്. വിവരശേഖരത്തിന്റെ വിവിധ മേഖലകളെക്കുറിച്ചും ഇന്ന് ലഭ്യമായ സ്രോതസുകൾ ഏതെല്ലാമെന്നും പരിശോധിക്കുകയാണിവിടെ.

### വിവരശേഖരത്തിന്റെ പ്രാധാന്യം

തദ്ദേശ തലത്തിൽ വികേന്ദ്രീകൃതാസൂത്രണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപ്പിലാക്കുന്നതിലെ പുരോഗതി പരിശോധിക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികളുടെ ഗുണദോഷങ്ങൾ മനസ്സിലാക്കുന്നതിനും വിവരശേഖരണം അത്യന്താപേക്ഷിതമാണ്. വികേന്ദ്രീകൃതാസൂത്രണം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് പഞ്ചായത്തുതലത്തിലെ വിവരശേഖരത്തിന്റെ അപര്യാപ്തതയാണ്.

1982ൽ പ്രൊഫ. സി.എച്ച്. ഹനുമന്തറാവുവിന്റെ നേതൃത്വത്തിലുള്ള ജില്ലാ ആസൂത്രണത്തിനുള്ള വർക്കിംഗ് ഗ്രൂപ്പ് പ്രാദേശിക തലത്തിലെ വിവരശേഖരത്തിന്റെ ആവശ്യകത ചൂണ്ടികാണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1986ൽ ആസൂത്രണ കമ്മീഷൻ സംസ്ഥാന സർക്കാരുകളോട് നിശ്ചിത മാതൃകയിൽ പഞ്ചായത്തുതല വിവരശേഖരണം നടത്തണമെന്ന് നിർദ്ദേശിച്ചു. 1987ലും 1988ലും ആസൂത്രണ കമ്മീഷൻ പഞ്ചായത്തുതല സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കുന്നതിനായി നിരവധി ശ്രമങ്ങൾ നടത്തി. 1998-ൽ എസ്. സുന്ദരരാജിന്റെ നേതൃത്വത്തിലും, 2002-ൽ ഡോ.എസ്.പി. ഗുപ്തയുടെ നേതൃത്വത്തിലും പഞ്ചായത്തുതല വിവരശേഖരണത്തിന്റെ വിവിധവശങ്ങളെ കുറിച്ച് പഠിക്കുന്നതിനായി ആസൂത്രണ കമ്മീഷൻ കമ്മിറ്റികൾ നിയമിച്ചിരുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ 9-ാം സമ്മേളനത്തിലും ഇക്കാര്യം ചർച്ച



ചെയ്യപ്പെട്ടു. നിരവധി ശ്രമങ്ങൾ നടത്തിയിട്ടും വികേന്ദ്രീകൃതാസൂത്രണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കുമായി ഇപ്പോഴും തദ്ദേശതലസ്ഥിതിവിവരകണക്കുകൾ പര്യാപ്തമല്ലാത്ത ഒരു സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. സർക്കാർവകുപ്പുകളും ഏജൻസികളും ദേശീയ-സംസ്ഥാന -ജില്ലാതല സ്ഥിതിവിവരകണക്കുകളാണ് ശേഖരിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും. സർക്കാർ ഏജൻസികളും സ്വയംഭരണസ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും തദ്ദേശതലസ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചെങ്കിൽ മാത്രമേ ഇന്ന് നാം നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ കഴിയൂ.

### തദ്ദേശ വിവരശേഖരണം നടത്തേണ്ട മേഖലകൾ

*1. ജനസംഖ്യ :* 1991, 2001,2011 വർഷത്തെ ആകെ ജനസംഖ്യ, സ്ത്രീപുരുഷ അനുപാതം, സാക്ഷരതാ നിലവാരം, സ്ത്രീ-പുരുഷ സാക്ഷരതാ അന്തരം, വിവിധ പ്രായത്തിലുള്ള ജനസംഖ്യ, കുട്ടികളുടെ എണ്ണം.

2. *സ്ഥലവിസ്തീർണ്ണം :* ആകെ സ്ഥലവിസ്തീർണ്ണം, കൃഷിഭൂമി, വനഭൂമി, കൃഷിയോഗ്യമല്ലാത്ത ഭൂമി, വാർഡുകളുടെ എണ്ണം, വിഭവ ഭൂപടം.

*3. സാമൂഹ്യസാമ്പത്തിക സ്ഥിതി:* പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴേയുള്ളവരുടെ എണ്ണം, സാമൂഹ്യസുരക്ഷാസഹായം ആവശ്യമുള്ളവരുടെ എണ്ണം, രോഗികളുടെ എണ്ണം, പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം തുടങ്ങിയവ.

*4. പഞ്ചായത്തിലെ വ്യാപാര വ്യവസായ സംരംഭങ്ങൾ:*

ഫ്ളവർമിൽ, തടിമിൽ, തയ്യൽകട, ആധാരം എഴുത്ത് ഓഫീസ്, മോട്ടോർ മെക്കാനിക് ഷോപ്പ്, പെട്രോൾ ബങ്ക്, സ്റ്റേഷനറി കട, പച്ചക്കറി വ്യാപാരം, ബേക്കറി, പൂക്കട, പാൽവിതരണം, മെഡിക്കൽ ഷോപ്പ്, ആയൂർവ്വേദ ഷോപ്പ്, ബുക്ക്/പേപ്പർ വിതരണം, ഹോട്ടൽ, മുട്ട വ്യാപാരം, ഇറച്ചിവ്യാപാരം, മത്സ്യവ്യാപാരം, ബ്രിക്സ് വ്യാപാരവും നിർമ്മാണവും, ആട്ടോറിക്ഷാകൾ, ടാക്സി കാറുകളും ജീപ്പുകളും, ടൂട്ടോറിയൽ സ്ഥാപനങ്ങൾ, എസ്.റ്റി.ഡി ബൂത്തുകൾ, ഇലക്ട്രിക് ഉപകരണവിതരണകടകൾ, ഹാർഡ്വെയർ ഷോപ്പ്, ബാർബർ ഷോപ്പ്, ബ്യൂട്ടി പാർലർ, ഗ്യാസ് വിതരണ ഏജൻസികൾ, പ്രിന്റിംഗ് പ്രസ്സുകൾ തുടങ്ങിയവ.

*5. മണ്ണ് :* വിവിധതരം മണ്ണുകൾ

*6. കൃഷി :* ആകെ കൃഷി ഭൂമി, വിവിധ വിളകൾ കൃഷിചെയ്യുന്ന സ്ഥലം, കൃഷിക്കാരുടെ എണ്ണം, വിവിധവിളകളുടെ ഉല്പാദനക്ഷമത.

*7. മാർക്കറ്റ് സൗകര്യങ്ങൾ:* പൊതുജനങ്ങൾക്ക് കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വാങ്ങുന്നതിനും പൊതു മാർക്കറ്റ് സൗകര്യങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എവിടെ? ആഴ്ചയിൽ എത്ര ദിവസം പ്രവർത്തിക്കുന്നു.? ഉടമസ്ഥാവകാശം.

*8. മൃഗസമ്പത്ത്:* പശു, ആട്, കോഴി, കാള തുടങ്ങിയ മൃഗങ്ങളുടെ എണ്ണം, സങ്കരയിനം കന്നുകാലികളുടെ എണ്ണം, മൃഗാശുപത്രി സൗകര്യം ഉണ്ടോ, കന്നുകാലി തീറ്റ നല്കാൻ എന്തെല്ലാം പരിപാടി നിലവിലുണ്ട്.

*9. പാലിന്റെ ഉല്പാദനവും വിതരണവും:* പഞ്ചായത്തിൽ പാലുല്പാദിക്കുന്ന കന്നുകാലികളുടെ എണ്ണം, പാൽ ഉല്പാദനം, ക്ഷീര ഉല്പാദനസഹകരണ സംഘം, പ്രതിദിന ശേഖരണവും വിതരണവും. ക്ഷീര കർഷകരിൽ എത്രപേർ ക്ഷീരസഹകരണസംഘത്തിൽ അംഗങ്ങളാണ്, എത്ര പാലാണ് പഞ്ചായത്തിന്റെ മൊത്ത ആവശ്യം, ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് പാൽ ആവശ്യക്കാർക്ക് ലഭിക്കുന്നത്.

*10. അടിസ്ഥാന സൗകര്യങ്ങൾ:* ടെലിഫോൺ, ഇന്റർനെറ്റ്, റോഡ്, ഗവേഷണസൗകര്യങ്ങൾ മുതലായവ.

*11. കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ:* എത്ര പോസ്റ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നു. ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ടോ. എത്രപേർക്ക് ലാന്റ് ഫോണും മൊബൈൽ ഫോണും ഉണ്ട്.

*12. ഗതാഗതസൗകര്യങ്ങൾ :* പ്രധാന റോഡുകൾ ഏതെല്ലാം, റോഡുകളുടെ നീളം എത്ര, വാഹന സൗകര്യങ്ങൾ, പ്രധാന പാലങ്ങൾ ഏതെല്ലാം.

*13. ഊർജ്ജം :* എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്, പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപയോഗം.

*14. ജലം :* ജല സ്രോതസ്സുകൾ ഏതെല്ലാമാണ്, പഞ്ചായത്ത് കുടിവെള്ളം ലഭ്യമാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്രപേ

ർക്ക്. എല്ലാ ദിവസവും എല്ലാ സമയത്തും ലഭ്യമാണോ, കുടിവെള്ള ദൗർലഭ്യത ഉള്ള പ്രദേശങ്ങൾ ഏതെല്ലാം, ജല മലിനീകരണം നടക്കുന്നുണ്ടോ.

*15. വിദ്യാഭ്യാസം :* എൽ. പി, യു. പി, ഹൈസ്കൂൾ, വി.എച്ച്.സി, ഹയർസെക്കണ്ടറി സ്കൂളുകൾ, കുട്ടികളുടെ എണ്ണം, പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം, സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ, ഉച്ചഭക്ഷണ സൗകര്യങ്ങൾ.

*16. തുടർവിദ്യാഭ്യാസ/ സാക്ഷരതാകേന്ദ്രങ്ങൾ:* പ്രവർത്തിക്കുന്ന സാക്ഷരതാ കേന്ദ്രങ്ങൾ എത്രയാണ്. തുല്യത പരീക്ഷ നടത്തുന്ന കേന്ദ്രങ്ങൾ ഏതെല്ലാം, കഴിഞ്ഞ അഞ്ച് വർഷമായി സാക്ഷരതാ കേന്ദ്രങ്ങളിൽ തുല്യത പരീക്ഷ എഴുതിയവരുടെ എണ്ണം, തുടർവിദ്യാഭ്യാസകേന്ദ്രങ്ങളിലെ ഭൗതികസൗകര്യങ്ങൾ.

*17. ലൈബ്രറികൾ:* പ്രവർത്തിക്കുന്ന ലൈബ്രറികൾ, പുസ്തകങ്ങളുടെ എണ്ണം, ഭൗതിക സൗകര്യങ്ങൾ.

*18. അംഗൻവാടികളുടെ പ്രവർത്തനം:* എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു. എത്ര കുട്ടികൾ അംഗൻവാടിയിൽ എത്തുന്നു. ഗർഭിണികൾക്കാവശ്യമായ മരുന്നും പോഷകാഹാരവും അംഗൻവാടികൾ മുഖേന നല്കുന്നുണ്ടോ, അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ എന്തെല്ലാമാണ്. എത്ര ജീവനക്കാർ അംഗൻവാടിയിൽ ജോലിനോക്കുന്നു.

*19. വികലാംഗരുടെ എണ്ണം:* വികലാംഗരുടെ എണ്ണം എത്രയാണ്. (പുരുഷൻ, സ്ത്രീ, വയസ് എന്നിവ തിരിച്ച്) അവർക്കാവശ്യമായ ചികിത്സാ/മറ്റ് സൗകര്യങ്ങൾ നിലവിലുണ്ടോ.

*20.ആരോഗ്യ/ ചികിത്സാ സൗകര്യങ്ങൾ:* പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രി സൗകര്യങ്ങൾ, എവിടെ പ്രവർത്തിക്കുന്നു, പഞ്ചായത്തിലെ എല്ലാവർക്കും വന്നുപോകുന്നതിന് സൗകര്യപ്രദമായ സ്ഥലത്തിലാണോ പ്രവർത്തിക്കുന്നത്, സ്വകാര്യചികിത്സാകേന്ദ്രങ്ങൾ ഏതെല്ലാം, ആശുപത്രയിലെ ഭൗതിക സൗകര്യങ്ങളും ജീവനക്കാരുടെ വിവരങ്ങളും, രോഗികളുടെ എണ്ണം, കഴിഞ്ഞ 5 വർഷത്തെ കണക്ക്. ഏതെല്ലാം രോഗങ്ങളാണ് രോഗികളെ അലട്ടുന്നത്.

*21. സ്വയം സഹായ ഗ്രൂപ്പുകളുടെ പ്രവർത്തനം:* പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾ ഏതെല്ലാം ?

*22. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം:* ആകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു. അംഗങ്ങളുടെ എണ്ണം എത്ര?

*23. യുവജനങ്ങൾ:* യുവജനങ്ങളുടെ എണ്ണം, തൊഴിൽ, യുവജന ക്ലബുകൾ.

*24. വയോജനങ്ങൾ:* വയോജനങ്ങളുടെ എണ്ണം, വിവിധ ഇനം പെൻഷനുകൾ, പെൻഷൻ ലഭിക്കാത്തവരുടെ എണ്ണം.

**തദ്ദേശ തലത്തിൽ വികേന്ദ്രീകൃതാസൂത്രണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപ്പിലാക്കുന്നതിലെ പുരോഗതി പരിശോധിക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികളുടെ ഗുണദോഷങ്ങൾ മനസ്സിലാക്കുന്നതിനും വിവരശേഖരണം അത്യന്താപേക്ഷിതമാണ്. വികേന്ദ്രീകൃതാസൂത്രണം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് പഞ്ചായത്തുതലത്തിലെ വിവരശേഖരത്തിന്റെ അപര്യാപ്തതയാണ്.**

*25. ചെറുകിട വ്യവസായം:* പ്രവർത്തിക്കുന്ന പ്രധാന ചെറുകിടവ്യവസായ യൂണിറ്റുകൾ ഏതെല്ലാം, എത്ര തൊഴിലാളികൾ സ്ഥിരമായും താല്കാലികമായും യൂണിറ്റുകളിൽ ജോലിനോക്കുന്നു. ആകെ ആസ്തി, പ്രവർത്തനമൂലധനം, ലാഭം/ നഷ്ടം എത്ര.

*26. വൻകിട വ്യവസായം:* പ്രധാന വൻകിട വ്യവസായങ്ങൾ ഏതെല്ലാം. എത്ര തൊഴിലാളികൾ ജോലിനോക്കുന്നു. ആകെ മൂലധനം, ഉല്പാദനമൂല്യം, ലാഭം/നഷ്ടം എത്ര.

*27. സഹകരണസംഘങ്ങൾ:* പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഏതെല്ലാം. ഏതെല്ലാം മേഖലകളിലാണ് സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നത്. സഹകരണ സംഘങ്ങളിലെ പ്രവർത്തന മൂലധനം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം. ഇനിയും സഹകരണമേഖല കടന്നുചെല്ലാത്ത മേഖലകൾ ഏതെല്ലാം.

*28. ധനകാര്യസ്ഥാപനങ്ങൾ:* പ്രവർത്തിക്കുന്ന വാണിജ്യബാങ്കുകൾ, ബാങ്കുകളിലെ ആകെ നിക്ഷേപവും വായ്പയും ബാങ്കുകളിലെ അക്കൗണ്ട് ഉള്ളവരുടെ എണ്ണം, ബാങ്കുകൾ നല്കുന്ന പ്രധാന വായ്പകൾ ഏതെല്ലാം. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ ദൂരം ഉള്ള പ്രദേശങ്ങൾ എതെല്ലാം.

*29. പൊതുവിതരണ സംവിധാനം:* പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളുടെ എണ്ണം, റേഷൻ കാർഡ് സ്വന്തമായി ഉള്ളവർ, എ.പി.എൽ കാർഡ്, ബി.പി.എൽ കാർഡ് എന്നിവ എത്രവീതമാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിന് പുറമെ മാവേലിസ്റ്റോർ, ത്രിവേണി സ്റ്റോർ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ടോ.

*30. ഭവനസൗകര്യങ്ങൾ:* പഞ്ചായത്തുകളിലെ ആകെ വാസയോഗ്യമായ വീടുകളുടെ എണ്ണം, വീടുകളിലെ ഭൗതിക സൗകര്യങ്ങൾ (മുറികളുടെ എണ്ണം, കക്കൂസ്, അടുക്കള, കുടിവെള്ള സൗകര്യങ്ങൾ). പഞ്ചായത്തിൽ സ്വന്തമായി വീട് ഇല്ലാത്തവർ.

*31. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ*

*32. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ*

*33. പഞ്ചായത്തിന്റെ ധനകാര്യസ്ഥിതി:* വരുമാനം, നികുതി വരുമാനം, നികുതിയേതരവരുമാനം, കേന്ദ്രസർക്കാർ പദ്ധതിവിഹിതം, സംസ്ഥാന സർക്കാർ സഹായം, ധനകാര്യ കമ്മീഷൻ സഹായം, സംസ്ഥാന ധനകാര്യകമ്മീഷൻ അവാർഡ്, ലോക ബാങ്ക്/മറ്റ് ഏജൻസി ധനസഹായങ്ങൾ, ലോൺ മറ്റ് വരുമാനങ്ങൾ.

*34. ചെലവ് :* ഓഫീസ് നിർവ്വഹണചെലവുകൾ, കേന്ദ്ര സർക്കാർ പദ്ധതി ചെലവുകൾ, സംസ്ഥാനസർക്കാർ പദ്ധതി ചെലവുകൾ, മറ്റു ചെലവുകൾ.

*35. പഞ്ചായത്തിന്റെ ആസ്തികൾ :* കെട്ടിടങ്ങൾ, വായനശാലകൾ, സ്കൂൾ









കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, മൃഗാശുപത്രികൾ, അംഗൻവാടികൾ, സാനിട്ടേഷൻ സൗകര്യങ്ങൾ, പൊതുകിണർ, പൊതുടാപ്പുകൾ, കുടിവെള്ള ടാങ്കുകൾ തുടങ്ങിയവ.

*36. പഞ്ചായത്തിൽ നടപ്പിലാക്കുന്ന കേന്ദ്രസർക്കാർ പദ്ധതികൾ ഏതെല്ലാം.*

*37. പഞ്ചായത്തിൽ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ ഏതെല്ലാം.*

## വിവരശേഖരണം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രണ്ട് രീതികളാണ് അവലംബിക്കുന്നത്. മാസംതോറും അല്ലെങ്കിൽ വർഷംതോറും എല്ലാവരിൽ നിന്നുമായി സെൻസസ് രീതിയിലൂടെ ശേഖരിക്കുന്ന ജനന, മരണ, കല്ല്യാണം തുടങ്ങിയ വിവരങ്ങളാണ് ആദ്യത്തേത്. രണ്ടാമത്തെ വിഭാഗത്തിൽ തദ്ദേശതലത്തിൽ കഴിയുന്നില്ലെങ്കിൽ ഉയർന്നതലങ്ങളിൽ സെൻസസ് രീതിയിലൂടെയോ സാമ്പിൾ രീതിയിലൂടെയോ ശേഖരിക്കപ്പെടുന്ന കണക്കുകൾ. ആളോഹരി വരുമാനം, ഉപഭോഗചെലവും, ജലലഭ്യതയെക്കുറിച്ചുള്ള പഠനം, പണപ്പെരുപ്പം, വ്യവസായ ഉല്പാദനക്ഷമത, പാരിസ്ഥിത പഠനങ്ങൾ തുടങ്ങിയവ.

## വിവരശേഖരണത്തിനുള്ള നിലവിലുള്ള സ്രോതസുകൾ

*1. പഞ്ചായത്തുകൾ സൂക്ഷിക്കുന്ന രേഖകൾ :* വീടുകളുടെ എണ്ണം, വീടുകളുടെ തരം, വസ്തുനികുതി, വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ എണ്ണവും ജോലിനോക്കുന്ന തൊഴിലാളികളുടെ എണ്ണവും. പ്രധാന വരുമാനങ്ങളും ചെലവുകളും, വാർഡുകളുടെ എണ്ണം, മാപ്പ്, വിഭവഭൂപടം നടത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ, ജനന മരണ രജിസ്റ്റർ, പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഓഫീസുകളുടെയും വിവരങ്ങൾ, പഞ്ചായത്തിന്റെ ആസ്തികളെ സംബന്ധിച്ച വിവരങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ തലസ്ഥിതിവിവരകണക്കുകൾ പര്യാപ്തമല്ലാത്ത ഒരു സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. സർക്കാർവകുപ്പുകളും ഏജൻസികളും ദേശീയ–സംസ്ഥാന–ജില്ലാതല സ്ഥിതി വിവരകണക്കുകളാണ് ശേഖരിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും. സർക്കാർ ഏജൻസികളും സ്വയംഭരണസ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും തദ്ദേശതല സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചെങ്കിൽ മാത്രമേ ഇന്ന് നാം നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ കഴിയൂ.**

*2. സെൻസസ് റിപ്പോർട്ട് :* 1991, 2001, 2011 സെൻസസ് റിപ്പോർട്ട്. ഈ റിപ്പോർട്ടുകളിൽ നിന്നും ജനസംഖ്യ, സ്ത്രീപുരുഷ അനുപാതം, സാക്ഷരത, കുട്ടികളുടെ എണ്ണം, തുടങ്ങിയവ ലഭിക്കും.

*3. വികസനരേഖകളും വികേന്ദ്രീകൃതാസൂത്രണരേഖകളും.* ചരിത്രപരമായ വിവരങ്ങൾ, വികേന്ദ്രീകൃതാസൂത്രണ ചെലവുകൾ, പൂർത്തിയായ പദ്ധതികൾ, നേടിയ നേട്ടങ്ങൾ തുടങ്ങിയവ ഇതിൽ നിന്നും ലഭിക്കും.

4. കൃഷി ഭവൻ, കുടുംബശ്രീ, പ്രാഥമിക ആരോഗ്യകേന്ദ്രം, ബ്ലോക്ക് ഓഫീസ്, പട്ടികജാതി ഓഫീസ്, സ്കൂൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ ഏജൻസികൾ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ, പട്ടിക ജാതി വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, കുടുംബശ്രീ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ കൃഷി ഭൂമിയേയും കൃഷി ഉല്പാദനത്തേയും സംബന്ധിച്ച വിവരങ്ങൾ, ആരോഗ്യസംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കും.

*5. പഞ്ചായത്തുതല സ്ഥിതിവിവര കണക്കുകൾ 2006:* ഇക്ണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2001 ലും 2006 ലും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ വാർഡ് അടിസ്ഥാനത്തിലെ ജനസംഖ്യ, കൃഷിഭൂമിയെ സംബന്ധിച്ച വിവരങ്ങൾ, വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ, ആരോഗ്യസംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ലഭിക്കും.

*6. കന്നുകാലി സെൻസസ് റിപ്പോർട്ട്:* ദേശീയ തലത്തിൽ നടത്തുന്ന സെൻസസ് റിപ്പോർട്ടിൽ നിന്നും ഓരോ പഞ്ചായത്തിലേയും മൃഗസമ്പത്തിനെ കുറിച്ച് വിവരങ്ങൾ ലഭിക്കും.

*7. ഇൻഫർമേഷൻ കേരള മിഷൻ:* ഐ.കെ.എമ്മിൽ നിന്നും പഞ്ചായത്ത് വരുമാനം, ജനനമരണകണക്കുകൾ, പദ്ധതി നിർവ്വഹണ പുരോഗതി, വികേന്ദ്രീകൃതാസൂത്രണത്തിലൂടെ പൂർത്തിയാക്കിയ പദ്ധതികൾ, പഞ്ചായത്ത്തല വെബ് സൈറ്റുകൾ തുടങ്ങിയവ ലഭിക്കും.

*8.* നാഷണൽ സർവ്വേ ഓർഗനൈസേഷൻ റിപ്പോർട്ടുകൾ, ചെറുകിടവ്യവസായ സെൻസസ് റിപ്പോർട്ടുകൾ, വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടുകൾ, വ്യവസായ സെൻസസ് റിപ്പോർട്ട് തുടങ്ങിയ റിപ്പോർട്ടുകളിൽ ജില്ലാതല, സംസ്ഥാനതല വിവരങ്ങൾ ലഭ്യമാണ്.

*9. സംസ്ഥാന ധനകാര്യകമ്മീഷൻ റിപ്പോർട്ട്:* പഞ്ചായത്തുകളുടെ വരുമാനം, ചെലവ് തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാണ്.

*10. അക്കൗണ്ട് ജനറൽ ഓഫീസ് ആഡിറ്റ് റിപ്പോർട്ട്.*

പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനും വികേന്ദ്രീകൃതാസൂത്രണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പഞ്ചായത്തുതല സ്ഥിതി വിവരകണക്കുകൾ അത്യന്താപേക്ഷിതമാണ്. പഞ്ചായത്തുതല വിവരശേഖരണത്തിനാവശ്യമായ ഒരു പൊതു മാനദണ്ഡം ഉണ്ടാക്കുന്നതിനോ, കാലോചിതമായ പുതുക്കിയതും വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനോ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കേന്ദ്ര-സംസ്ഥാന തദ്ദേശസ്വയംഭരണ സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ ശ്രമത്തിലൂടെ മാത്രമെ പഞ്ചായത്തുതല വിവരണശേഖരം കുറ്റമറ്റതാക്കുവാൻ കഴിയൂ. ■

*ലേഖകൻ തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷനിൽ (ഡാക്ക്) ഡെപ്യൂട്ടി ഡയറക്ടറാണ്. dacgift@gmail.com)*

# 45-ാമത് അന്താരാഷ്ട്ര കൊക്കോടെക്ക് സമ്മേളനം

## ഒരവലോകനം

മിനി മാത്യു

2012 ജൂലൈ 2 മുതൽ 6 വരെ കൊച്ചിയിൽ നടന്ന ഏഷ്യൻ പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി (എപിസിസി) യുടെ 45-ാമത് കൊക്കോടെക്ക് യോഗത്തിന് ഇന്ത്യ ആതിഥ്യമരുളി. ഈ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനു വേണ്ടി നാളികേര വികസന ബോർഡാണ് ചുക്കാൻ പിടിച്ചത്. ഏഷ്യ പസഫിക് മേഖലയിലെ കേര വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഏകോപിപ്പിക്കുകയും മേഖലയിലെ കേരോത്പാദക രാജ്യങ്ങൾക്ക് പരമാവധി സാമ്പത്തിക ഉന്നമനം നേടിക്കൊടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ അന്താരാഷ്ട്ര സ്ഥാപനമാണ് ഇന്തോനേഷ്യയിലെ ജക്കാർത്ത ആസ്ഥാനമായ എപിസിസി. എപിസിസിയുടെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനമാണ് രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്ന കൊക്കോടെക്. നാളികേര സാങ്കേതികവിദ്യയുടെ പെർമനന്റ് പാനൽ എന്നുവിശേഷിപ്പിക്കുന്ന കൊക്കോടെക്ക്, അംഗരാജ്യങ്ങളിലെ ഗവേഷകർ, സംസ്കരണ രംഗത്തുള്ളവർ, വ്യാപാരികൾ, നയപരമായ തീരുമാനം കൈക്കൊള്ളുന്നവർ, കർഷകപ്രമുഖർ എന്നിവരെയെല്ലാം ഒരേ വേദിയിൽ സംഗമിപ്പിക്കുവാൻ അവസരമൊരുക്കി. *'കേര വ്യവസായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയും സുസ്ഥിര വികസനവും'* എന്ന വിഷയത്തെ അധികരിച്ച് നടത്തിയ അന്താരാഷ്ട്രയോഗം കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രി കെ.വി. തോമസ് ജൂലൈ 2ന് കൊച്ചി താജ് ഗേറ്റ് വേയിൽ ഉദ്ഘാടനം ചെയ്തു.



*കൊച്ചിയിൽ നടന്ന 45-ാമത് അന്താരാഷ്ട്ര കൊക്കോടെക്ക് സമ്മേളനത്തിൽ 'കേര വ്യവസായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയും സുസ്ഥിര വികസനവും' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ അന്താരാഷ്ട്രയോഗം കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്യുന്നു.*

നാളികേരോത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ നാളികേരത്തിനും നാളികേരോൽപന്നങ്ങൾക്കും ആഗോളതലത്തിൽ മത്സരക്ഷമത കൈവരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് കേന്ദ്ര മന്ത്രി പ്രൊഫ. കെ.വി. തോമസ് പറഞ്ഞു. ഭക്ഷണമെന്ന നിലയ്ക്കും പാനീയമെന്ന നിലയ്ക്കുമുള്ള നാളികേരത്തിന്റെ സകല സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇന്ത്യൻ നാളികേരോൽപന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വളരെ നല്ല ഡിമാന്റാണുള്ളത്. വെർജിൻ വെളിച്ചെണ്ണ, പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം, ഉത്തേജിത കരി മുതലായ നിരവധി ഉൽപന്നങ്ങൾ ലോകവിപണിയുടെ ശ്രദ്ധയാർജിച്ചു കഴിഞ്ഞു. പ്രകൃതിദത്ത ആരോഗ്യ പാനീയമെന്ന നിലയിൽ ലോകമെമ്പാടും കരിക്കിൻ വെള്ളത്തിന് വിപുലമായ കയറ്റുമതി സാദ്ധ്യതകളാണുള്ളത്. അതിനാൽ കേരമേഖലയിൽ പ്രവർത്തിക്കുന്നവരെല്ലാം തന്നെ ഈ അവസരം പ്രയോജനപ്പെടുത്തി നമ്മുടെ രാജ്യത്തെ മുൻനിരയിലെത്തിക്കാൻ ആത്മാർത്ഥമായി ശ്രമിക്കണമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. രാജ്യത്ത് നാളികേരോത്പാദനത്തിലും ഉത്പാദനക്ഷമതയിലും എടുത്ത് പറയത്തക്ക വളർച്ചയുണ്ടായിട്ടുള്ളത് നാളികേര വികസന ബോർഡ് തുടങ്ങിവെച്ച വികസനോന്മുഖ പ്രവർത്തനങ്ങളുടെ ഫലമായാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നാളികേരോത്പാദനത്തിലും ഉത്പാദനക്ഷമതയിലും മൂല്യവർദ്ധിതോൽപന്നങ്ങളുടെ സംസ്ക്കരണത്തിലും കയറ്റുമതിയിലും ഇന്ത്യയെ





ലോകത്ത് ഒന്നാംസ്ഥാനത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബോർഡ് പ്രവർത്തിക്കുന്നത്. നാളികേര ടെക്നോളജി മിഷനിലൂടെ നൂതന മൂല്യവർദ്ധിത ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുവാൻ ബോർഡിന് സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തമിഴ്നാട് കൃഷിമന്ത്രി എസ്. ദാമോദരൻ ഉദ്ഘാടന യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. സമോവ കൃഷി, മത്സ്യബന്ധന മന്ത്രി ലേ മാമിയ റോപാത്തി മോലിയ, എപിസിസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റോമുലോ എൻ അരൻകൺ ജൂനിയർ, ബോർഡ് അംഗം എ. എ. ജിന്ന എംപി, കേന്ദ്രകൃഷി സെക്രട്ടറി ആശിഷ് ബഹുഗുണ ഐഎഎസ്, സംസ്ഥാന ചീഫ് സെക്രട്ടറി കെ. ജയകുമാർ ഐഎഎസ്, തമിഴ്നാട് കാർഷിക ഉത്പാദന കമ്മീഷണർ സന്ദീപ് സക്സേന ഐഎഎസ് എന്നിവർ സംസാരിച്ചു.

മലയാളികൾ എന്നും എല്ലായ്പ്പോഴും തെങ്ങിനൊപ്പം ജീവിക്കുന്നവരാണ്. അതുകൊണ്ട് കേരവികസന മേഖലയിലെ ഏതൊരു സംഭവവും കേരളത്തിന് വിലയേറിയതാണെന്ന് ആശംസാപ്രസംഗത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി കെ. ജയകുമാർ ഐഎഎസ് പറഞ്ഞു. കേരകർഷകരുടെ ജീവിതം കൂടുതൽ സൗകര്യപ്രദവും ആശ്വാസകരവുമാക്കാൻ ചെയ്യാൻ സാധിക്കുന്നതെന്തും നാളികേര വികസന ബോർഡിനൊപ്പം ചേർന്ന് നടപ്പിലാക്കാൻ സംസ്ഥാന സർക്കാരും ശ്രമിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

എല്ലാ അംഗരാജ്യങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അതീവ പ്രതീക്ഷയോടെയാണ് കൊക്കോടെക്കിനെ ഉറ്റുനോക്കുന്നത്. ലോകമെമ്പാടും ഉത്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി പുതിയയിനം മെച്ചപ്പെട്ട തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നുവെന്നും ചടങ്ങിൽ സ്വാഗതം ആശംസിച്ചുകൊണ്ട് നാളികേര വികസനബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐഎഎസ് പറഞ്ഞു.

### സാങ്കേതിക സെഷനുകൾ

ഉദ്ഘാടന സമ്മേളനാനന്തരം താഴെപ്പറയുന്ന വിഷയങ്ങളിൽ ആറ് ടെക്നിക്കൽ സെഷനുകളാണ് നടന്നത്.

- കേരവ്യവസായത്തിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനുമായുള്ള നയങ്ങളും, പരിപാടികളും, വിപണി വികസനവും നാളികേരത്തിന്റെ ആരോഗ്യദായക ഗുണങ്ങളും.
- തെങ്ങിന്റെ വിളമെച്ചപ്പെടുത്തൽ,





സസ്യ സംരക്ഷണം/പോഷണം, കേരാധിഷ്ഠിത കൃഷി സമ്പ്രദായം.
- കേരകൃഷിയിൽ സുസ്ഥിര സമഗ്ര കീട,രോഗ നിയന്ത്രണ തന്ത്രങ്ങൾ.
- മൂല്യവർദ്ധിത നാളികേര സംസ്കരണം, നാളികേരോൽപന്ന പായ്ക്കേജിംഗ്, ഗുണനിലവാര നിയന്ത്രണ പ്രശ്നങ്ങൾ, നാളികേര സംസ്കരണ ഉപകരണങ്ങൾ/ യന്ത്രസാമഗ്രികൾ പരിഷ്ക്കരിക്കൽ.
- ഇന്ത്യൻ കേരകർഷകരുമായി സംവദിക്കൽ.

### കൊക്കോടെക് യോഗത്തിന്റെ ശുപാർശകൾ

സാങ്കേതിക സമ്മേളനത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ എപിസിസി അംഗരാജ്യങ്ങളിലെ പ്രതിനിധികൾ ഉൾപ്പെട്ട സമിതി എപിസിസി എക്സിക്യൂട്ടീവ് ഡയറക്ടർ റോമുലോ എൻ അരൻകൺ ജൂനിയറിന്റെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്ത് താഴെപ്പറയുന്ന ശുപാർശകൾക്ക് രൂപം കൊടുത്തു.

- നാൽപത്തിയഞ്ചാമത് കൊക്കോടെക് യോഗത്തിന്റെ വിഷയത്തിലുള്ള പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ചെറുകിട കേരകർഷകരേയും കർഷകതൊഴിലാളികളേയും സുസ്ഥിര വികസന പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവാക്കുന്നതിന് തീരുമാനിച്ചു. കേരവ്യവസായത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ചെറുകിട കേരകർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ വേണം യഥാർത്ഥ സർവ്വതോന്മുഖമായ സാമ്പത്തികവളർച്ചയ്ക്കും സുസ്ഥിര വികസനത്തിനുമുള്ള നയങ്ങൾക്കും പരിപാടികൾക്കും രൂപം കൊടുക്കേണ്ടത്.
- കേരമേഖലയിൽ കർഷക കൂട്ടായ്മകൾ ഉണ്ടാക്കുന്നതിനും, കർഷകരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനും സാങ്കേതികവും അടിസ്ഥാനപരവുമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനും, കാര്യക്ഷമവും ലാഭകരവുമായ നാളികേരാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുന്നതിനും സഹായകമായ രീതിയിൽ ഇന്ത്യൻ മാതൃക പിന്തുടർന്നുകൊണ്ട് നാളികേരോത്പാദക സംഘങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ക്ലസ്റ്റർ സമീപനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നയങ്ങൾ എപിസിസി അംഗരാഷ്ട്രങ്ങൾ അവലംബിക്കണം.
- തെങ്ങിൻ തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എപിസിസി രാജ്യങ്ങൾ ഇടവിളകൃഷി, ഉൽപന്ന വൈവിധ്യവൽക്കരണം, മൂല്യവർദ്ധന തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ തെങ്ങ് പുനർനടീൽ/പുനരുദ്ധാരണ പരിപാടി നടപ്പിലാക്കുന്നതിനായി ആവശ്യമായ ബഡ്ജറ്റ് ഉണ്ടാക്കുകയും സഹായം നൽകുകയും വേണം.



**ആഗോളവ്യാപകമായി വെളിച്ചെണ്ണ വില കുറഞ്ഞിരിക്കുന്ന ഈ സമയത്ത് ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ വെളിച്ചെണ്ണ വ്യാപകമായി കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽപോലും നാളികേരത്തിനു വിലയിടിവില്ല. കാരണം അവിടങ്ങളിലെ നാളികേര വിപണിയെ നിയന്ത്രിക്കുന്നത് കൊപ്രയും വെളിച്ചെണ്ണയുമല്ല, ഇന്തോനേഷ്യയും തായ്‌ലന്റും നീരയിൽ നിന്നുത്പാദിപ്പിക്കുന്ന പാം ഷുഗറിലൂടെയാണ് നാളികേര കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നത്.**

- എപിസിസിയുടെ 2011 ലെ സെഷൻ മീറ്റിംഗിൽ പുറത്തിറക്കിയ പ്രഖ്യാപനം അനുസരിച്ച് എല്ലാ എപിസിസി രാജ്യങ്ങളിലും തെങ്ങ് പുനർ നടീൽ, പുനരുദ്ധാരണ പരിപാടി ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി എല്ലാ രാജ്യങ്ങളിലും വ്യാപകമായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- തെങ്ങ് പുനർനടീലും പുനരുദ്ധാരണവും നടത്തുന്ന രാഷ്ട്രങ്ങളിൽ ആവശ്യമായ നടീൽ സാമഗ്രികൾ ലഭിക്കുന്നതിനായി ജനിതക ദ്രവ്യം കൈമാറ്റം ചെയ്യുന്നതിനുള്ള കാര്യക്ഷമമായ പദ്ധതിക്ക് ബയോഡൈവേഴ്സിറ്റിയുമായോ കോജന്റുമായോ സഹകരിച്ചുകൊണ്ട് എപിസിസി അംഗരാജ്യങ്ങൾ രൂപം കൊടുക്കണം.
- വെളിച്ചെണ്ണയുടെ ആരോഗ്യദായക ഗുണങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങൾക്ക് പിന്തുണയേകാൻ പ്രബലമായ, ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കൂടുതൽ തെളിവുകൾ ആവശ്യമുണ്ടെന്ന് യോഗം സ്ഥിരീകരിച്ചു.
- ഇന്ത്യ, ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ,ഫിലിപ്പീൻസ് തുടങ്ങിയ അംഗരാജ്യങ്ങളുടെ നേട്ടങ്ങളെ അഭിനന്ദിച്ചുകൊണ്ട് വെളിച്ചെണ്ണയുടെ ഔഷധഗുണങ്ങളെ സംബന്ധിച്ച ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ആവശ്യമായ സഹായം നൽകേണ്ടതിന്റെ ആവശ്യകത യോഗം ആവർത്തിച്ചു. ഒന്നിലധികം രാഷ്ട്രങ്ങൾ ഒരുമിച്ച് ചേർന്ന് പഠനങ്ങൾ നടത്താവുന്നതാണെന്നും യോഗം വിലയിരുത്തി.
- നാളികേരോൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ചികിത്സാടിസ്ഥാനത്തിലുള്ള പഠനങ്ങൾ നടത്തുന്നതിനും നാളികേരത്തെ ആരോഗ്യ ഭക്ഷണമെന്ന നിലയ്ക്ക് ഉയർത്തിക്കാട്ടുന്നതിനും സാമ്പത്തികവും സാങ്കേതികവുമായ സഹകരണം സുഗമമാക്കുന്നതിന് താൽപര്യമുള്ള സംഘടനകൾക്കോ കമ്പനികൾക്കോ അസ്സോസിയേറ്റ് അംഗത്വം നൽകുന്നതിനുള്ള നയ രൂപീകരണം എപിസിസി സമ്മേളനത്തിന് പരിഗണിക്കാവുന്നതാണെന്ന് യോഗം ശുപാർശ ചെയ്തു.
- ബൃഹദ് പുനർനടീൽ, പുനരുദ്ധാരണ പരിപാടിയ്ക്കായി സങ്കരവിത്തു തേങ്ങകൾ ഉത്പാദിപ്പിക്കുന്നതുപോലെയുള്ള മേഖലകളിൽ സർക്കാരിന്റെ പരിശ്രമങ്ങൾക്ക് പിന്തുണയേകുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയപരിപാടികൾ അംഗരാജ്യങ്ങൾ അവലംബിക്കണം.
- അംഗരാജ്യങ്ങളിലും വിദേശ രാജ്യങ്ങളിലും നാളികേരോൽപന്നങ്ങൾക്ക് പ്രചാരം നൽകുന്നതിനുള്ള പ്രചരണ പരിപാടികളും വ്യാപാരമേളകളും എപിസിസി തുടർന്നും നടത്തണമെന്നും യുഎസ്എ, യൂറോപ്പ് മുതലായ പ്രമുഖ വിപണികളിൽ നാളികേരോൽപന്നങ്ങളുടെ വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ പരിശ്രമിക്കണമെന്നും യോഗം ശുപാർശ ചെയ്തു.
- എപിസിസി അംഗരാജ്യങ്ങൾ തമ്മിൽ സഹകരിച്ച് നാളികോരോൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള തന്ത്രങ്ങൾ മെനയുന്നതിനും സ്വതന്ത്ര വ്യാപരക്കരാറുകളിൽ നിന്ന് പരസ്പര പ്രയോജനം കണ്ടെത്തുന്നതിനും യോഗം ശുപാർശ ചെയ്തു.
- നാളികേര സംരംഭകർ, കയറ്റുമതിക്കാർ, വ്യാപാരികൾ എന്നിവർ തമ്മിൽ ബിസിനസ്സ് മീറ്റിംഗുകൾ എപിസിസി സുഗമമാക്കും.
- പരിസ്ഥിതിയിലുണ്ടാകുന്ന തീവ്രമായ വ്യതിയാനങ്ങളുടെ പ്രതികൂല സ്വാധീനങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സാമ്പത്തിക, ഭക്ഷ്യസുരക്ഷയ്ക്കും അധിക വരുമാനത്തിനുമുള്ള മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം ജനിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ എപിസിസി ഏറ്റെടുത്ത് നടപ്പിലാക്കണം.
- കേരമേഖലയിലെ പരിശീലകർക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും പരിശീലനം നൽകുന്നതിനുവേണ്ടി പ്രായോഗിക മനുഷ്യവിഭവ വികസന പരിപാടികൾ രൂപകൽപ്പന ചെയ്ത് സംഘടിപ്പിക്കണം.
- എപിസിസി സെക്രട്ടേറിയറ്റ് നാളികേര സംബന്ധിയായ വിവരങ്ങൾ, പുതുതായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ, ഗവേഷണഫലങ്ങൾ, വിലനിലവാരം സംബന്ധിച്ച ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കുകൾ, നാളികേരോൽപന്നങ്ങളുടെ കയറ്റുമതിക്കണക്കുകൾ എന്നിവ തുടർന്നും പ്രസിദ്ധീകരിക്കും.
- എപിസിസി പസഫിക് കമ്മ്യൂണിറ്റിയുടെ സെക്രട്ടേറിയറ്റുമായി സഹകരിച്ച് വിവിധ മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളുടെ സാമ്പത്തികക്ഷമത വിലയിരുത്തുന്നതിനായി വപണി സർവ്വേകൾ സംഘടിപ്പിക്കണം.




200ലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സ്വകാര്യമേഖലയിൽ നിന്നും ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ പങ്കാളിത്തമാണ് ഇത്തവണ ഉണ്ടായത്. നാളികേര സംസ്ക്കരണ രംഗത്തേക്ക് മൂലധന നിക്ഷേപസാദ്ധ്യത ആരാഞ്ഞുകൊണ്ട് പ്രൈവറ്റ് ഇക്വിറ്റി ഫണ്ടുകളുടെ പ്രതിനിധികളും സന്നിഹിതരായിരുന്നു. സോഫ്റ്റ് ഡ്രിങ്ക് രംഗത്തെ അതികായൻമാരായ കൊക്കക്കോള കമ്പനി പ്രതിനിധികളുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായിരുന്നു. സമോവ, ഫിജി എന്നീ വിദേശ രാജ്യങ്ങളുടെ കൃഷിമന്ത്രിമാരും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. നീരയിൽ നിന്നും പാം ഷുഗർ ഉത്പാദിപ്പിക്കുന്ന 'ബിഗ്ട്രീ ഫാംസി'ന്റെയും അമേരിക്കൻ കമ്പനിയായ 'ടർട്ടിൽ മൗണ്ടൻ എൽഎൽസി'യുടെ നൂതനമായ നാളികേര ഐസ്ക്രീം ഉൽപന്നങ്ങൾ, മധുരപാനീയങ്ങൾ എന്നിവയും ശ്രീലങ്കയിലെ പരമ്പരാഗത വ്യാപാരിയായ മുർത്താസ് എ. ലുകാമാൻജിയുടെ 'എൻജോയ്', 'അൽസ്' ബ്രാൻഡ് നെയിമിലുള്ള ഉൽപന്നങ്ങളും പ്രചോദനം നൽകുന്നവയായിരുന്നു. കൊക്കോടെക് സമ്മളനത്തിൽ അറുപതോളം കർഷക പ്രതിനിധികൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പങ്കെടുത്തു. എപിസിസിയുടെ കൊക്കോടെക് മീറ്റിംഗിന്റെ ചരിത്രത്തിൽ ഇത് ആദ്യ സംഭവം തന്നെ. കർഷകർക്ക് സാങ്കേതിക വിദഗ്ധരെയും, സംരംഭകരെയും, ഗവേഷകരെയും ഒരുമിച്ച് കാണുന്നതിനും വിവിധ രാജ്യങ്ങളിലെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അവസരം ലഭിച്ചു. നാളികേര വികസന ബോർഡിലെ സാങ്കേതിക വിദഗ്ധർക്ക് മറ്റ് 24 രാജ്യങ്ങളുടെ നാളികേര കൃഷി, സാങ്കേതിക വിദ്യ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, നാളികേര സംസ്ക്കരണത്തിനുള്ള നവീനയന്ത്രങ്ങൾ എന്നിവയെപ്പറ്റി വിവരങ്ങൾ അറിയാൻ കഴിഞ്ഞു.



ആഗോളവ്യാപകമായി വെളിച്ചെണ്ണ വില കുറഞ്ഞിരിക്കുന്ന ഈ സമയത്ത് ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ വെളിച്ചെണ്ണ വ്യാപകമായി കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽപോലും നാളികേരത്തിനു വിലയിടിവില്ല. കാരണം അവിടങ്ങളിലെ നാളികേര വിപണിയെ നിയന്ത്രിക്കുന്നത് കൊപ്രയും വെളിച്ചെണ്ണയുമല്ല, ഇന്തോനേഷ്യയും തായ്‌ലന്റും നീരയിൽ നിന്നുത്പാദിപ്പിക്കുന്ന പാം ഷുഗറിലൂടെയാണ് നാളികേര കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നത്. തേങ്ങപ്പാലിൽനിന്നുത്പാദിപ്പിക്കുന്ന സോപ്പിനും ഷാമ്പുവിനും ഫിലിപ്പീൻസിൽ വലിയ ഡിമാന്റുണ്ട്; അവ അമേരിക്കയിലേക്കും കയറ്റി അയയ്ക്കുകയും ചെയ്യുന്നു. ന്യൂസിലാന്റും, ആസ്ത്രേലിയയും നാളികേര ഉൽപന്നങ്ങൾ ഫിജി, സോളമൻ ദ്വീപുകൾ, സമോവ തുടങ്ങിയ പസഫിക്ക് ദ്വീപ് രാജ്യങ്ങളിൽ നിന്നും ധാരാളം ഇറക്കുമതി ചെയ്യുന്നു. ലോകമെമ്പാടും പ്രകൃതിദത്ത ഉൽപന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നാചറൽ സോഫ്റ്റ് ഡ്രിങ്കായി കരിക്കിൻവെള്ളവും, നാചറൽ ക്രീം ആയി തേങ്ങാപ്പാൽ ക്രീമും, നാചറൽ ഷുഗർ ആയി നീരയിൽ നിന്നും ലഭിക്കുന്ന പാം ഷുഗറും വലിയതോതിൽ ഉപയോഗിക്കപ്പെടുന്നു. മൊസാമ്പിക്, കെനിയയുൾപ്പെടെയുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നെത്തിയ വ്യാപാരികൾ നാളികേര വ്യവസായരംഗത്തെ സാദ്ധ്യതകൾ തേടിയാണ് കൊക്കോടെക് സമ്മേളനത്തിൽ പങ്കെടുത്തത്. തുറന്ന വേദിയിൽ ചർച്ച ചെയ്യപ്പെട്ട ഈ അറിവുകൾ ഇന്ത്യയുൾപ്പെടെയുള്ള മറ്റ് കേരോത്പാദക രാജ്യങ്ങളിലെ കേര കർഷകർക്ക് വലിയ സാധ്യതകളാണ് തുറന്ന് കൊടുക്കുന്നത്. ഇതോടൊപ്പം സാങ്കേതികമേഖലയിലെ നൂതന കണ്ടെത്തലുകൾ ആഗോളതലത്തിലെത്തിക്കാനുള്ള വേദി കൂടിയായി 45-ാമത് കൊക്കോടെക് സമ്മേളനം.

17 വർഷങ്ങൾക്കുശേഷമാണ് കൊച്ചി നഗരത്തിന് ഈ അവസരം ലഭിച്ചത്. ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും മികച്ചതും വിജയകരവുമായ കൊക്കോടെക്ക് യോഗമെന്നാണ് ഇത്തവണത്തെ യോഗത്തെ എപിസിസിയും അംഗരാജ്യങ്ങളും വിലയിരുത്തിയത്. എപിസിസിയിൽ ഇന്ത്യ, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, തായ്‌ലന്റ്, മലേഷ്യ, ഫെഡറേറ്റഡ് സ്റ്റേറ്റ്സ് ഓഫ് മൈക്രോനേഷ്യ, ഫിജി, കിരിബാത്തി, മാർഷൽ ദ്വീപുകൾ, പപ്പുവ ന്യൂഗിനിയ, സമോവ, സോളമൻ ദ്വീപുകൾ, ടോംഗ, വമ്പാട്ടു, വിയറ്റ്നാം എന്നീ 16 അംഗരാഷ്ട്രങ്ങൾക്കൊപ്പം കെനിയയും ജമൈക്കയും അസോസിയേറ്റഡ് അംഗങ്ങളാണ്.18 അംഗരാജ്യങ്ങൾക്ക് പുറമെ ഭക്ഷ്യ-കാർഷിക സംഘടന (എഫ്എഒ), യുഎസ്എ, ബ്രസീൽ, ഫ്രാൻസ്, സിംഗപ്പൂർ തുടങ്ങിയ വികസിത രാജ്യങ്ങളോടൊപ്പം മൊസാംബിക്കും കെനിയയും പങ്കെടുത്തു. ■




*ലേഖിക നാളികേര വികസന ബോർഡിൽ പബ്ലിസിറ്റി ഓഫീസറാണ്*

ഉദയഭാനു കണ്ടേത്ത്

# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും

*? വികസനഫണ്ട് വിനിയോഗിക്കുന്നത് റവന്യൂ ചെലവായിട്ടോ ആസ്തി സൃഷ്ടിക്കാൻ വേണ്ടിയോ ആകാമല്ലോ. ഇതെങ്ങനെയാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്?*

*1. ലഭിക്കുമ്പോൾ :* പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായതിനാൽ വികസന ഫണ്ട് ബാദ്ധ്യതയായി രേഖപ്പെടുത്തണം. അതിനാൽ ബാദ്ധ്യതാ അക്കൗണ്ട് ഹെഡിന് ക്രെഡിറ്റ് നൽകണം.

ഉദാ: 320 2001 01 Development Fund-General Capital.

*2. റവന്യൂ ചെലവ് ചെയ്യുമ്പോൾ :* ആസ്തി സൃഷ്ടിക്കാത്ത വകയാണ് റവന്യൂ ചെലവുകൾ. ഉദാ: സബ്സിഡി. റവന്യൂ ചെലവാണെങ്കിൽ 2ൽ ആരംഭിക്കുന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് രേഖപ്പെടുത്തുക.

ഉദാ: 250 10 01 01 Agriculture and Related Sectors-Paddy

എന്നാൽ എല്ലാ പദ്ധതിച്ചെലവുകളും റവന്യൂ ചെലവല്ലെന്ന് ഓർക്കണം. പദ്ധതിയിൽ നിന്നുള്ള ചെലവ് റവന്യൂ ചെലവാണെങ്കിൽ മാത്രമെ 2-ൽ ആരംഭിക്കുന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് ചെയ്യാവൂ.

*3. മൂലധനച്ചെലവ് ചെയ്യുമ്പോൾ :* ആസ്തി സൃഷ്ടിക്കുന്ന ചെലവുകളെല്ലാം മൂലധനച്ചെലവുകളാണ്. ഉദാ: റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം. ആസ്തി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയിരുന്നാൽ മാത്രമേ മൂലധനച്ചെലവായി കണക്കാക്കാൻ കഴിയൂ. അതിനാലാണ് ഭവനനിർമ്മാണത്തിന് ജനങ്ങളിലെ ദുർബല വിഭാഗത്തിന് നൽകുന്ന സബ്സിഡി റവന്യൂ ചെലവാകുന്നത്. മൂലധനച്ചെലവിന് ഉദാഹരണങ്ങൾ

410 20 01 01 Buildings -Markets

410 30 0102 Roads-Tarred

മൂലധനച്ചെലവ് രേഖപ്പെടുത്തുമ്പോൾ ഡെബിറ്റ് നൽകേണ്ടത് 4ൽ ആരംഭിക്കുന്ന അക്കൗണ്ട് ഹെഡിനു തന്നെ ആയിരിക്കണം.

*4.റവന്യൂചെലവ് ചെയ്തുകഴിഞ്ഞാൽ:* റവന്യൂചെലവ് ചെയ്തുകഴിഞ്ഞാൽ തത്തുല്യമായ തുകയ്ക്ക് വികസനഫണ്ടിനുള്ള ബാദ്ധ്യതാ അക്കൗണ്ട് ഹെഡിന് ഡെബിറ്റ് നൽകുകയും വികസനഫണ്ടിനുള്ള ഇൻകം അക്കൗണ്ട് ഹെഡിന് ക്രെഡിറ്റ് നൽകുകയും ചെയ്യണം. ജേണൽ വൗച്ചർ ആണ് ഇതിനുപയോഗിക്കേണ്ടത്. ഉദാ:

| | Dr. | Cr. |
|---|---|---|
| 320 20 01 01 Development Fund General-Capital | | |
| To 1601001 01 Development Fund | | |

*5. മൂലധനചെലവ് ചെയ്തുകഴിഞ്ഞാൽ :* ആസ്തി നിർമ്മിക്കുന്ന ചെലവാണെങ്കിൽ 4ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് ചെയ്യണം. തുടർന്ന് തത്തുല്യമായ തുകയ്ക്ക് ഗ്രാന്റിന്റെ ബാദ്ധ്യതാ ഹെഡിന് ഡെബിറ്റും. Capital Contribution എന്ന ബാദ്ധ്യതാ ഹെഡിന് ക്രെഡിറ്റും നൽകണം. ഉദാ:

| | Dr. | Cr. |
|---|---|---|
| 320 20 01 01 Development Fund General Capital Dr. | | |
| To 312 10 0101 Capital Contribution | | |

6. ഏതു സമയത്തും താഴെ കൊടുക്കുന്ന മൂന്ന് അക്കൗണ്ട് ഹെഡിനു കീഴിലുള്ള തുകയും VPF Account II ൽ ഉള്ള തുകയും തുല്യമായിരിക്കണം.

1. 320 20 01 01 Development Fund-General Capital
2. 320 2001 02 Development Fund-Special Component Plan - Capital
3. 320 20 01 03 Development Fund-Tribal Sub Plan - Capital

7. വികസനഫണ്ടിന്റെ കാര്യത്തിൽ റവന്യൂചെലവിന് തുല്യമായ തുക റവന്യൂ വരുമാനമായും രേഖപ്പെടുത്തിയിരിക്കണം. ഇല്ലെങ്കിൽ ഇൻകം-ആൻഡ്-എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിക്കുന്ന പ്രവർത്തന ഫലം 'കമ്മി' ആയിരിക്കും.

*? ഏതു പദ്ധതിചെലവായാലും '2' എന്ന അക്കത്തിൽ ആരംഭിക്കുന്ന ഏതെങ്കിലും അക്കൗണ്ട് ഹെഡിനാണോ ഡെബിറ്റ് ചെയ്യേണ്ടത്?*

അല്ല. റവന്യൂ ചെലവാണെങ്കിൽ മാത്രം '2' എന്ന അക്കത്തിൽ ആരംഭിക്കുന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് നൽകുക. മൂലധനച്ചെലവാണെങ്കിൽ (ഉദാഹരണമായി ആസ്തി സൃഷ്ടിക്കുന്ന ചെലവാണെങ്കിൽ) 4 എന്ന അക്കത്തിൽ ആരംഭിക്കുന്ന അക്കൗണ്ട് ഹെഡിനായിരിക്കണം ഡെബിറ്റ് നൽകേണ്ടത്.

*? ഏതു സന്ദർഭത്തിലാണ് 412-ൽ ആരംഭിക്കുന്ന Capital Work in Progress എന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് ചെയ്യേണ്ടത്?*

പ്രവൃത്തി തീരുന്നതിനുമുമ്പ് ഓരോ ഘട്ടത്തിലായി എഞ്ചിനീയർ അളവ് രേഖപ്പെടുത്തി Part Bill വഴി തുക നൽകാറുണ്ട്. ഇപ്രകാരം റോഡിന്റെ ആയാലും കെട്ടിടത്തിന്റെ ആയാലും പ്രവൃത്തി പൂർത്തിയാകുന്നതിനു മുമ്പ് Part Bill വഴി Payment നൽകുകയാണെങ്കിൽ അത് Road അല്ലെങ്കിൽ Building എന്ന ആസ്തി ഹെഡിനല്ല debit നൽകേണ്ടത്. 412 ൽ ആരംഭിക്കുന്ന Capital Work in Progress എന്ന അക്കൗണ്ട് ഹെഡിന് ഡെബിറ്റ് നൽകി പണം നൽകുക. പണിപൂർത്തിയായി Completion Certificate ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആസ്തി ഹെഡിന് ഡെബിറ്റും Capital Work in Progress എന്ന ഹെഡിന് ക്രെഡിറ്റും ജേണൽ വൗച്ചർ വഴി രേഖപ്പെടുത്തുക. ■

*തയ്യാറാക്കിയത്:*
***ഉദയഭാനു കണ്ടേത്ത്***
*കൺസൾട്ടന്റ്, ഇൻഫർമേഷൻ കേരള മിഷൻ*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*








## കാതുകൾക്ക് കൗതുകമായി

# മീന

**മീ**ന കുട്ടികളിലേക്ക്; കുടുംബശ്രീയും യൂണിസെഫും ആകാശവാണിയും ചേർന്നൊരുക്കുന്ന റേഡിയോ പരമ്പര കുട്ടികൾക്ക് വെളിച്ചമാകുന്നു

പത്തുവയസുകാരി മീനയും മിട്ടുതത്തയും കുട്ടികളിലേക്ക്. അച്ഛൻ, അമ്മ. അമ്മൂമ്മ, സഹോദരൻ രാജു, സഹോദരി റാണി എന്നിവരോടൊപ്പമാണ് മീന താമസിക്കുന്നത്. മിട്ടുവെന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന തത്തയാണ് അവളുടെ പ്രിയ സുഹൃത്ത്. സ്വന്തം പ്രിയ സുഹൃത്തിനെയും കൂട്ടിയാണ് മീന കേരളത്തിലെ കുട്ടികളുടെ പ്രിയ തോഴിയാകാനെത്തുന്നത്.



*കുടുംബശ്രീയും യൂണിസെഫും ആകാശവാണിയും സംയുക്തമായി കുട്ടികൾക്കായി ഒരുക്കിയ 'മീനയുടെ ലോകം' റേഡിയോ പരമ്പരയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നു. മന്ത്രിമാരായ ഡോ. എം.കെ. മുനീർ, വി.എസ്. ശിവകുമാർ, മേയർ കെ. ചന്ദ്രിക തുടങ്ങിയവർ വേദിയിൽ.*

ഏതു പെൺകുട്ടിയെയും പോലെയാണ് മീന. എന്നാൽ നാണം കുണുങ്ങിയല്ലെന്ന് മാത്രം. തനിക്കറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് മറ്റുള്ളവരോട് ചോദിച്ച് മനസിലാക്കാൻ അവൾക്ക് ഒരു മടിയുമില്ല. സത്യസന്ധതയും സഹജീവികളോട് സ്നേഹവും കരുണയുമുള്ള മീന കുടുംബത്തിന്റെയും സ്നേഹിതരുടെയും പ്രശ്നങ്ങൾ മനസിലാക്കാനും പരിഹാരം തേടാനും മടിക്കാത്തവളാണ്. ഇത്തരമൊരു ചിന്താഗതിയും ഊർജ്ജസ്വലതയും കേരളത്തിലെ കുരുന്നു കൂട്ടുകാരിൽ ഉണ്ടാക്കിയെടുക്കുന്നതിനാണ് മീന ശ്രമം ആരംഭിച്ചിരിക്കുന്നത്.

കഥ പറഞ്ഞും കടംകഥ ചൊല്ലിയും ആടിയും പാടിയും കഥകൾ മെനഞ്ഞും ഗഹനമായ വിഷയങ്ങൾ ലളിതമാക്കി പഠനം പാൽപ്പായസമാക്കാനും മീനയ്ക്കുള്ള മൊഴി വിരുത് കേരളക്കരയിലെ കുട്ടികളെ അക്ഷരങ്ങളുടെയും അറിവിന്റെയും കലയുടെയും സാഹിത്യത്തിന്റേതുമുൾപ്പെടെയുള്ള വർണവിഹായസിൽ പൂരപ്പൊലിമയാകുമെന്നുറപ്പ്.

കുട്ടികളുടെ പങ്കാളിത്താവകാശം ഉറപ്പാക്കി അവരുടെ സമഗ്ര വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീ രൂപം നൽകിയ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത ശൃംഖലയായ ബാലസഭകളിലൂടെയാണ് മീന കൂട്ടുകാരിലേക്കെത്തുന്നത്. റേഡിയോ കഥാപാത്രമെങ്കിലും ശബ്ദത്തിലൂടെ മനക്കണ്ണുകളിലേക്കും അതു വഴി മനസിലും ഹൃദയത്തിലും സ്ഥാനമുറപ്പിക്കുമെന്ന് മീന ഉറപ്പാക്കി കഴിഞ്ഞു. കുട്ടികളുടെ എല്ലാ പ്രശ്നങ്ങൾക്കും അവൾക്ക് മറുപടിയുണ്ട്. സാമൂഹ്യസമസ്യകളുടെ കുരുക്കഴിക്കാനും കരുണയുടെയും സ്നേഹത്തിന്റെയും സേവന മാതൃകകളാകാനും കൂട്ടുകാരെ സഹായിക്കാനാണ് മീനയുടെ ശ്രമം.

എല്ലാ ഞായറാഴ്ചയും വൈകുന്നേരം നാലു മുതൽ 4.20 വരെയും ചൊവ്വാഴ്ചകളിൽ ഉച്ചതിരിഞ്ഞ് 2.55 മുതൽ 3.15 വരെയുമാണ് മീന തന്റെ ലോകത്തേക്ക് കൂട്ടുകാരെ ക്ഷണിക്കുന്നതും കുട്ടികളുടെ കൂട്ടുകാരിയാകാൻ ഇറങ്ങി വരുന്നതും. മിട്ടുതത്തയും കൂട്ടിനുണ്ട്. കാഴ്ചകൾക്കപ്പുറം കേൾവിയുടെ മാസ്മരികതയിലൂടെ മനസുകളിലേക്കും ഹൃദയങ്ങളിലേക്കുമാണ് റേഡിയോ പരമ്പര കുട്ടികളെയും പ്രേക്ഷകരെയും നയിക്കുന്നത്. ■



**ദൈവത്തിന്റെ സവിശേഷ ഗുണമായ കാരുണ്യം മനുഷ്യൻ പ്രകടിപ്പിക്കുമ്പോൾ മാത്രമെ അവന്റെ അകത്ത് ദൈവവിശ്വാസി ഉണ്ടാവുകയുള്ളൂ. പ്രസംഗങ്ങളല്ല, പ്രവർത്തനങ്ങളാണ് വിശ്വാസത്തിന്റെ മാനദണ്ഡം. ഈ പെരുന്നാൾ അത്തരമൊരു സന്ദേശമാണ് നൽകുന്നത്.**

# വ്രതവും കടന്ന് പെരുന്നാൾ മധുരം...



**നജീബ് കാന്തപുരം**


മനസ്സിന്റെയും ശരീരത്തിന്റെയും പാകപ്പെടുത്തലുകളാണ് ഇസ്ലാമിലെ വ്രതാനുഷ്ഠാനത്തിന്റെ കാതൽ. അരുതായ്മകളോടുള്ള വിയോജിപ്പും വിശുദ്ധ ചിന്തകളിലേക്കുള്ള തിരിച്ചു നടത്തവുമാണ് ഒരു മാസം നീളുന്ന വ്രതാനുഷ്ഠാനത്തിലൂടെ വിശ്വാസികൾ ആർജ്ജിക്കുന്നത്. ഭക്ഷണം വെടിയുകയെന്ന ശാരീരിക പ്രക്രിയകൊണ്ട് മാത്രം ഒരാൾക്ക് വ്രതം പൂർത്തിയാക്കാനാവില്ല. പ്രലോഭനങ്ങളിൽ നിന്ന് മനസ്സിനെയും ശരീരത്തെയും പ്രതിരോധിക്കുകയെന്ന ശ്രമകരമായ പരിശീലനമാണത്.


ഉപഭോഗത്തിന്റെ ആസക്തി നിറഞ്ഞ ഒരു കാലത്ത് കയറൂരിപ്പായുന്ന മനസ്സിനെ നിയന്ത്രിച്ചു നിർത്തുന്നവർക്കുമാത്രമേ നോമ്പ് ലഭിക്കുള്ളൂ. ആ വ്രതകാലം കടന്നെത്തുന്നവർക്കുള്ള മധുരമാണ് പെരുന്നാൾ. ഓരോ ആഘോഷവും നമ്മെ ആഹ്ലാദിപ്പിക്കുകയും മാനവികതയുടെ വിശാലതയിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യാനുള്ളതാണ്. തീർച്ചയായും പെരുന്നാളും അത്തരത്തിൽ ആഘോഷിക്കപ്പെടാനുള്ളതാണ്.

മനുഷ്യന്റെ സ്വതസിദ്ധമായ ചില ശീലങ്ങളെ നിരാകരിക്കാൻ ശീലിപ്പിക്കുന്ന വ്രതാനുഷ്ഠാനത്തിന് വലിയ സാമൂഹ്യപ്രസക്തിയുള്ളതുപോലെ, ഈദുൽ ഫിത്വറിനുമുണ്ട് നിരവധി സവിശേഷതകൾ. ആർത്തി നിറഞ്ഞ മനസ്സാണ് പുതിയ കാലത്തെ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു. എത്ര കിട്ടിയാലും സംതൃപ്തമാകാത്ത മനസ്സ്, ഒരിക്കലും തന്റെ താഴേക്കു നോക്കാൻ പ്രേരിപ്പിക്കുന്നില്ല. മുഹമ്മദ് നബി തന്റെ അനുയായികളോട് ഉണർത്തി, 'നിങ്ങൾ നിങ്ങളേക്കാൾ മുകളിലുള്ളവരിലേക്കല്ല, താഴെ ജിവിക്കുന്നവരിലേക്കാണ് നോക്കേണ്ടത്.' മറ്റൊരിക്കൽ പ്രവാചകൻ പറഞ്ഞു: 'എനിക്കുശേഷം നിങ്ങളുടെ കാര്യത്തിൽ ഞാൻ അമിതമായി ഭയപ്പെടുന്നത്, ഭൗതിക ജീവിതത്തിന്റെ സുഖാഢംബരങ്ങളുടെ കവാടങ്ങൾ നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുന്നതിനെയാണ്.' സുഖഭോഗങ്ങളുടെ പറുദീസ തേടി അലയുന്ന മനുഷ്യൻ എത്തിച്ചേരുന്ന വലിയ ശൂന്യത പുതിയ കാലത്തിന്റെ സങ്കീർണ്ണതയാണ്. ഭക്തിയെ കച്ചവടവൽക്കരിക്കുന്ന ആധുനിക സമസ്യകളിലേക്ക് ഒരു പരിധിവരെ ഈ ശൂന്യത മനുഷ്യനെ നയിക്കുന്നുണ്ട്. അലിവുള്ള മനസ്സ് നൽകാനുള്ളതാണ് മതം. ഇസ്ലാം അതിന്റെ സമ്പൂർണ്ണതയാണ് ഇഷ്ടപ്പെടുന്നത്. ഭൂമിയിലുള്ളവരോട് നീ കരുണ കാണിക്കുക, എന്നാൽ ആകാശത്തുള്ളവർ നിന്നോട് കരുണ കാണിക്കുമെന്നാണ് നബി വചനം. വിഭാഗീയതയും വിദ്വേഷവും മതത്തിന്റെ പേരിൽ സൃഷ്ടിക്കുന്ന ഒരാൾക്കും മുസ്ലിമാവുക അസാധ്യമാണ്. ഭക്തി പ്രകടനപരതയിലേക്ക് മാറുകയും ഉള്ള് പൊള്ളയായി തീരുകയും ചെയ്യുന്നതിനാലാണ് മതം മൂർച്ചയുള്ള ആയുധമായി തീരുന്നത്. മറ്റു മതവിശ്വാസികളോടുള്ള സ്നേഹവായ്പും അവരുടെ നല്ല ജീവിതത്തിനുള്ള കഠിനാധ്വാനവുമാണ് ഒരു മുസ്ലിമിന്റെ കടമ. ഇഫ്താർ വിരുന്നുകളിലെ വിഭവ സമൃദ്ധമായ തീൻമേശകളിലേക്ക് സമൂഹത്തിലെ ഉന്നതരായ മറ്റു മതവിശ്വാസികളെ ക്ഷണിക്കുന്നതോടെ തീരുന്നതല്ല ഈ സ്നേഹം. സാധാരണക്കാരും ദുർബലരുമായ ഇതര മതവിശ്വാസികളോട് മുസ്ലിം പുലർത്തേണ്ട ചില നീതികളുണ്ട്. അത് നിർവ്വഹിക്കാതെ തന്റെ വീട്ടിൽ മൃഷ്ടാന്ന ഭോജനത്തിനുള്ള സംവിധാനമൊരുക്കുന്നവന് സ്വർഗ്ഗം നിഷിദ്ധമാണെന്നാണ് ഇസ്ലാമിന്റെ ആഹ്വാനം.

വിശ്വാസം ഉള്ളിലേക്കു തിരിച്ചുവരികയെന്നതാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. സ്വകാര്യ ജീവിതത്തിലും പൊതുജീവിതത്തിലും സാമൂഹ്യ ജീവിതത്തിലുമെല്ലാം മനുഷ്യൻ ഒരു പോലെ നന്മ നിറഞ്ഞവനാകണം. ഉള്ളും പുറവും നവീകരിക്കുന്ന റമസാൻ കടന്ന് പെരുന്നാളിലെത്തുന്ന മുസ്ലിം അത്തരത്തിലൊരു മാറ്റത്തിന് പാകപ്പെട്ടവനായിരിക്കണം. മതവൈരവും വിഭാഗീയതയും പ്രചരിപ്പിക്കുന്നവരെ ഒരു മതത്തിന്റെ കള്ളികളിലും സംരക്ഷിച്ചു നിർത്താൻ പാടില്ല. അത്തരം ശബ്ദങ്ങൾക്കുമീതെ വിശ്വസാഹോദര്യത്തിന്റെ സംഗീതം മുഴക്കണം. ആഘോഷങ്ങൾ ഇത്തരത്തിൽ ഹൃദ്യമാകുമ്പോഴാണ് അതിന്റെ മനോഹാരിത പ്രകടമാകുന്നത്. പെരുന്നാൾ ഇതര മത വിശ്വാസികൾക്കുകൂടി ആനന്ദമുണ്ടാക്കുന്നതാവാൻ ഓരോ മുസ്ലിമും ശ്രദ്ധിക്കേണ്ടതുണ്ട്. കേരളത്തിന് മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. നമ്മുടെ ആഘോഷങ്ങൾ ആ പാരമ്പര്യത്തിന്റെ വർണ്ണങ്ങൾ നിറഞ്ഞതാവണം.

ഇല്ലാത്തവന്റെ പട്ടിണിയോട് ഐക്യദാർഢ്യപ്പെട്ട് ഒരു മാസം കഴിഞ്ഞ വിശ്വാസിക്ക് അയൽക്കാരൻ വിശന്നുകഴിയുമ്പോൾ ഒരിക്കലും വയറുനിറച്ച് ഭക്ഷണം കഴിക്കാൻ അവകാശമില്ല. ഇത്തരത്തിൽ അയൽക്കാരെ സ്നേഹിക്കുകയും വിഭാഗീയതയുടെ മുകുളങ്ങളെ നുള്ളിക്കളഞ്ഞ് വിശ്വമാനവികതയുടെ പതാകവാഹകരാവുകയും വേണം. നോമ്പിൽ ആർജ്ജിച്ച കരുത്ത് അത്തരമൊരു സ്നേഹനിർഝരിയുടേതാവട്ടെ. അപ്പോൾ മുസ്ലിമുകളുടെ പെരുന്നാൾ മനുഷ്യരാശിയുടെ തന്നെ പെരുന്നാളാവും. ഓരോ ദിവസവും പെരുന്നാൾ പോലെ മധുരമാവുന്ന ഒരു ലോകം കെട്ടിപ്പടുക്കുകയെന്നത് നമ്മുടെ പ്രാർത്ഥനകളിൽ മാത്രമല്ല, പ്രവർത്തനങ്ങളിലും നിറഞ്ഞുനിൽക്കണം. ദൈവത്തിന്റെ സവിശേഷ ഗുണമായ കാരുണ്യം മനുഷ്യൻ പ്രകടിപ്പിക്കുമ്പോൾ മാത്രമെ അവന്റെ അകത്ത് ദൈവവിശ്വാസി ഉണ്ടാവുകയുള്ളൂ. പ്രസംഗങ്ങളല്ല, പ്രവർത്തനങ്ങളാണ് വിശ്വാസത്തിന്റെ മാനദണ്ഡം. ഈ പെരുന്നാൾ അത്തരമൊരു സന്ദേശമാണ് നൽകുന്നത്. ■





കെ.എൽ. ശ്രീകൃഷ്ണദാസ്



# ഓണം ചലച്ചിത്ര ഗാനങ്ങളിൽ

**മലയാളത്തിലെ പ്രതിഭാധനരായ ചില ഗാനരചയിതാക്കളുടെ ഓണത്തെക്കുറിച്ചുള്ള ചില ചലച്ചിത്ര ഗാനങ്ങളുടെ സംക്ഷിപ്തമായ ഒരു അവലോകനം മാത്രമാണിത്. ജാതിമതഭേദമെന്യേ മലയാളിയുടെ മധുരവികാരമായ ഓണം എക്കാലവും കവികൾക്കും കലാകാരന്മാർക്കും പ്രചോദനമായി നിലകൊള്ളുന്നു.**

മലയാളിയുടെ മഹോൽസവമായ ഓണത്തെക്കുറിച്ച് ധാരാളം ലേഖനങ്ങളും കവിതകളും ലളിതഗാനങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. അതുപോലെ, നമ്മുടെ പ്രതിഭാധനരായ ഗാനരചയിതാക്കൾ ചലച്ചിത്രങ്ങൾക്കു വേണ്ടിയും ഓണത്തിന്റെ സുഗന്ധവും സൗന്ദര്യവും നിറഞ്ഞു നിൽക്കുന്ന ഒട്ടേറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്, കാലമേറെ കഴിഞ്ഞിട്ടും നാം നെഞ്ചേറ്റി ലാളിക്കുന്നവയാണ് അവയിൽ പലതും.

ആദ്യം മനസ്സിലേക്ക് കടന്നുവരുന്ന ഗാനം ഒ.എൻ.വി കുറുപ്പ് രചിച്ച് ബോംബെ രവിയുടെ സംഗീതസംവിധാനത്തിൽ കെ.എസ്. ചിത്ര പാടിയ

*'മഞ്ഞൾ പ്രസാദവും നെറ്റിയിൽ ചാർത്തി*
*മഞ്ഞക്കുറിമുണ്ടു ചുറ്റി*
*ഇന്നെന്റെ മുറ്റത്തും പൊന്നോണപ്പൂവേ നീ*
*വന്നു ചിരി തൂകി നിന്നു."*

എന്ന അതിമനോഹരമായ ഗാനമാണ്. പീലി വിടർത്തിയാടുന്ന കവിഭാവന ഓണത്തിന്റെ സമസ്തചൈതന്യവും നമ്മിലേക്ക് പകർന്നു തരുന്നു. "നഖക്ഷതങ്ങൾ" എന്ന ചിത്രത്തിലെ ഈ ഗാനം ദേശീയതലത്തിൽ തന്നെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

"കാട്ടുപൂക്കൾ" എന്ന ചിത്രത്തിനു വേണ്ടി ഒ.എൻ.വി. രചിച്ച *"അത്തപ്പൂ ചിത്തിരപ്പൂ അക്കരെയിക്കരെ പൂക്കാലം"* എന്ന ഗാനവും "അഗ്നിപുഷ്പം" എന്ന ചിത്രത്തിനുവേണ്ടി അദ്ദേഹം രചിച്ച *"ചിങ്ങക്കുളിർക്കാറ്റേ"* എന്നു തുടങ്ങുന്ന ഗാനവും പൊന്നിൻ ചിങ്ങമാസത്തിന്റെ സന്ദേശവാഹകരാണ്. *"ആവണിപ്പൊന്നൂഞ്ഞാലിൽ ആടിവാ കിളിപ്പെണ്ണേ"* എന്ന മനോഹര ഗാനം അദ്ദേഹം തന്നെ "ഓണപ്പുടവ" എന്ന ചിത്രത്തിനു വേണ്ടി രചിച്ചതാണ്.

ഓണത്തെക്കുറിച്ച് ഒ.എൻ.വി. എഴുതിയ മറ്റൊരു പ്രസിദ്ധമായ ഗാനമാണ് "ഈ ഗാനം മറക്കുമോ" എന്ന ചിത്രത്തിലെ *'ഓണപ്പൂവേ...പൂവേ..പൂവേ...ഓമൽപ്പൂവേ.. പൂവേ..പൂവേ..'* എന്നാരംഭിക്കുന്ന ഗാനം. "അങ്കുരം" എന്ന ചിത്രത്തിനുവേണ്ടി അതേ തൂലികയിൽ നിന്നൊഴുകിയെത്തിയ *'തുയിലുണരു കുയിലുകളെ തുയിലുണരൂ'* എന്ന ഗാനവും "ദേവദാസി" എന്ന ചിത്രത്തിലെ *'പൊന്നലയിൽ എൻതോണി അങ്ങേക്കരെ പോയ് വാ"* എന്ന ഗാനവും ഓണത്തിന്റെ മധുരോദാരമായ ഈണം നമുക്കു പകർന്നു നൽകുന്നു.









വയലാർ രാമവർമ്മ ആദ്യമായി ചലച്ചിത്രഗാനങ്ങൾ രചിച്ചത് "കൂടപ്പിറപ്പ്" എന്ന ചിത്രത്തിനുവേണ്ടിയാണ്. ആ ചിത്രത്തിലെ തന്നെ ഒരു ഗാനത്തിൽ ഓണത്തെക്കുറിച്ചുള്ള പരാമർശമുണ്ട്.

*'ആയിരം കൈകള് ആയിരം കൈകള്*
*ആരിക്കു നെയ്യാണി പൊന്മാല'*
എന്നാരംഭിക്കുന്ന ഈ ഗാനത്തിൽ
*'ഓണക്കുളിരിന്റെ പൊൻ കതിരെ*
*മയ്‌ലാഞ്ചി പൂശിയ കൈയാൽ കോർത്തിടാം*
*മാവേലി നാടിനീ പൂമാല'*
എന്ന വരികൾ ഓണത്തെ ഓർമ്മിപ്പിക്കുന്നു.

"കടത്തുകാരൻ" എന്ന ചിത്രത്തിലൂടെ വയലാർ ഉത്രാടരാത്രിയെ ഇങ്ങനെ വരവേൽക്കുന്നു.

*'മുത്തോലക്കുടയുമായ് മുന്നാഴിപ്പൂവുമായ്*
*ഉത്രാടരാത്രിയുടെ തേരിറങ്ങി-തങ്കത്തേരിറങ്ങി'*
"കല്യാണഫോട്ടോ" എന്ന ചിത്രത്തിൽ
*'മയിലാടും കുന്നിന്മേൽ അണിയമ്പു മണിയമ്പു*
*പൂത്തെടി പെണ്ണേ"*

എന്നാരംഭിക്കുന്ന ഗാനത്തിലും തിരുവോണത്തിന്റെ തിരതല്ലലുണ്ട്. എന്നാൽ "തുലാഭാരം" എന്ന ചിത്രത്തിലെ

*'ഓമനത്തിങ്കളിനോണം പിറക്കുമ്പോൾ*
*താമരക്കുമ്പിളിൽ പനിനീര്*
*ഓണം പിറന്നാലും ഉണ്ണി പിറന്നാലും*
*ഓരോ കുമ്പിൾ കണ്ണീര് മണ്ണി*
*നോരോ കുമ്പിൾ കണ്ണീര്'*

എന്ന ഗാനം നമ്മെ ഓണത്തിന്റെ ദുഃഖമയമായ മറ്റൊരു വശത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

''കൂട്ടുകുടുംബം" എന്ന ചിത്രത്തിനുവേണ്ടി വയലാർ രചിച്ച ഗാനങ്ങളിൽ രണ്ടെണ്ണവും ഓണത്തെക്കുറിച്ചുള്ള പരാമർശം ഉൾക്കൊള്ളുന്നവയാണ്.

*'പരശുരാമൻ മഴുവെറിഞ്ഞു നേടിയതല്ലാ'* എന്നാരംഭിക്കുന്ന ഗാനത്തിൽ

*'മയിലാടും മലകളും പെരിയാറും സഖികളും*
*മാവേലിപ്പാട്ടു പാടുമീ മലയാളം'* എന്നും

*'തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടീ'* എന്ന ഗാനത്തിൽ *'തുമ്പപ്പൂക്കളത്തിൽ തിരുവോണത്തിനു തുമ്പി തുള്ളാനിരുന്ന'* കാമുകിയെക്കുറിച്ചും കവി പാടുന്നു.

ലാളിത്യമുള്ള നാടൻ ശീലുകളിലൂടെ അനശ്വര ഗാനങ്ങൾ രചിച്ച പി. ഭാസ്ക്കരന്റെ ചലച്ചിത്ര ഗാനങ്ങളിൽ ചിലതു മനോഹരമായ ഓണപ്പാട്ടുകളാണ്.

'തറവാട്ടമ്മ' എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്ക്കരൻ രചിച്ച ഈ ഗാനം നോക്കൂ.


*'മണ്ണേറിഞ്ഞാൽ പൊന്നു വിളയും മലയാളക്കരയിൽ*
*കല്യാണക്കിളി കാരോലക്കിളി പൊന്നോണത്തിനു*
*വന്നാട്ടെ'*

"ഇരുട്ടിന്റെ ആത്മാവ്" എന്ന ചിത്രത്തിൽ കവി ഇങ്ങനെ പാടുന്നു...

*'അമ്പാടിക്കണ്ണനു മാമ്പഴം തോണ്ടും*
*അണ്ണാറക്കണ്ണാ മുറിവാലാ*
*അത്തം നാളിൽ പായസം വെയ്ക്കാൻ*
*ഇത്തിരി പുന്നെല്ലു കൊണ്ടു വായോ'*

"ആഭിജാത്യം" എന്ന ചിത്രത്തിലെ

*'കല്യാണക്കുരുവിക്കു പുല്ലാനിപ്പുര കെട്ടാൻ*
*പുല്ലും നെല്ലും വയ്ക്കോലും'*
എന്നാരംഭിക്കുന്ന ഗാനത്തിൽ
'പൊന്നോണപ്പൈങ്കിളി, പൊന്നോണപ്പൈങ്കിളീ'
*എന്നാണു പുരയുടെ പാലുകാച്ചൽ?"*
എന്നു കവി ചോദിക്കുന്നു



ചലച്ചിത്രങ്ങളിൽ ഓണത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ഗാനങ്ങൾ എഴുതിയിട്ടുള്ളത് ശ്രീകുമാരൻ തമ്പി ആണെന്നു തോന്നുന്നു. അവയിൽ പലതും പാടിപ്പതിഞ്ഞ, ജനപ്രീതിയാർജ്ജിച്ച ഗാനങ്ങളാണു താനും. ഇതാ ചില ഉദാഹരണങ്ങൾ

*'പൂവിളി പൂവിളി പൊന്നോണമായി*
*നീ വരൂ നീ വരൂ പൊന്നോണത്തുമ്പീ'*
(ചിത്രം-വിഷുക്കണി)

*'തിരുവോണപ്പുലരി തൻ തിരു*
*മുൽക്കാഴ്ച വാങ്ങാൻ*
*തിരുമുറ്റമണിഞ്ഞൊരുങ്ങി'*
(ചിത്രം-തിരുവോണം)

*'കേരളം..കേരളം..കേളികൊട്ടുണരുന്ന*
*കേരളം'* (ചിത്രം-മിനിമോൾ)

കൂടാതെ, "ഏതോ ഒരു സ്വപ്നം" എന്ന ചിത്രത്തിലെ *'പൂമാനം പൂത്തുലഞ്ഞേ പൂവള്ളിക്കുടിലിലെന്റെ കരളുണർന്നോ'*

"കാട്ടു മല്ലിക" എന്ന ചിത്രത്തിലെ *'അവളുടെ കണ്ണുകൾ കരിങ്കദളിപ്പൂക്കൾ'* എന്നു തുടങ്ങുന്ന ഗാനത്തിലും

"കന്യാദാനം" എന്ന ചിത്രത്തിലെ *'രണ്ടു നക്ഷത്രങ്ങൾ കണ്ടു മുട്ടി'* എന്നാരംഭിക്കുന്ന ഗാനത്തിലും ഓണത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്.

ശ്രീകുമാരൻ തമ്പിയുടെ ശ്രവണസുഭഗമായ മറ്റു ചില ഓണപ്പാട്ടുകളാണ് "ഓമനക്കുഞ്ഞ്"... എന്ന ചിത്രത്തിലെ *'പൊന്നുംചിങ്ങമേഘം'* "പഞ്ചവടി" എന്ന ചിത്രത്തിലെ *'പൂവണിപ്പൊന്നുംചിങ്ങം'*, "ഇഷ്ടദാനം" എന്ന ചിത്രത്തിലെ *'പൊന്നും മേടേറി'* എന്നിവ.

ഓണവുമായി ബന്ധപ്പെട്ട് യൂസഫലി കേച്ചേരി "രണ്ടുലോകം" എന്ന ചിത്രത്തിനുവേണ്ടി രചിച്ച *'തെയ്തെയ് തെയ് തെയ് തെയ് തെയ് തെയ്'* എന്നാരംഭിക്കുന്ന ഗാനം ഒരു വഞ്ചിപ്പാട്ടിന്റെ ഹരം പകരുന്നു. തിരുനയിനാർ കുറിച്ചി മാധവൻ നായർ "അൾത്താര" എന്ന ചിത്രത്തിനുവേണ്ടി രചിച്ച 'ഓണത്തുമ്പി വന്നാട്ടെ' എന്ന ഗാനവും ശ്രദ്ധേയമാണ്' പൂവച്ചൽ ഖാദർ ''യുദ്ധം" എന്ന ചിത്രത്തിനുവേണ്ടി എഴുതിയ *'ഓണപ്പൂവുകൾ വിരുന്നു വന്നു'* എന്ന ഗാനവും ബിച്ചു തിരുമല "വെല്ലുവിളി" എന്ന ചിത്രത്തിനുവേണ്ടി എഴുതിയ *'ഓണം വന്നേ'* എന്ന ഗാനവും മികച്ച ഓണപ്പാട്ടുകളാണ്.

''ബ്രഹ്മരക്ഷസ്സ്'' എന്ന ചിത്രത്തിനുവേണ്ടി ഗിരീഷ് പുത്തഞ്ചേരി എഴുതിയ *'കറുകയും തുമ്പയും നെറുകയിൽ ചാർത്തുന്ന'* എന്നാരംഭിക്കുന്ന ഗാനത്തിൽ *'ഓണനിലാവു വന്നലസം തലോടുമ്പോൾ'* ഉള്ള നിർവൃതിയെക്കുറിച്ചു പാടുന്നുണ്ടു.

മലയാളത്തിലെ പ്രതിഭാധനരായ ചില ഗാനരചയിതാക്കളുടെ ഓണത്തെക്കുറിച്ചുള്ള ചില ചലച്ചിത്രഗാനങ്ങളെക്കുറിച്ചുള്ള സംക്ഷിപ്തമായ ഒരു അവലോകനം മാത്രമാണിത്. ഇതെ ഗാനരചയിതാക്കൾ തന്നെ ഓണത്തെക്കുറിച്ച് അതിമനോഹരങ്ങളായ അനേകം ലളിതഗാനങ്ങൾ രചിച്ചിട്ടുണ്ട്. ജാതിമതഭേദമെന്യേ മലയാളിയുടെ മധുരവികാരമായ ഓണം എക്കാലവും കവികൾക്കും കലാകാരന്മാർക്കും പ്രചോദനമായി നിലകൊള്ളുന്നു. ■







നർമ്മം

# മാവേലി..... അപ്പോൾ ശുഭയാത്ര

രാജു മാത്യൂ



ഓർമ്മപ്പെടുത്തലാണ് ഓണം. ഇന്നലകളിലെ സമ്പൽസമൃദ്ധിയുടെ, സമത്വസുന്ദരതയുടെ, അഴിമതിരഹിത നാടിന്റെ എല്ലാം ഓർമ്മകളുർത്തുകയാണ് ഓണം. നാക്കിലയിൽ വിഭവങ്ങൾക്കൊപ്പം നിറയുന്നത് രുചിയും മണവും നിറവുമുള്ള ഒരായിരം ഓർമ്മകളാണ്. അതെ, മലയാളിക്ക് ഓണം മനസ്സുകൊണ്ടൊരു മടക്കയാത്രയാണ്, നഷ്ട വസന്തങ്ങളിലേക്ക് മനസ്സുകൊണ്ടൊരു മടക്കമാണത്. ആ ഓർമ്മകളുടെ അമരത്താണ് ഓലക്കുട ചൂടിയെത്തുന്ന മാവേലിത്തമ്പുരാന്റെ സ്ഥാനം. പ്രജാക്ഷേമതൽപരനായ നാടുവാഴി. കുടവയറും ഓലക്കുടയും കൂടെക്കൊണ്ടു നടക്കുന്ന നമ്മുടെ സ്വന്തം മാവേലി. മലയാളിയുടെ സ്വത്വബോധത്തിന്റെ പ്രതിഫലനം പോലെയാണത്. പുതിയ തലമുറയോടു മാവേലിയെ വരയ്ക്കാൻ പറഞ്ഞാൽ അവരും വരയ്ക്കും കുടവയറുള്ള മാവേലിയെ. ഓലക്കുടയും ചൂടിക്കാൻ മറക്കില്ല. സിക്സ് പായ്ക്കുള്ള മാവേലിയെ ഇനി എന്നാണാവോ കാണാനാവുക,ആ..

ഏതായാലും മാവേലിക്ക് മലയാള നാട്ടിലേക്ക് സ്വാഗതം. ഇത്തവണ പച്ചപ്പ് അൽപം കുറവായിരിക്കും. എങ്ങും വരണ്ടു കിടക്കുന്നതു കണ്ട് വിരളേണ്ട. മലയാള നാട്ടിൽ നിന്ന് മഴ ഇത്തവണ ഒഴിഞ്ഞു നിൽക്കുകയാണ്. കർക്കിടകം കാര്യമായി ഒന്നും തന്നില്ല. അല്ലെങ്കിൽത്തന്നെ ഈ മലയാളക്കരയിൽ പാലിനേക്കാളും കാശ് വെള്ളത്തിന് വരും എന്ന് ആരെങ്കിലും സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നോ. ഒരു കയ്യിൽ മൊബൈലും മറുകൈയ്യിൽ കുപ്പിവെള്ളവും എന്നതാണ് നമ്മുടെ സ്റ്റൈൽ. ഏതായാലും സ്റ്റൈലിൽ തന്നെയാകട്ടെ അങ്ങയുടെ യാത്രയും. കയ്യിൽ കുപ്പിവെള്ളം കരുതിക്കോ.

ഇത്തവണ അങ്ങയ്ക്ക് നാട്ടിലേക്ക് വരാൻ എളുപ്പവഴിയുണ്ട്. ദേശീയപാതയിലെ ഗട്ടറാണ് ഷോർട്ട്കട്ട്. പാതാളത്തിലിരുന്ന് എങ്ങനെ ദേശീയപാത കൃത്യമായി കണ്ടെത്താം എന്നാവും. അതിന് ഗൂഗിളിൽ ഊളിയിടേണ്ട കാര്യമില്ല. ഒന്ന് ശ്രദ്ധിച്ചിരുന്നാൽ മതി. ധിം പടിം എന്ന് ശബ്ദം കേൾക്കാം. കൂടാതെ ചിലത് തെറിച്ച് പറന്നു പോകുന്നതും കാണാം. ദേശീയപാതയിൽ ഗട്ടറിൽ വീഴുന്ന വണ്ടിയുടെ ശബ്ദവും അതിന്റെ സ്പെയർപാർട്സ് ഇളകി തെറിക്കുന്നതുമാണ് സംഭവം. അത് ലൊക്കേറ്റ് ചെയ്ത് ഇങ്ങു പോരുന്നാൽ ക്ലീനായി മുകളിലെത്താം. ദോഷംപറയരുതല്ലോ നമ്മുടെ നാട്ടിലെ മറ്റ് റോഡുകളെല്ലാം ഇത്തവണ വൃത്തിയായി കിടക്കുകയാണ്.

മാനുഷരെല്ലാം ഒന്നു പോലെ എന്നാണല്ലോ അങ്ങയുടെ പ്രമാണം. നമ്മളും ഇക്കാര്യത്തിൽ ഒരിഞ്ചുപോലും പിന്നോട്ടു പോയിട്ടില്ല. പക്ഷേ ബിവറേജസ് കോർപ്പറേഷനിലെ ക്യൂവിലാണെന്നു മാത്രം. അങ്ങയുടെ സ്വന്തം നാട്ടിലേക്ക് വരുമ്പോൾ നാടുനീളെ ക്യൂവുകൾ കാണാം. സ്ത്രീകൾ മാത്രമാണ് ക്യൂവിലെങ്കിൽ അത് സപ്ലൈകോ വിൽപന കേന്ദ്രത്തിലേക്കോ ഹോർട്ടികോർപ്പ് സ്റ്റോളിലേക്കോ ആവും.

കയ്യിൽ വെള്ളത്തിനൊപ്പം പൊതിച്ചോറോ മറ്റൊ കരുതുന്നതാണ് നല്ലത്. വിശന്നു വലഞ്ഞാലും കടയിലെങ്ങും കയറി ഒന്നും മേടിച്ചു തിന്നരുത്. ഷവർമ എന്നു പറയുന്ന സാധനമുണ്ട്. അതിലേക്ക് നോക്കുക പോലും ചെയ്യരുത്. വല്ല പഴമോ മറ്റു പഴവർഗ്ഗങ്ങളോ മേടിച്ചു തിന്നാമെന്നു കരുതുന്നെങ്കിലും തെറ്റി. മായമില്ലാത്ത ഒരു സാധനവും ഇവിടില്ല. ശുദ്ധമായ പശുവിൻ പാല് പശുവിന്റെ അകിടിൽ പോലും ഇല്ലാതായി.

ഒളിംപിക്സിന്റെ ആവേശം ചിലയിടത്തെങ്കിലും അങ്ങ് കാണും. ഒരു മലയാളിയുടെ കഴുത്തിൽ ആ സ്വർണമെഡൽ വീഴുന്നതു കാണാൻ ഇനി എന്നാണ് ഭാഗ്യം ഉണ്ടാവുന്നതെന്ന് അറിയില്ല.
ഏതായാലും ഒളിംപിക്സ് ചിഹ്നമായ അഞ്ചുവളയം ഞങ്ങൾക്ക് വളരെ ഇഷ്ടമാണ്. കാരണം വളയമില്ലാതെ ചാടിച്ചാടി പോകുന്നവരുടെ ഈ നാട്ടിൽ അഞ്ചുവളയങ്ങൾ ചേർന്നിരിക്കുന്നത് കാണാൻ രസമുണ്ട്. മറ്റൊന്നുണ്ട്, വിവാദങ്ങൾ ഒരു മൽസര ഇനമായിരുന്നെങ്കിൽ നമ്മൾക്ക് തീർച്ചയായും സ്വർണമെഡൽ തന്നെ കിട്ടിയേനെ.

മുന്നോട്ടു പോകുമ്പോൾ സൂക്ഷിക്കണം. ഏതെങ്കിലും റിയാലിറ്റി ഷോക്കാരു തപ്പിക്കൊണ്ടു പോകും. ഇപ്പോൾ വിവാഹം മുതൽ അടിയന്തിരം വരെ റിയാലിറ്റി ഷോ മൽസരമാണ്. പാടാൻ മാത്രം അറിഞ്ഞിട്ട് കാര്യമില്ല. പാട്ടിന് ഷഡ്ജമില്ല, സുനാപ്പിയില്ല എന്നൊക്കെ കാച്ചി തകർത്തുകളയും. പാട്ടിനൊപ്പം അല്പം ആട്ടവുമായായാൽ വല്ല പരിഗണനയും കിട്ടും. പഴഞ്ചൻ തിരുവാതിരയുമായി വന്നിട്ടും കാര്യമില്ല. പുത്തൻ രണ്ടു സ്റ്റെപ്പുകൾ നടിച്ചാൽ സംഗതിയിൽ പിടിച്ചുനിന്ന് ഫ്ളാറ്റോ വില്ലയോ തരപ്പെടുത്താം. വർഷം തോറും വരുമ്പോൾ അല്പം റെസ്റ്റ് എടുക്കാമല്ലോ. അതുമല്ല ലോട്ടറി വാങ്ങി ഭാഗ്യം പരീക്ഷിക്കാമെന്ന് കരുതിയാൽ നമ്മുടെ കേരളം തന്നെ ചോദിച്ചു വാങ്ങിക്കോണം. അന്യസംസ്ഥാനക്കാർ അളിപിളിയാണ്. മറ്റൊരു പ്രധാന കാര്യം. കോടികളടിച്ചു ലക്ഷം ഡോളർ കിട്ടി എന്നൊക്കെ കാണിച്ച് മൊബൈലിൽ സന്ദേശങ്ങൾ വരും. അതു വായിച്ചു വിശ്വസിച്ച് പോയാൽ കാശുപോകുന്ന വഴി കാണില്ല. തട്ടിപ്പിന്റെ പുതിയ മോഡലാ അത്.

വഴിയിലെങ്ങും പഴയ രീതിയിലുള്ള വച്ചുവാണിഭമൊന്നും കാണുന്നില്ലല്ലോ എന്ന് പരിഭവിക്കരുത്. വാണിഭം എന്ന വാക്കിനു പോലും അർത്ഥവ്യത്യാസം വന്നിരിക്കുകയാണ്. വാണിഭത്തിന്റെ അറ്റത്ത് ഒരു പെൺകിടാവും പിന്നാലെ ഒരു വണ്ടി ആളുകളും എന്നാണ് ഇപ്പോൾ ആ വാക്കിന്റെ വായ്മൊഴിവഴക്കം. വഴി വാണിഭങ്ങളെക്കാൾ ഞങ്ങൾക്കിപ്പോൾ ഷോപ്പിങ് മാളുകളാണ് ഏറെയുള്ളത്. എല്ലാം ഒരു കുടക്കീഴിൽ. മൊട്ടുസൂചി മുതൽ പാറ്റൻടാങ്കുവരെ കിട്ടും ഇവിടെ. യാത്ര തുടങ്ങുമ്പോൾത്തന്നെ ഒരു എടിഎം കാർഡ് എടുക്കുന്നതാവും നല്ലത്. കള്ളന്മാർ കാശുപിടിച്ചു പറിക്കും എന്ന് പേടിക്കുകയും വേണ്ട.

നാടു ചുറ്റാൻ അങ്ങേക്ക് ബൈക്കോ, കാറോ സ്വന്തമാക്കാം. പാതാളത്തിലെ റേഷൻകാർഡും വെറും ഒരു രൂപയുമായി ചെല്ലുന്ന താമസമേ ഉള്ളൂ എന്നാണ് പരസ്യം. കാറോ ബൈക്കോ എന്തു വേണമെങ്കിലും കിട്ടും. ഒരു രൂപയുടെ കാര്യം പറഞ്ഞപ്പോഴാണ് ഓർത്തത്. ഒരു രൂപയും അഞ്ചു രൂപയും എല്ലാം ഒരു പോലിരിക്കും. സൂക്ഷിച്ചു വേണം കൈകാര്യം ചെയ്യാൻ. നോട്ടുകളെടുക്കുമ്പോഴും സൂക്ഷിക്കണം. അഞ്ഞൂറിന്റെയും ആയിരത്തിന്റെയും ഒക്കെ വ്യാജന്മാർ ഇഷ്ടംപോലെ ഇറങ്ങിയിട്ടുണ്ട്.

ഒത്തിരി കറങ്ങിയ ശേഷം ഇത്തിരി നേരം ഇരിക്കാമെന്ന് കരുതി ആറ്റുവക്കിലോ, തോട്ടുവക്കിലോ പോയിരിക്കരുത്. ഇരിക്കുന്നതു മാത്രമേ ഓർമ കാണൂ. കണ്ണുതുറക്കുമ്പോൾ പൈപ്പിലൂടെ കയറി ടിപ്പറിലായിരിക്കും വന്നു വീഴുക. അതാണ് ഞങ്ങളുടെ പുതിയ ഫാഷൻ. ലോകത്ത് ഒരു കുഞ്ഞും അറിയാതെ വസ്തുവും മണ്ണുമെല്ലാം അടിച്ചുമാറ്റുന്ന വിദ്യ. വൻകുതിര ശക്തിയുള്ള മോട്ടോർ ഉപയോഗിച്ചാണ് മണലൂറ്റ്. അങ്ങ് പാതാളത്തിലിരുന്നപ്പോൾ ചിലപ്പോഴൊക്കെ ഇതിന്റെ വൈബ്രേഷൻ അനുഭവിച്ചു കാണും. പാതാളം കുലുങ്ങുന്നതു പോലെ തോന്നിയും കാണും. അത്രയ്ക്കു കുതിരശക്തിയാണ് ഈ മോട്ടോറുകൾക്ക്. ഇതാണ് ഞങ്ങളുടെ കണ്ടുപിടിത്തം.
പഴയതുപോലെ വേഷം മാറാനോ മൂന്നടി അളക്കാനോ ഒന്നും സമയമില്ല. ഒരു സ്വിച്ചിടേണ്ട പാടേയുള്ളൂ മാവേലി. അങ്ങ് വീണ്ടും പാതാളത്തിലെത്തും.

അപ്പോൾ ശുഭയാത്ര.. ■



മുരളീധരൻ തഴക്കര

പരമ്പര: 33

# തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

*മലയാളിയുടെ മനസ്സിൽ കുടയെന്നാൽ വളഞ്ഞ പിടിയോടുകൂടിയ വലിയ കാലുള്ള കാലൻ കുടയാണാദ്യം വരിക. പ്രായമായവർ മഴയുള്ളപ്പോൾ മാത്രമല്ല സാധാരണ യാത്രയിൽപ്പോലും ഒരു തുണയായി, ബലമായി കൈയ്യിൽ കരുതുന്ന കാലൻകുട. വേണമെങ്കിൽ കാലിടറാതെ ഒന്നു കുത്തി നടക്കാനും ഉപയോഗിക്കാം.*

*ഇപ്പോൾ മഴയെത്തും മുമ്പേ കുടയെത്തും. കുടയുടെ കണ്ണഞ്ചിപ്പിക്കുന്ന ഇമ്പമാർന്ന പരസ്യങ്ങൾ നിരന്തരം കേട്ടുകേട്ട് നമ്മുടെ കുഞ്ഞുങ്ങൾ അത് പാടി നടക്കുന്നു. മൂന്നായും നാലായും മടക്കി പാന്റിന്റെ കീശയിലോ തീരെ ചെറിയ വാനിറ്റി ബാഗിലോ തിരുകാൻ കഴിയുന്ന സവിശേഷതകളേറെയുള്ള എത്രയോ തരം കുടകൾ ഓലക്കുട, ശീലക്കുട, കാലൻകുട, മുത്തുക്കുട, ഇങ്ങനെയുള്ള കുടകളിൽ നിന്നും റ്റൂ ഫോൾഡ്, ത്രീഫോൾഡ്, അൾട്രാവയലറ്റ് രശ്മികളെ തടയുന്നത്, പാടുന്ന കുട, മഴവിൽകുട- ഇങ്ങനെ കുടകൾ രൂപത്തിലും ഭാവത്തിലുമെല്ലാം അപ്പാടേ മാറിയിരിക്കുന്നു. ഇന്നത്തെ മൊഴിമുത്തുകൾ കുടയെക്കുറിച്ചുള്ളതാണ്. ഇനിയുമേറെയുണ്ടാകാം, അത് വായനക്കാർ കൂട്ടിച്ചേർക്കട്ടെ....*

### ശീലക്കുട

കറുത്ത കോട്ടൺ കോറത്തുണി കൊണ്ടുണ്ടാക്കുന്ന സാധാരണ കുട. ഇപ്പോഴത്തെ പരിഷ്ക്കാരക്കുടകൾ വിപണി കീഴടക്കുന്നതിനു മുമ്പ് ശീലക്കുടകളായിരുന്നു സർവ്വസാധാരണം. പലതായി മടക്കാൻ കഴിയാത്തതായിരുന്നു ഈ കുടകളുടെ പരിമിതി. എന്നാൽ സൂക്ഷിച്ചുപയോഗിച്ചാൽ താരതമ്യേന കൂടുതൽ കാലം ഈടു നില്ക്കുന്നതും ഒരു ചെറിയ കാറ്റടിച്ചാൽ ഒടിഞ്ഞുമടങ്ങുന്നതുമായിരുന്നില്ല.

### കാലൻ കുട

നീണ്ടു വളഞ്ഞ കാലും പിടിയുമുള്ള ഈ കുട പ്രായമായവരുടെ സന്തത സഹചാരിയായിരുന്നു. മഴയായാലും വെയിലായാലും സദാ കാലൻ കുട കൈയിൽ കരുതുന്നത് കാരണവന്മാരുടെ ഒരു ശീലമായിരുന്നു. അത്യാവശ്യം നിലത്തൂന്നി നടക്കുവാനും നായയോ മറ്റോ ഉപദ്രവിക്കാൻ വന്നാൽ അവയെ ഓടിക്കുവാനും കാലൻകുടകൾ സഹായകമായിരുന്നു. പണ്ട് പോസ്റ്റുമാൻമാർ അതായത് 'അഞ്ചലോട്ടക്കാർ' കാൽനടയായി നടന്ന് തപാൽ ഉരുപ്പടികൾ വിതരണം ചെയ്തിരുന്ന കാലത്ത് തെല്ല് വലിപ്പം കൂടുതലുള്ള കാലൻ കുടകളായിരുന്നു അവർ ഉപയോഗിച്ചിരുന്നത്.

### മടക്കു കുടകൾ

മൂന്നായും നാലായും മടക്കാവുന്നതും പാന്റിന്റെ കീശയിലോ, ചെറിയ വാനിറ്റി ബാഗിലോ സൂക്ഷിക്കാവുന്നതുമായ 'ഫോൾഡിംഗ്' കുടകളാണിത്. ഒരു കാലത്ത് വിദേശനാടുകളിൽ നിന്നും നാട്ടിലേക്ക് വരുന്നവർ ഇഷ്ടക്കാർക്ക് സ്നേഹസമ്മാനമായി നൽകിയിരുന്നതു കൊണ്ടാകാം ഇതിന് 'ഫോറിൻ കുട' എന്ന് പറഞ്ഞു പോന്നിരുന്നു. കോട്ടൺ തുണിക്ക് പകരം വെള്ളം പിടിക്കാത്ത വോയിൽ ടെറിക്കോട്ടൺ തുണികൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഈ കുടകൾ വിവിധ നിറങ്ങളിൽ ഇപ്പോൾ സുലഭമാണ്. നല്ല മഴയും കാറ്റുമുള്ളപ്പോൾ ഈ കുട പിടിച്ചു പോയാൽ കാറ്റിന്റെ ശക്തിയാൽ ഇത് മടങ്ങിച്ചുളിഞ്ഞുപോകും എന്നതാണ് പ്രധാന പരിമിതി.

### മുത്തുക്കുട

വിവിധ വർണ്ണങ്ങളിലുള്ള അലങ്കാര തുണികൊണ്ടും വെൽവെറ്റ് തുണികൊണ്ടും നിർമ്മിക്കുന്ന ഈ കുടകൾക്ക് അലക്കിട്ട കുടയെന്നും പറയും. ക്ഷേത്രങ്ങളിലും പള്ളികളിലും ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും ഈ കുടയാണ് ഉപയോഗിക്കുന്നത്. അതുപോലെ സ്വീകരണങ്ങൾക്കും ആഘോഷങ്ങൾക്കും ഘോഷയാത്രകൾക്കും മോടികൂട്ടുവാനും എല്ലാ ചടങ്ങുകളും വർണ്ണാഭമാക്കുവാനും മുത്തുക്കുടകൾ അനുപേക്ഷണീയമായ ഒരു ഘടകമായിരുന്നു.



### മെഴുവട്ടം

ക്ഷേത്രങ്ങളിൽ ദേവീ ദേവന്മാരെ പുറത്തേക്കെഴുന്നെള്ളിക്കുമ്പോൾ പ്രത്യേകിച്ച് 'പറയെടുപ്പ്' തുടങ്ങിയവ നടക്കുമ്പോൾ നീളമുള്ള കാലോടുകൂടിയതും തുണികൊണ്ടു നിർമ്മിച്ചിട്ടുള്ളതുമായ 'വലിയ കുടകൾ' ജീവതയ്ക്ക് മേലെ പിടിക്കുന്നു. വെള്ളത്തുണികൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഈ കുടയുടെ നാലു വശങ്ങളിലേക്കും ചുവന്നതുണി







ഞൊറിഞ്ഞിട്ടിരിക്കും. ഭാരം താരതമ്യേന കുറവുള്ള നാരകം തുടങ്ങിയ തടികളാണ് ഈ കുടയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. ജീവത എഴുന്നെള്ളിച്ച് തുള്ളുന്നതിനൊപ്പം വാദ്യമേളങ്ങളുടെ താളത്തിനൊപ്പം ഈ കുട കറക്കും. ആയാസകരമാണെങ്കിലും ഇതിൽ പ്രാവീണ്യമുള്ളവർക്ക് അനായാസേന ചെയ്യാൻ കഴിയുന്നു.

### കുട നന്നാക്കുന്നവർ

'കുട നന്നാക്കാനുണ്ടോ കുട' എന്ന് ഉച്ചത്തിൽ വിളിച്ചു ചോദിച്ചുകൊണ്ട് തലയിൽ പണി സാധനങ്ങൾ നിറച്ച തടികൊണ്ടുള്ള ചെറിയ പെട്ടിയും, അതിന് മേലെ പഴയ കുടകളും കമ്പികളും മറ്റും ചെറിയ കെട്ടാക്കി വെച്ചിരിക്കും, മഴക്കാലത്തിന് മുമ്പായി നിരത്തുകളിലൂടെ ഇങ്ങനെ കടന്നു പോകുന്നവരെ- അതെ കുട നന്നാക്കുന്നവരെ നമുക്ക് കാണാൻ കഴിയുമായിരുന്നു. കുടയുടെ തുണിമാറ്റി പുതിയ തിടുക, കുടക്കമ്പി മാറ്റുക, കമ്പികെട്ടുക, തുടങ്ങി കുടയുടെ കേടുപാടുകളെല്ലാം പോക്കിത്തരുന്ന കുട നന്നാക്കുന്നവരെ ഇപ്പോൾ വഴിയോരങ്ങളിൽ കാണുവാനില്ല. നഗരങ്ങളുടെ ഏതെങ്കിലും ഒഴിഞ്ഞകോണിൽ എവിടെയെങ്കിലും ഇങ്ങനെ ഒരാളെ കണ്ടാലായി. കുടകൾ കേടായാൽ അത് ഉപേക്ഷിച്ച് പുതിയത് വാങ്ങുകയെന്ന ശീലങ്ങളിലേക്ക് നാം മാറിയപ്പോൾ കുട നന്നാക്കുന്നവരുടെയും ആവശ്യം ഇല്ലാതെയായി. ഉപയോഗിക്കുക വലിച്ചെറിയുക എന്നതാണല്ലോ നമ്മുടെ പുത്തൻ ജീവിത ശൈലി.

### ഓലക്കുട

പനയോലകൊണ്ടുണ്ടാക്കുന്ന കുടകളാണിത്. പല വലിപ്പത്തിലുള്ള ഓലക്കുടകൾ ഉണ്ടായിരുന്നു. ഇങ്ങനെ പനയോലകൊണ്ട് ഓലക്കുടകൾ തയ്യാറാക്കി വില്പന നടത്തി ഉപജീവനം നടത്തിയിരുന്ന സമുദായങ്ങൾ തന്നെയുണ്ടായിരുന്നു. ഓലക്കുടകൾ ഒരു കാലത്ത് ആഢ്യത്തത്തിന്റെയും പ്രാമാണികതയുടെയും അടയാളമായിരുന്നു. ഓലക്കുടകൾ 'മറക്കുടകളായി' ഉപയോഗിച്ചിരുന്നകാര്യവും ഇവിടെ സ്മരണീയമാണ്. എന്നാൽ മലബാർ പ്രദേശങ്ങളിലും വള്ളുവനാട്ടിലും മറ്റും കൃഷിപ്പണികളിലേർപ്പെടുന്നവർ പ്രത്യേകിച്ച് വയലിൽ പണിയെടുക്കുന്നവർ പനയോലയും പാളയും ചേർത്തുണ്ടാക്കുന്ന 'തൊപ്പിക്കുട' ഉപയോഗിച്ചു വന്നിരുന്നു. തൊപ്പി പോലെ തലയിൽ ഉറപ്പിച്ചു നിർത്താവുന്നതു കൊണ്ടാകാം. ഇത് തൊപ്പിക്കുടയായി അറിയപ്പെട്ടത്.

### 'ഇല' കുട

പല രൂപത്തിലും ഭാവത്തിലും നിറത്തിലുമുള്ള നാനാജാതിക്കുടകൾ നമുക്കിന്ന് നിത്യപരിചിതമാണ്. പക്ഷേ പണ്ട് കുടയും ആവശ്യം എന്നതിലുപരി ഒരു ആഡംബരമായിരുന്നു. സാമ്പത്തിക ശേഷിയുള്ളവരാണ് കൂടുതലായും കുട ഉപയോഗിച്ചിരുന്നതും. പഴയകാലത്ത് മഴ നനയാതിരിക്കാൻ പ്രകൃതിയെ തന്നെ ആശ്രയിക്കുകയായിരുന്നു. വാഴയുടെ ഇല, തെല്ല് വലിപ്പം കൂടുതലുള്ള നാക്കില അഥവാ തൂശനില നീളത്തിൽ മുറിച്ചെടുത്ത് മഴ നനയാതെ പിടിക്കുമായിരുന്നു. വെട്ടുചേമ്പിന്റെ ഇലയും തണ്ടുചേർത്ത് മുറിച്ച് അതും കുടയായി പിടിച്ചിരുന്ന ഓർമ്മ പഴയ തലമുറയിൽപെട്ടവർക്കുണ്ടാകും.

### കുടമാറ്റം

പൂരങ്ങളുടെ പൂരം എന്ന് വിശേഷിപ്പിക്കാവുന്ന തൃശൂർ പൂരത്തിലെ നയനാനന്ദകരമായ കാഴ്ചയാണ് 'കുടമാറ്റം'. തെക്കോട്ടിറക്കവും കുടമാറ്റവും എന്നാണ് പറയുക. അതായത് തിരുവമ്പാടി പാറമേക്കാവു ഭഗവതിമാർ തെക്കേ ഗോപുരം വഴി പുറത്തേക്കെഴുന്നള്ളുന്നതാണ് തെക്കോട്ടിറക്കം. പാറമേക്കാവിന്റെ പതിനഞ്ചാനകളും തിരുവമ്പാടിയുടെ പതിനഞ്ചാനകളും അന്യോന്യം അഭിമുഖമായി നിരന്നു നില്ക്കുന്നു. വർണ്ണാഭമായ അലങ്കാരങ്ങളും മേളക്കൊഴുപ്പും ഉണ്ടാകും. തുടർന്ന് കുടമാറ്റം ആരംഭിക്കും. ഒന്നിനു പുറകേ ഒന്നായി വിവിധ നിറത്തിലുള്ള അതിമനോഹരമായ പട്ടുകുടകൾ ആനപ്പുറത്ത് ഉയർത്തി നിവർത്തിക്കാട്ടും. ഒരു കൂട്ടർ ഒരു നിറത്തിലുള്ള കുടകൾ ഉയർത്തുമ്പോൾ മറ്റേക്കൂട്ടർ വേറൊരു നിറത്തിലുള്ളവ പ്രദർശിപ്പിക്കും. വർണ്ണരാജികൾ സമന്വയിക്കുന്ന ഏറെ ചേതോഹരമായ ഒരു കാഴ്ചയാണിത്.

### കുതിര

കുതിരയെന്ന് കേൾക്കുമ്പോൾ അതിവേഗത്തിൽ പാഞ്ഞു പോകുന്ന കുതിരയും കുതിര കുളമ്പടിയും കടിഞ്ഞാണുമൊക്കെയാണ് പെട്ടെന്ന് ഓർമ്മയിൽ വരിക. എന്നാൽ കുട നിവർന്നു നില്ക്കണമെങ്കിലും 'കുതിര' വേണം. കുട നിവർക്കുമ്പോൾ അത് തങ്ങിനില്ക്കുന്നതിന് അതായത് താഴേക്ക് ഊർന്നു പോകാതിരിക്കുന്നതിനായി കുടക്കാലിൽ ഘടിപ്പിച്ചിട്ടുള്ളതും അമർത്തുമ്പോൾ താഴേക്ക് ചേരുകയും വീണ്ടും പൂർവ്വസ്ഥിതിയിൽ പൊന്തിവരുകയും ചെയ്യുന്ന ലോഹനിർമ്മിതമായ ഒരു ഭാഗമാണ് കുതിര. ഇതിനെ കുടകൊളുത്തെന്നും ചില പ്രദേശങ്ങളിൽ പറയാറുണ്ട്. തീരെ മെലിഞ്ഞ് ആരോഗ്യക്കുറവുള്ളവരെക്കുറിച്ച് നാം പറയാറില്ലേ- 'വെറും കുടക്കൊളുത്തുപോലൊരു മനുഷ്യൻ'. പക്ഷേ കുടയുടെ കാര്യത്തിൽ ഈ 'കൃശഗാത്രൻ' പ്രധാനി തന്നെയാണ്. ■

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ*
*പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*



# വാർത്തകളും വിശേഷങ്ങളും

## തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് ചട്ടത്തിൽ ഭേദഗതി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സമ്മതിദായകർക്ക് വോട്ടർ സ്ലിപ്പ് നൽകുന്നത് നിയമസഭ/ലോക് സഭ തെരഞ്ഞെടുപ്പുകളുടെ കാര്യത്തിലെന്നപോലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലയിലാക്കുക, തെരഞ്ഞെടുപ്പുകളിൽ സമ്മതിദായകർക്ക് തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കുക, മത്സരിക്കുന്ന ഒരു സ്ഥാനാർത്ഥി കെട്ടിവയ്ക്കുകയോ കെട്ടിവയ്പ്പിക്കുകയോ ചെയ്യുന്ന നിക്ഷേപ തുകയും സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് ചെലവിന്റെ പരിധിയും കാലാനുസൃതമായി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച പ്രകാരം കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചു.

## പി.എഫ്. സ്റ്റേറ്റ്മെന്റ്

പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ (കെ.പി.ഇപി.എഫ്) 2011-12 വർഷത്തെ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് www.lsgkearala.gov.in, www.kpepflsgkerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ബന്ധപ്പെട്ട രേഖകൾ സഹിതം പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകണം.

## ധനസഹായം അനുവദിച്ചു

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ശയ്യാവലംബരായി വീടിനുള്ളിൽതന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസ കിരണം പദ്ധതിയിൽ മാനസിക രോഗികളെ പരിചരിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളെയും കൂടി ഉൾപ്പെടുത്തി അവർക്ക് 400/ രൂപ (നാന്നൂറ് രൂപ മാത്രം) പ്രതിമാസധനസഹായം അനുവദിച്ച് ഉത്തരവായി.

## ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം വിശദാംശങ്ങൾ പരസ്യപ്പെടുത്തണം

കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളും 150 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസേതര കെട്ടിടങ്ങളും നിർമ്മിക്കുമ്പോഴും ഭൂവികസനങ്ങൾ നടത്തുമ്പോഴും ഇനിമുതൽ നിർമ്മാണങ്ങളോ ഭൂവികസനങ്ങളോ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരസ്യ പ്രദർശനങ്ങൾ വഴി (ഹോർഡിംഗ് മുഖേന) ഉടമസ്ഥർ/ഡെവലപ്പർ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. പരസ്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ തീർച്ചയായും ഉൾപ്പെടുത്തേണ്ടതാണ്.


1. ഉടമസ്ഥന്റെയും ഡവലപ്പറുടെയും/കോൺട്രാക്ടറുടെയും പേരും പൂർണ്ണ മേൽവിലാസവും ഫോൺ നമ്പർ സഹിതം.
2. ലേ-ഔട്ട് അംഗീകാരത്തിന്റെ നമ്പരും തീയതിയും അല്ലെങ്കിൽ പ്ലോട്ടിന്റെ ഉപയോഗത്തിന്റെയും കെട്ടിടത്തിന്റെ ലേ-ഔട്ടിന്റെയും അംഗീകാരത്തിന്റെ നമ്പറും തീയതിയും, ഏതാണോ ബാധകമായിട്ടുള്ളത്, ആയത്.
3. വികസന പെർമിറ്റിന്റെയും, കെട്ടിട നിർമ്മാണ പെർമിറ്റിന്റെയും നമ്പരും തീയതിയും,
4. പെർമിറ്റുകൾ നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്.
5. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി ഏതു തീയതി വരെയാണ്.
6. പെർമിറ്റ് ലഭിച്ചിട്ടുള്ള നിലകളുടെ എണ്ണം.
7. നിർമ്മാണത്തിന്റെ ഉപയോഗം (ഓക്യുപ്പെൻസി) ഒന്നിലധികം ഉപയോഗങ്ങൾ ഉള്ള പക്ഷം അവ ഏതൊക്കെ നിലകളിലാണെന്നും അവയുടെ ഏരിയയും ഉപയോഗവും വ്യക്തമാക്കണം.
8 പെർമിറ്റുകളിൽ നിബന്ധനകളെന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ.
9. നിർമ്മാണത്തിന്റെ കവറേജും എഫ്.എ.ആറും.
10. ഗ്രൂപ്പ്-എ1 ഓക്യുപ്പെൻസിയിൽ ഉൾപ്പെടുന്ന അപ്പാർട്ടുമെന്റ് ഹൗസുകൾ/ഫ്ളാറ്റുകളുടെ സംഗതിയിൽ അവയുടെ വിസ്തീർണ്ണത്തോടൊപ്പം കെട്ടിടത്തിന്റെ അകത്തും പുറത്തുമുള്ള റിക്രിയേഷണൽ സ്പെയ്സിന്റെ (വിശ്രമ വിനോദാവശ്യസ്ഥലത്തിന്റെ) വിസ്തീർണ്ണം.
11. പാർക്കിംഗിന്റെയും ലോഡിംഗ് അൺലോഡിംഗ് സ്ഥലങ്ങളുടെയും എണ്ണവും അവയുടെ വിസ്തീർണ്ണവും.
12. സൈറ്റിലേക്കും കെട്ടിടത്തിലേക്കുമുള്ള വഴിയുടെ കുറഞ്ഞ വീതി.
13. അപ്പാർട്ടുമെന്റ്/ഫ്ളാറ്റുകളിൽ താമസാവശ്യത്തിനല്ലാതെയുള്ള ഓക്യുപ്പെൻസി ഉള്ള പക്ഷം അവയുടെ വിശദാംശങ്ങൾ.

ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ നിർമ്മാണങ്ങളോ/ഭൂവികസനങ്ങളോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത നിർമ്മാണം/ഭൂവികസനം ഉടനടി നിർത്തി വയ്ക്കുവാൻ നോട്ടീസ് നൽകേണ്ടതാണ്. (സർക്കുലർ നം.33150/ആർ.എ1/2012/തസ്വഭവ, തീയതി 25.07.2012)

## വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന – മരണ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖ

വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർകോഡോടുകൂടിയ ജനന-മരണ സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ആധികാരിക രേഖയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ. (കൈ) നം. 202/2012/തസ്വഭവ, തീയതി 25.07.2012).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.


ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033